ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 09 ഫെബ്രുവരി 2017 ലക്കം 02

# തലശ്ശേരി അതിരൂപതാ ബുള്ളറ്റിൻ

# THALASSERY ARCHDIOCESAN BULLETIN

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


1. Prot. No. 88/17; Circular No. 02/2017 ........ 7
2. കെസിബിസി സർക്കുലർ – തിരുബാലസഖ്യദിനം ........ 11
3. Prot. No.87/17; Pastoral Letter No. 07 ........ 15
4. കെസിബിസി സർക്കുലർ ........ 21
5. Prot. No.91/17; Circular No. 03/2017 വിജ്ഞാപനം ........ 23
6. കച്ചേരിക്കാര്യം ........ 27
7. തലശ്ശേരി അതിരൂപതായോഗം ........ 33
8. വിശ്വാസപരിശീലനം ........ 34
9. ഇന്റർനെറ്റ് മിഷൻ ........ 37
10. ബൈബിൾ അപ്പൊസ്റ്റലേറ്റ് ........ 38
11. ചെറുപുഷ്പ മിഷൻലീഗ് ........ 44
12. തിരുബാലസഖ്യം ........ 48
13. യുവജനശുശ്രൂഷ ........ 50
14. കുടുംബ പ്രേഷിതത്വം ........ 53
15. വിദ്യാഭ്യാസ ഏജൻസി ........ 57
16. വിമൽജ്യോതി വാർത്തകൾ ........ 61
17. നിർമ്മലഗിരി കോളേജ് ........ 64
18. ഇൻഫാം വാർത്തകൾ ........ 66
19. എകെസിസി ........ 68
20. കെസിബിസി മദ്യവിരുദ്ധ സമിതി ........ 73
21. പ്രതീക്ഷ വാർത്തകൾ ........ 76
22. സാമൂഹ്യസേവനവേദി ........ 78
23. ധ്യാനകേന്ദ്രങ്ങളിലൂടെ ........ 83
24. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 84
25. Programme of the Archbishop Mar George Njaralakatt ........ 88
26. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........ 90
27. Programme of the Abp. Emeritus Mar George Valiamattam ........ 92

**Prot. No. 88/17; സർക്കുലർ നമ്പർ 02/2017**

# വത്സലപിതാവ് കുഞ്ഞുങ്ങളോട്...

ഈശോയിൽ ഏറ്റവും പ്രിയപ്പെട്ട വത്സല മക്കളേ,

2017 വർഷത്തിൽ ഒട്ടേറെ പുത്തൻ ചിന്തകളും തീരുമാനങ്ങളുമായി നാം ജീവിതം ആരംഭിച്ചിരിക്കുകയാണല്ലോ. പുതുവർഷത്തിന്റെ എല്ലാ മംഗളങ്ങളും പ്രാർത്ഥനാശംസകളും വളരെ സ്നേഹപൂർവ്വം നിങ്ങൾക്കെല്ലാവർക്കും നേരുന്നു. ക്രിസ്തുമസ്സ് അവധിയൊക്കെ കഴിഞ്ഞ് ക്ലാസ്സുകളൊക്കെ പതിവുപോലെ ആരംഭിച്ചുകാണുമല്ലോ. പരീക്ഷയ്ക്ക് എല്ലാവർക്കും നല്ല മാർക്ക് ലഭിച്ചു എന്ന് വിചാരിക്കുകയാണ്. ക്രിസ്തുമസ്സിനോടനുബന്ധിച്ച് നാം നടത്തിയ "E" നോമ്പ് നിങ്ങളെല്ലാവരും വളരെ ഉത്സാഹത്തോടുകൂടി സ്വീകരിക്കുകയും അനുദിന ജീവിതത്തിൽ പാലിക്കാൻ ശ്രമിക്കുകയും ചെയ്തതിൽ ഞാൻ സന്തോഷിക്കുകയും നിങ്ങളോരോരുത്തരെയും അഭിനന്ദിക്കുകയും ചെയ്യുന്നു. ഒത്തിരിയേറെ കൂട്ടുകാരും ചില മാതാപിതാക്കളും നിങ്ങളുടെ ബഹു. വികാരി അച്ചൻമാരും എനിക്ക് മറുപടി എഴുതുകയുണ്ടായി. അവരെ എല്ലാവരെയും ഞാൻ നന്ദിയോടെ അനുസ്മരിക്കുന്നു.

ക്രിസ്തീയ വിശ്വാസത്തിൽ വളരുന്ന കുട്ടികളായ നിങ്ങൾ ജീവിതത്തിൽ സ്വന്തമാക്കേണ്ട ഒരു അടിസ്ഥാനപരമായ ബോധ്യത്തെക്കുറിച്ചാണ് ഈ മാസം നിങ്ങൾക്കെഴുതാനാഗ്രഹിക്കുന്നത്. അത് മറ്റൊന്നുമല്ല, "അഭിമാനിക്കുന്നവൻ കർത്താവിൽ അഭിമാനിക്കട്ടെ" എന്ന വിഷയമാണ് (1കോറി 1:31). ഞാനൊരു ക്രിസ്ത്യാനിയാണ് എന്നതിൽ ജീവിതത്തിന്റെ ഏത് അവസ്ഥയിലായിരുന്നാലും നിങ്ങൾക്ക് അഭിമാനിക്കാൻ സാധിക്കണം എന്നാണ് ഞാൻ ആഗ്രഹിക്കുന്നത്.

മനുഷ്യരായ നമ്മുടെ എല്ലാവരുടെയും ജീവിതത്തിൽ സംഭവിക്കുന്ന മൂന്ന് കാര്യങ്ങളാണ് ജനിക്കുക, ജീവിക്കുക, മരിക്കുക എന്നുള്ളത്. ജനനം നമുക്കാർക്കും ഒരിക്കലും മുൻകൂട്ടി തീരുമാനിക്കാനാവില്ല, കാരണം നമ്മുടെ മാതാപിതാക്കളെ, ജനിക്കുന്ന കുടുംബത്തെ, ഒന്നും തീരുമാനിക്കുന്നത് നമ്മളല്ല. എന്തെന്നാൽ അത് പൂർണ്ണമായും ദൈവനിശ്ചയമാണ്. എന്നാൽ ജീവിക്കുക, മരിക്കുക എന്നുള്ളത് തീർച്ചയായും നമ്മുടെ ചില തീരുമാനങ്ങളുമായി ബന്ധപ്പെട്ടാണ് നിൽക്കുന്നത്. എങ്ങനെ ജീവിക്കുന്നു എന്നതനുസരിച്ചാണ് എങ്ങനെ മരിക്കുന്നുവെന്ന് നിശ്ചയിക്കപ്പെടുക. അതായത് നന്നായി ജീവിച്ചാൽ നല്ല

മരണം. മോശമായി ജീവിച്ചാൽ മോശം മരണം. മരിക്കുന്നതിനുമുമ്പ് നമ്മുടെയെല്ലാവരുടെയും ജീവിതത്തിന് അർത്ഥം നൽകുന്ന, ജീവിക്കാൻ പ്രത്യാശ നൽകുന്ന ഒന്നാണ് ദൈവവിശ്വാസം. നമ്മുടെ നല്ലവരായ മാതാപിതാക്കളിലൂടെ നമുക്ക് പകർന്നുകിട്ടിയ ഏറ്റവും വലിയ സമ്പത്താണ് നമ്മുടെ ദൈവവിശ്വാസം. ക്രിസ്തീയ കുടുംബത്തിൽ ജനിച്ചതിനാൽ ലോകത്തിൽ മറ്റാർക്കും ലഭിക്കാത്ത ഏറ്റവും വലിയ ഒരു ഭാഗ്യം നമുക്ക് ലഭിച്ചിട്ടുണ്ട്. അതായത് നീ ജനിച്ചതും ജീവിക്കുന്നതും മരിക്കുന്നതും ഈശോയിലാണ് എന്നുള്ളത്. നമ്മൾ വിശ്വസിക്കുന്നതും ആരാധിക്കുന്നതും ഈ ഭൂമിയിലെ പാമ്പിനെയോ തേളിനേയോ അല്ല, മറിച്ച് ഇന്നും ജീവിക്കുന്ന ലോകരക്ഷകനായ ഈശോയേയാണ്. ഈ വലിയ ബോധ്യത്തിൽനിന്നാണ് വി.പൗലോസ് ശ്ലീഹ പറഞ്ഞത് "അഭിമാനിക്കുന്നവൻ കർത്താവിൽ അഭിമാനിക്കട്ടെ" എന്ന്.

ഈ അടുത്ത നാളിൽ 12-ാം ക്ലാസ്സിലെ തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കുവേണ്ടിയുള്ള പ്രതിഭാസംഗമത്തിനിടയിൽ അലക്സാണ്ടർ എന്ന കൂട്ടുകാരൻ അവന്റെ പന്ത്രണ്ടു വർഷത്തെ മതപഠനജീവിതാനുഭവം പങ്കുവച്ചത് നമുക്കെല്ലാവർക്കും ഏറെ പ്രചോദനാത്മകമാണ്. കാരണം അവൻ പഠിക്കുന്ന സ്കൂളിൽ ഒരേയൊരു ക്രിസ്ത്യാനിക്കുട്ടി മാത്രമേ ഉള്ളൂ. ജീവിതത്തിൽ വ്യത്യസ്തമായ പ്രലോഭന സാഹചര്യങ്ങൾ ഉണ്ടായപ്പോൾ ഒറ്റയ്ക്ക് പിടിച്ചുനിൽക്കാൻ അവനെ പ്രേരിപ്പിച്ച ഏകവികാരം അവൻ ഒരു ക്രിസ്ത്യാനി ആണെന്നതായിരുന്നു. കൂട്ടുകാർ പലപ്പോഴും കളിയാക്കിയപ്പോഴും ഈശോയിലുള്ള അവന്റെ വിശ്വാസം പരസ്യമായി പ്രഘോഷിക്കാൻ അവൻ പരിശ്രമിച്ചിരുന്നു. പ്രിയപ്പെട്ട കൂട്ടുകാരേ, ഈ പ്രായത്തിനിടയിൽ നിങ്ങളുടെ കൂട്ടുകാർക്കിടയിൽ ഈശോയേക്കുറിച്ച് പറയാൻ ശ്രമിക്കാറുണ്ടോ? പന്ത്രണ്ടാം ക്ലാസ്സ് കഴിഞ്ഞ് മതബോധനം അവസാനിപ്പിക്കുമ്പോൾ പാഠപുസ്തകത്തിലെ ഈശോയ്ക്കപ്പുറത്ത് ജീവിതത്തിൽ എത്രത്തോളം ഈശോയെ നമ്മൾ സ്വന്തമാക്കുന്നുണ്ട് എന്നത് എല്ലാവരും ചിന്തിക്കേണ്ട ഒരു വിഷയമാണ്.

പ്രലോഭനങ്ങളും പ്രതിസന്ധികളും ഉണ്ടാകുമ്പോഴാണ് ഈശോയിലുള്ള വിശ്വാസം, പ്രത്യേകിച്ച് ഞാൻ ഒരു ക്രിസ്ത്യാനിയാണെന്നുള്ളത് നമ്മൾ പ്രഘോഷിക്കേണ്ടത്. കൂട്ടുകൂടി തിന്മചെയ്യാൻ പ്രേരിപ്പിക്കപ്പെടുമ്പോൾ പ്രത്യേകിച്ച് സ്കൂളിൽ കോപ്പിയടിക്കാൻ, കട്ടെടുക്കാൻ, സമരംചെയ്യാൻ, ആരെയെങ്കിലും ഉപദ്രവിക്കാൻ, സാമൂഹ്യമായ തിന്മകൾ ചെയ്യുവാൻ, മദ്യപാനമോ, പുകവലിയോ മറ്റ് അശ്ലീല പ്രവൃത്തി

കളോ ചെയ്യാൻ നിർബന്ധിക്കപ്പെടുമ്പോൾ ഒറ്റപ്പെടുമോ എന്ന ഭയമില്ലാതെ ചങ്കുറപ്പോടെ മാറിനിൽക്കാൻ ചങ്കൂറ്റം കാണിക്കുന്നവരായിരിക്കണം നിങ്ങൾ. അവിടെയാണ് ഞാനൊരു ക്രിസ്ത്യാനിയാണെന്നതിൽ നിങ്ങൾ അഭിമാനിതരാകേണ്ടത്. ഈജിപ്തിൽ ഐ.എസ് തീവ്രവാദികൾ കഴുത്തറുത്ത ആ ഇരുപത്തൊന്ന് ചെറുപ്പക്കാരും ഉയർന്ന ശിരസ്സോടെ ധൈര്യപൂർവ്വം നിന്നതിനുപിന്നിൽ ഒറ്റ കാരണം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒരു ക്രിസ്ത്യാനി ആണെന്നതിൽ അവർ അഭിമാനിച്ചിരുന്നു. അതായത്, തങ്ങൾ ജീവിച്ചതും മരിക്കുന്നതും ക്രിസ്തുവിലാണെന്ന ഉറച്ചബോധ്യം അവർക്കുണ്ടായിരുന്നു.

വിദ്യാർത്ഥികളെന്ന നിലയിൽ ഒരുപാട് സംഘർഷങ്ങളിലൂടെയായിരിക്കും നിങ്ങൾ സ്കൂളിലും മറ്റിടങ്ങളിലും പലപ്പോഴും കടന്നുപോകുന്നത്. വ്യത്യസ്ത മതവിഭാഗങ്ങളിലുള്ള കൂട്ടുകാർ നിങ്ങൾക്കുണ്ടായിരിക്കും. നമ്മുടെ ക്രിസ്തീയ വിശ്വാസമനുസരിച്ച് തെറ്റാണെന്ന് നിങ്ങൾക്കറിയാവുന്ന പലകാര്യങ്ങളും കുഴപ്പമില്ലായെന്ന് പറഞ്ഞ് ചെയ്യുന്ന കൂട്ടുകാരെ നിങ്ങൾ കണ്ടേക്കാം. അത്തരം സാഹചര്യത്തിൽ വിശ്വാസം ഉപേക്ഷിക്കാനോ എന്തിന്, ചിലപ്പോൾ ഞാനൊരു ക്രിസ്ത്യാനിയാണെന്ന് പറയാൻപോലും മടിക്കുന്ന സന്ദർഭങ്ങൾ നിങ്ങളുടെ ജീവിതത്തിൽ ഉണ്ടായേക്കാം. ഇവിടെയാണ് നല്ല ബോധ്യത്തോടുകൂടെ നമ്മൾ വേദപാഠ പഠനം നടത്തേണ്ടതിന്റെ ആവശ്യകത, നമ്മുടെ സഭയുടെ ശ്രേഷ്ഠത നാം മനസ്സിലാക്കേണ്ടത്. ലോകത്തിൽ സ്നേഹിക്കാൻമാത്രം പറയുന്ന, ക്ഷമിക്കാൻ പഠിപ്പിക്കുന്ന, സഹോദരനുവേണ്ടി സഹിക്കാൻ, എന്തിന്, മരിക്കാൻവരെ പ്രേരിപ്പിക്കുന്ന ഒരു മതമുണ്ടെങ്കിൽ അത് നമ്മുടെ ക്രിസ്തീയ മതം മാത്രമാണ്. കാരണം നമ്മുടെ മാതൃക സ്നേഹിതനുവേണ്ടി മരിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന് പഠിപ്പിച്ച ഈശോയാണ്. കൊല്ലാനല്ല, സ്നേഹിക്കാനാണ് ഈശോ നമ്മെ പഠിപ്പിച്ചത്.

ആയതിനാൽ ക്രിസ്തീയ വിശ്വാസത്തിൽ വളരുന്ന കുട്ടികളെന്ന നിലയിൽ എനിക്ക് വളരെ സ്നേഹപൂർവ്വം ഒരു കാര്യം നിങ്ങളെ ഓർമിപ്പിക്കാനുണ്ട്. കൊച്ചുകൊച്ചു ലാഭങ്ങൾക്കുവേണ്ടി ഒരിക്കലും വിശ്വാസത്തെ ഉപേക്ഷിക്കരുത്. തുടർപഠനത്തിനും ജോലിക്കുംവേണ്ടി വീടിന് പുറത്തേക്ക് പോകുമ്പോൾ തെറ്റായ സ്നേഹബന്ധങ്ങളുടെ പേരിൽ ഈശോയെ ഉപേക്ഷിച്ച് പോകുന്ന കുട്ടികൾ നമ്മുടെ നാട്ടിലുമുണ്ട്. ദീർഘവർഷങ്ങളിൽ മാതാപിതാക്കളിൽനിന്നും വേദപാഠ ക്ലാസ്സുകളിൽനിന്നും നാം സ്വന്തമാക്കിയ ഇശോയേക്കുറിച്ചുള്ള അറിവും വ്യക്തി

പരമായ ജീവിതത്തിൽ നിങ്ങൾക്കുണ്ടായിട്ടുള്ള ഈശോ അനുഭവങ്ങളും മറന്നുപോകരുത് എന്ന് ഓർമിപ്പിക്കട്ടെ. കാരണം ഇന്ന് നിനക്കുള്ളതെല്ലാം ഈശോ തന്നതാണ്. ബുദ്ധി നാളെ നമുക്ക് നഷ്ടപ്പെട്ടേക്കാം. ആരോഗ്യം ക്ഷയിച്ചുപോയേക്കാം. സൗന്ദര്യം നഷ്ടപ്പെട്ടേക്കാം. സൗഹൃദങ്ങൾ തകർന്നുപോയേക്കാം. സമ്പത്ത് കൈമോശം വന്നേക്കാം. പക്ഷേ ഒടുവിലായി മരണത്തിലും മരണശേഷവും നമ്മുടെ ആത്മാവിനെ രക്ഷിക്കുന്നത് ഈശോ മാത്രമാണ്. അതുകൊണ്ട് കുട്ടികളായ നിങ്ങൾക്കും പറയാൻ കഴിയണം ഒരു ക്രിസ്ത്യാനി ആയതിൽ ഞാൻ അഭിമാനിക്കുന്നു, ഞാൻ എന്റെ ഈശോയിൽ വിശ്വസിക്കുന്നു എന്ന്. അതിന് നിങ്ങൾക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഒപ്പം മുതിർന്ന ക്ലാസ്സുകളിലെ, പ്രത്യേകിച്ച് പത്ത്, പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകളിലെ എല്ലാ കൂട്ടുകാർക്കും നല്ല ഒരു പരീക്ഷ ഒരുക്ക കാലവും പ്രാർത്ഥനയും ആശംസിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**

24-01-2017 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്താ

---

**പ്രത്യേക ശ്രദ്ധക്ക് :** ഈ സർക്കുലർ 2017 ഫെബ്രുവരി 5-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകദൈവാലയങ്ങളിലും കുട്ടികൾക്കുവേണ്ടിയുള്ള വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

Ref: 3000/K 35/OL/KCBC/DS 18.01.2017

## 2017 ഫെബ്രുവരി 12 തിരുബാലസഖ്യദിനം

**കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരീ സഹോദരന്മാരെ,

മറ്റൊരു തിരുബാലസഖ്യദിനംകൂടി സമാഗതമായിരിക്കുന്നു. നസ്രായനായ യേശുവിന്റെ ബാല്യത്തെ സ്മരിച്ചുകൊണ്ട് നമുക്കു ചുറ്റുമുള്ള ഓരോ ബാല്യവും തിരുബാല്യങ്ങളാക്കി മാറ്റേണ്ട ആവശ്യകതയെക്കുറിച്ചാണ് നാം ധ്യാനിക്കേണ്ടത്. കുട്ടികളെ വളർത്തി വലുതാക്കി സഭയ്ക്കും സമൂഹത്തിനും ഉപകാരപ്രദവും പരമോന്നതനായ ദൈവത്തിന്റെ ഉപരിമഹത്വത്തിനായി സമർപ്പിക്കുകയെന്നതുമാണ് മാതാപിതാക്കളുടെയും മുതിർന്നവരുടെയും കടമ. അതിനാൽത്തന്നെ തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ തിരുബാലസഖ്യ കൂട്ടായ്മയിലെ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ആശംസകൾ നേരുന്നതോടൊപ്പം സഭാഗാത്രത്തിലെ എല്ലാ മാതാപിതാക്കൾക്കും മുതിർന്നവർക്കുമായി ചില ചിന്തകൾ ധ്യാനപൂർവ്വം പങ്കുവയ്ക്കുകകൂടി ചെയ്യട്ടെ.

നാലാം പ്രമാണത്തിന്റെ അന്തഃസത്ത മനസ്സിലാക്കിക്കൊണ്ട് കത്തോലിക്കാസഭയുടെ മതബോധനങ്ങൾ അനുശാസിക്കുന്നതനുസരിച്ച് തിരുവചനത്തിലധിഷ്ഠിതമായ ചിന്താശകലങ്ങളാണ് ഇവിടെ ധ്യാനവിഷയമാകുന്നത്.

മത്താ. 2,11: ‘‘അവർ ഭവനത്തിൽ പ്രവേശിച്ച് ശിശുവിനെ അമ്മയായ മറിയത്തോടുകൂടി കാണുകയും അവനെ കുമ്പിട്ട് ആരാധിക്കുകയും ചെയ്തു. നിക്ഷേപപാത്രങ്ങൾ തുറന്ന് പൊന്നും കുന്തുരുക്കവും മീറയും കാഴ്ചയർപ്പിച്ചു”. മത്താ. 2,21: “അവൻ എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി ഇസ്രായേൽ ദേശത്തേക്കു പുറപ്പെട്ടു”.

ലോകരക്ഷകൻ ഇല്ലായ്മയുടെയും ഭീതിയുടെയും നിഴലിൽ ഭൂമിയെ പുൽകുന്ന ഒരു രംഗത്തിലെ രണ്ടു ഭാവങ്ങളാണ് മുകളിൽ ഉദ്ധരിച്ചത്. ഈ തിരുവചനഭാഗങ്ങൾ നല്കുന്ന ചില പ്രകാശകിരണങ്ങൾ നമുക്ക് പരിശോധിക്കാം.

1. ജ്ഞാനികൾ ഭവനത്തിൽ പ്രവേശിച്ചു: ഭവനമെന്ന രീതിയിൽ ഇവിടെ പരാമർശിക്കുന്നത് ഒരു കാലിസങ്കേതമാണെന്നും ഒരു സത്രമൊ, സ്വന്തം ഭവനമൊ അല്ലെന്നും തിരുവചനം സൂചന നല്കുന്നു. സമ്പത്തിന്റെയോ സ്ഥലമഹിമയുടെയോ പാരമ്പര്യത്തിന്റെയോ

പ്രാഭവമല്ല ഭവനമെന്ന ഒരു ഇടം സമ്മാനിക്കുന്നത്. മറിച്ച് അപ്പനും അമ്മയും പൈതലും സ്നേഹത്തിൽ ഒരുമിക്കുന്ന ഇടമാണ്. അത്തരത്തിൽ തെരുവിന്റെ തീരങ്ങൾവരെ സ്നേഹഭവനമാവുകയും മണിമാളികകൾ സ്പന്ദനം നിലച്ച് ശൈത്യം പിടിച്ചുപോയ കെട്ടിട കൂട്ടങ്ങൾ ആകുകയും ചെയ്യുന്നുണ്ട്. ജ്ഞാനികൾക്ക് കടന്നു വരുവാൻ സാധിക്കുംവിധം നമ്മുടെ കുടുംബങ്ങളെ ഭവനങ്ങളാക്കേണ്ടതുണ്ട്. ഓരോ കുടുംബത്തിലും വളർന്നു വരുന്ന പൈതങ്ങളും കുട്ടികളും ജ്ഞാനികളുടെയും ദൈവവീക്ഷണമുള്ളവരുടെയും കാഴ്ചപ്പാടിൽ യോഗ്യതയുള്ളവരാകുകയും ചെയ്യേണ്ടതുണ്ട്. വിവേകമുള്ളവർ തിരിച്ചറിയും, വളർന്നുവരുന്നത് തിരുബാല്യങ്ങൾ തന്നെയാണോ എന്ന്.

2. യേശുവിനെ അമ്മയായ മറിയത്തോടുകൂടി കണ്ടു: ആധുനിക സമൂഹത്തിലെ ഒരു വലിയ വെല്ലുവിളിയായി ഇത് മാറിയിട്ടുണ്ടെന്നാണ് നിഗമനം. പല കാരണങ്ങളാൽ കുട്ടികളിൽനിന്നും അകന്നു ജീവിക്കുന്ന അമ്മമാരുടെ എണ്ണം ക്രമാനുഗതമായി വർദ്ധിച്ചുവരുന്നുണ്ട്. കുടുംബത്തിന്റെ സാമ്പത്തിക സുരക്ഷിതത്വത്തിനുവേണ്ടി മറുനാടുകളിലും അകലങ്ങളിലും ജീവിക്കുന്ന അമ്മമാർക്ക് ഈ അകലം തികച്ചും വേദനാജനകം തന്നെയാവാം. എന്നാൽ അതോടൊപ്പം സാമ്പത്തിക ഭദ്രതയ്ക്കും സോഷ്യൽസ്റ്റാറ്റസിനുംവേണ്ടി അകന്നു താമസിക്കുന്നവരുമുണ്ട്. പക്വതയോടെ മക്കളുടെ വളർച്ചയ്ക്കുവേണ്ടി തീരുമാനമെടുക്കേണ്ടിവരുമ്പോൾ ശ്രദ്ധാപൂർവ്വം അതു ചെയ്യുവാൻ സാധിക്കട്ടെയെന്നാണ് പ്രാർത്ഥന.

ഇന്നുകളുടെ നൊമ്പരമായി മാറുന്നത് ഒരേ കൂരയ്ക്കു കീഴിലായിരുന്നിട്ടും അകന്നുജീവിക്കുന്ന അമ്മമാരെയും മക്കളെയും കാണുമ്പോഴാണ്. കൊച്ചുകുട്ടികളെപോലും ഇന്ന് കൂടുതലായി കാണുന്നത് അമ്മയുടെ കൂടെയല്ല, മറിച്ച്, ടിവിയുടെയും സ്മാർട്ട് ഫോണിന്റെയും കൂടെയാണ്. ഇവയൊക്കെയും സാങ്കേതികതലത്തിൽ ഇവരുടെ ബുദ്ധിവികാസത്തിന് ഉപകരിക്കുമെങ്കിലും അനിയന്ത്രിതമായ ഉപയോഗം ശാരീരികമായും മാനസികമായും ആത്മീയമായും കുട്ടികളെ നല്ലതല്ലാത്ത രീതിയിൽതന്നെ ബാധിക്കുന്നുണ്ട്. കൂടുതൽ സ്വാർത്ഥലോകത്തേയ്ക്ക് അവർ ഒതുങ്ങുകയും ആത്മീയതയുടെ അടിസ്ഥാനങ്ങൾ ഇല്ലാതാവുകയും ചെയ്യും. ചിന്താലോകത്തു വളർന്നുവരുന്ന കുട്ടികളുടെ ബോദ്ധ്യതലങ്ങൾ രൂപപ്പെടേണ്ടിടത്ത് വിവരസാങ്കേതികത അമ്മയ്ക്കുപകരംനിന്നാൽ ശിഥിലമാവുക കുടുംബങ്ങളായിരിക്കും. താൽക്കാലിക ലാഭത്തിനുവേണ്ടിയും സ്വസ്ഥതയ്ക്കുവേണ്ടിയും ഇത്തരം ശീലങ്ങൾ കുട്ടികളിൽ വളർത്തി യാൽ അതേ ദുഃശ്ശീലങ്ങൾ വളർന്ന് ഭാവിയുടെ കണ്ണീരായി മാറുമെന്ന തിരിച്ചറിവുണ്ടാകണം.

3. ജ്ഞാനികൾ ശിശുവിനെ ആരാധിക്കുകയും കാഴ്ചകൾ അർപ്പിക്കുകയും ചെയ്തു: ആന്തരിക ജ്ഞാനമുള്ളവർ എളിമയുടെ താഴ്ചകളിൽപോലും ഔന്നത്യങ്ങളും യഥാർത്ഥമൂല്യങ്ങളും തിരിച്ചറിയും. ഇന്നിന്റെ സാമൂഹിക സമ്പർക്ക മാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. സ്വയം വെളിപ്പെടുത്തുക, സ്വന്ത വിചാരങ്ങൾപോലും കാറ്റത്തു വിതറുന്ന പഞ്ഞിപോലെ 'നെറ്റിൽ' ഇടുക എന്നതുമൊക്കെ ഇന്നിന്റെ രീതികളാണ്. പ്രൗഢിയുടെയും പരസ്യത്തിന്റെയും പിന്നിൽ ഒത്തിരി ഏകാന്തതകൾ ഒളിച്ചിരിക്കുന്നുണ്ടാകാം. ഉയർന്നുവരുന്ന ആത്മഹത്യാനിരക്കുകളും വിവാഹ മോചനങ്ങളും ശ്രദ്ധാപൂർവ്വം വിശകലനം ചെയ്യപ്പെടേണ്ടതാണ്. അതോടൊപ്പം എളിമയുടെയും വിനയത്തിന്റെയും നാൾവഴികളിൽ ഒരു ശിശുവിനെത്തേടിപ്പോലും ജ്ഞാനികൾ വരികയും ആ എളിമപ്പെട്ട ശിശുവിന്റെ മുന്നിൽ താണുവണങ്ങി ആരാധിക്കുകയും ചെയ്യുന്നു എന്നും നാം തിരിച്ചറിയുന്നു. സ്വയം പ്രദർശിപ്പിക്കുക, കിട്ടുന്ന ലൈക്കുകളുടെ എണ്ണം നോക്കി സ്വന്തം മൂല്യമളക്കുക തുടങ്ങിയ നിസ്സംഗമല്ലാത്ത പ്രവർത്തനരീതികൾ വികലമായ ഭാവിയാണ് നിർമ്മിക്കുന്നത്. കുഞ്ഞുമക്കൾ സ്വയം പ്രദർശിപ്പിച്ച് ജനശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബത്തെതന്നെയും കൊത്തിവിഴുങ്ങാൻ കഴിവുള്ള കഴുക നയനങ്ങളും സർവ്വതും വീക്ഷിക്കുന്നുണ്ടെന്നത് തിരിച്ചറിയുന്നത് നല്ലതാണ്. ഗുരുസ്ഥാനീയരും ആത്മജ്ഞാനമുള്ളവരും ബാഹ്യ പ്രവർത്തനങ്ങൾക്കുമപ്പുറം യഥാർത്ഥ മൂല്യമറിയുകയും അതിനു ചേർന്ന പരിഗണനകൾ നല്കുകയും ചെയ്യും.

4. "അവൻ എഴുന്നേറ്റ് ശിശുവിനെയും അമ്മയെയുംകൂട്ടി ഈജിപ്തിലേക്കുപോയി": കുടുംബത്തിന്റെ ആത്മാവിഷ്ക്കാരം തെളിയുന്നത് ഒന്നിച്ചുള്ള ഈ പ്രയാണത്തിലാണ്. കൂദാശവചനങ്ങൾ പറയുന്നപോലെയും അമോറിസ് ലെത്തീസ്യയിലൂടെ (266, 267 274) ഫ്രാൻസിസ് മാർപാപ്പാ പറയുന്നതുപോലെയും ദൈനംദിന ജീവിതത്തിലെ ആത്മീയതയിലാണ് ഒരുമ കാണപ്പെടുന്നത്. സന്തോഷത്തിലും സന്താപത്തിലും ജീവിതസഖിയെയും ദൈവംതന്ന സമ്മാനമായ മക്കളെയും ഹൃദയത്തോടു ചേർത്തുനിർത്തി യാത്ര ചെയ്യാനാവുക എന്നതാണ് ദൈവനിവേശിതമായ കുടുംബത്തിൽ തെളിയേണ്ടത്. സുരക്ഷിതത്വത്തിലേയ്ക്കായാലും സമ്പത്തിലേയ്ക്കായാലും കുടുംബത്തിലെ എല്ലാ അംഗങ്ങളും ഒന്നിച്ചുള്ള പ്രയാണം ആത്മീയതയുടെ അടയാളം തന്നെയാണ്.

പ്രിയ സഹോദരങ്ങളെ, തിരുബാലസഖ്യദിനവുമായി ബന്ധപ്പെട്ട് തിരുബാല്യങ്ങളെ കാത്തുസൂക്ഷിക്കേണ്ട ചില മേഖലകൾ ധ്യാന

പുരസ്സരം സൂചിപ്പിച്ചെന്നേ ഉള്ളൂ. കൂടുതൽ കൂടുതൽ അകന്നു പോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ തലത്തിലേക്കും സാന്മാർഗികതയുടെ നന്മയിലേയ്ക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. കുട്ടികൾ വളരുന്ന സംസ്ക്കാരം വളരെ കണിശതയോടുകൂടെ പരുവപ്പെടുത്തി എടുക്കേണ്ടതാണ്. വർഗീയതയും നിരീശ്വരത്വവും ഒക്കെ വിളഞ്ഞാടുന്ന കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെ പിടിക്കുവാനും സഹവർത്തിത്തത്തിന്റെ പാതയിലൂടെ വളരുവാനും വളർത്തുവാനും നമ്മൾ ശ്രദ്ധിക്കേണ്ടതാണ്.

അമോറിസ് ലെത്തീസ്യയിൽ ഫ്രാൻസിസ് മാർപാപ്പാ ഊന്നി പറയുന്നതുപോലെ നല്ല ശീലങ്ങൾ വളർത്തിയെടുക്കുവാനും മനഃസാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ച സംസ്ക്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. കുട്ടികളുടെ ശാരീരികവും മാനസികവും ബൗദ്ധികവും ആത്മീയവുമായ ഒരു സമഗ്ര വളർച്ച മൂല്യബന്ധിതമായി നടക്കണമെങ്കിൽ വിവരസാങ്കേതികവിദ്യകളുടെ കൂടെ ശരിയായ മനഃസാക്ഷിയും കൂടെ രൂപപ്പെടുത്തികൊടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. നമ്മുടെ ഈ പ്രവർത്തനത്തെ നല്ലവനായ ദൈവം അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനാശംസകളോടെ,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് സാമുവൽ മാർ ഐറിനോസ്**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി- 682 025

---

NB: 2017 ഫെബ്രുവരി 12-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

**Prot. No 87/17, Pastoral Letter No. 7**

# ഇടയലേഖനം

*ദൈവകൃപയാൽ*
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

*മാർ ജോർജ്  ഞറളക്കാട്ട്*

*തന്റെ സഹശുശ്രൂഷകരായ വൈദികർക്കും സന്യസ്തർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്*

## വലിയനോമ്പ്

ഈശോയിൽ പ്രിയമുള്ളവരേ,

2017 ഫെബ്രുവരി 27 മുതൽ വലിയ നോമ്പ് ആരംഭിക്കുകയാണല്ലോ. നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കി വിലയിരുത്താനുള്ള അവസരമാണ് നോമ്പുകാലം. തിരുത്തേണ്ടവ തിരുത്തുവാനും വളർത്തേണ്ടത് വളർത്തുവാനും നോമ്പുകാലം നമ്മെ സഹായിക്കും. കർത്താവായ ഈശോയിലൂടെ പൂർത്തിയായ രക്ഷാകരരഹസ്യം ഒരിക്കൽകൂടി ധ്യാനിക്കുവാനും അതിലൂടെ കർത്താവിന്റെ കൃപയിൽ വളരുവാനും ഈ കാലഘട്ടം നമ്മെ സഹായിക്കും. തിന്മയെ അതിജീവിക്കുവാനും നന്മയിൽ വളരുവാനുമായി നമ്മോടുതന്നെ ബലം ചെയ്യേണ്ട പ്രത്യേക കാലമാണിത്. “ബലവാൻ സ്വർഗ്ഗരാജ്യം കരസ്ഥമാക്കുന്നു” എന്ന കർതൃവചനം ഓർക്കാം. പ്രാർത്ഥന, അനുതാപം, തപസ്സ്, ധർമ്മദാനം എന്നിവയിലൂടെ നമ്മോടുതന്നെ ബലം ചെയ്യേണ്ട കാലമാണിത്. ദൈവസ്നേഹംകൊണ്ടും സഹോദരസ്നേഹം കൊണ്ടും ഹൃദയങ്ങളെ പൂരിതമാക്കേണ്ട അവസരമാണ് നോമ്പ്. എല്ലാവർക്കും കൃപനിറഞ്ഞ നോമ്പുകാലം ഉണ്ടാകട്ടെ.

2015 ഡിസം. 8 മുതൽ 2016 നവംബർ 20 വരെയുള്ള കാലം ദൈവകരുണയുടെ കുടുംബവർഷമായി നമ്മൾ ആചരിച്ചു. കടന്നുപോയ കരുണയുടെ വർഷത്തിൽ ദൈവകരുണയുടെ കാറ്റ് ലോകം മുഴുവൻ ആഞ്ഞ് വീശിയെന്നാണ് പരിശുദ്ധ പിതാവ് പറഞ്ഞത്.

നമ്മുടെ അതിരൂപതയിൽ എല്ലാ ഇടവകകളിലും ഈ വർഷം സമുചിതമായി ആഘോഷിച്ചു. ഏറെ വ്യക്തികൾ വി. കുർബാനയിലും അനുരഞ്ജനകൂദാശയിലും സംബന്ധിച്ച് കൃപയിൽ വളരുകയുണ്ടായി. തീർത്ഥാടന ദൈവാലയങ്ങളിലേക്ക് പ്രാർത്ഥിച്ച് ഒരുങ്ങി, ത്യാഗം ചെയ്ത് ഏറെ ആളുകൾ തീർത്ഥാടനങ്ങൾ നടത്തി. ഓരോ ഇടവകയുടെയും വിവിധ സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും നേതൃത്വത്തിൽ ധാരാളമായി ജീവകാരുണ്യപ്രവർത്തനങ്ങൾ നടക്കുകയുണ്ടായി. പൊതുവിൽ ഒരു ആത്മീയ ഉണർവ്വിന് കരുണാവർഷം സഹായിച്ചു. ഇതിന് നേതൃത്വം നല്കിയവരെയും പങ്കാളികളായവരെയും ഏറെ അഭിനന്ദിക്കുന്നു. കൃതജ്ഞത അർപ്പിക്കുന്നു.

കരുണയുടെവർഷം സമാപിച്ച 2016 നവംബർ 20ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ കരുണയും കരുണാർഹതയും (Misericordia et Misera) എന്ന ഒരു അപ്പസ്തോലിക ലേഖനം പുറപ്പെടുവിക്കുകയുണ്ടായി. അതിൽ ഇപ്രകാരം പ്രസ്താവിക്കുന്നു. "വിശുദ്ധ കവാടം അടയ്ക്കപ്പെട്ടു. എന്നാലും നമ്മുടെ ഹൃദയത്തിന്റെ കരുണയുടെ കവാടം മലർക്കെ തുറന്നുതന്നെ കിടക്കും". (MM No.16) ഈ വലിയ നോമ്പിൽ നമ്മുടെ പരിചിന്തനത്തിനും പഠനത്തിനും തുടർന്നും നമ്മുടെ ജീവിതത്തെ നയിക്കേണ്ടതിനുമായി പരിശുദ്ധ പിതാവിന്റെ ചിന്തകൾ തന്നെ നിങ്ങളുമായി പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

പാപത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടെയും (യോഹ 8:1-11) ശിമയോന്റെ ഭവനത്തിൽ ഈശോയുടെ പാദങ്ങൾ കഴുകി ചുംബിക്കുന്ന സ്ത്രീയുടെയും (ലൂക്കാ 7:37-50) സംഭവങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് ഫ്രാൻസിസ് പാപ്പ ഈ ലേഖനം തുടങ്ങുന്നത്. മനുഷ്യദൃഷ്ടിയിൽ കുറ്റവാളികളായ ഇവരെ രണ്ടുപേരെയും ഈശോ മനസ്സിലാക്കി. അവരുടെ പാപങ്ങൾ നിരുപാധികം ക്ഷമിച്ചുകൊണ്ട് ദൈവപിതാവിന്റെ കരുണ ഈശോ മനോഹരമായി പ്രകടമാക്കി. കുറ്റബോധത്താലും അപമാനഭാരത്താലും തലകുനിഞ്ഞുപോയ അവരിലേക്ക് ആശ്വാസത്തിന്റെ, സ്നേഹത്തിന്റെ തൈലം ഈശോ ഒഴുക്കി. നിരവധിയായ അവരുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടു. മാപ്പുനല്കൽ പിതൃസ്നേഹത്തിന്റെ ഏറ്റവും ദൃശ്യമായ അടയാളമാണ്. ആ സ്നേഹമാണ് ഈശോ തന്റെ ജീവിതം മുഴുവനിലൂടെയും വെളിപ്പെടുത്തുവാൻ ശ്രമിച്ചത്. അനുതപിക്കുന്ന പാപി ദൈവത്തിന്റെ ക്ഷമയുടെ ആശ്ലേഷത്തിൽനിന്നും

ഒഴിവാക്കപ്പെടുകയില്ലായെന്ന് പരിശുദ്ധ പിതാവ് ഓർമ്മപ്പെടുത്തുന്നു (No.2). നിരുപാധികമായ സ്നേഹവും മാപ്പുനല്കലും ദൈവം നമ്മോട് കാണിക്കുമ്പോൾ അതു തുടരുവാൻ നാമും വിളിക്കപ്പെടുന്നു. ദൈവത്തിന്റെ കരുണയും ക്ഷമയും അനുഭവിക്കുവാനും പ്രായോഗികമാക്കാനും നോമ്പുകാലത്ത് പ്രത്യേകമാംവിധം നമ്മളും ക്ഷണിക്കപ്പെടുന്നു.

ദൈവകാരുണ്യത്തിന്റെ സമ്പന്നതയുടെ അനുഭവം സന്തോഷത്തോടും വിശ്വസ്തതയോടും ആവേശത്തോടുംകൂടി തുടർന്ന് കൊണ്ടുപോകേണ്ടതെങ്ങനെയെന്ന് പരിശുദ്ധ പിതാവ് ഓർമ്മപ്പെടുത്തുന്നു. അതിന് ഏറ്റവും ഉപകരിക്കുന്നത് വി. കുർബാനയും കുർബാനയിലുള്ള പങ്കാളിത്തവുമാണ്. പരിശുദ്ധ പിതാവ് പറയുന്നു: "ക്രിസ്തുവിന്റെ പെസഹാരഹസ്യത്തിന്റെ സ്മാരകമായ ദിവ്യകാരുണ്യയാഗത്തിൽ ദൈവികകരുണയുടെ ആഘോഷം പാരമ്യത്തിലെത്തുന്നു. അത് ഓരോ മനുഷ്യനും ചരിത്രത്തിനും ലോകം മുഴുവനുംവേണ്ടിയുള്ള രക്ഷയുടെ ഉറവിടമാണ്. ഒറ്റവാക്കിൽ പറഞ്ഞാൽ ദിവ്യബലിയർപ്പണത്തിന്റെ ഓരോ നിമിഷവും ദൈവത്തിന്റെ കാരുണ്യത്തെ പരാമർശിക്കുന്നു" (No.2). ദൈവകരുണ അനുഭവിക്കുവാൻ ഈ നോമ്പുകാലത്ത് ഞായറാഴ്ചകളിൽ മുടങ്ങാതെ നമുക്ക് ബലിയിൽ പങ്കുചേരാം. ഇടദിവസങ്ങളിലെ വി. ബലിയിൽ നമ്മുടെ കുടുംബങ്ങളിൽനിന്ന് ആരെങ്കിലും നിർബന്ധമായും മാറിമാറി പങ്കെടുക്കട്ടെ.

വി. കുർബാന മദ്ധ്യേയുള്ള വിശുദ്ധ ഗ്രന്ഥവായനകളും തുടർന്നുള്ള വചനസന്ദേശങ്ങളും ശ്രദ്ധയോടെ നാം കേൾക്കണമെന്ന് പരിശുദ്ധ പിതാവ് ആഗ്രഹിക്കുന്നു. ഇവയിലൂടെ ദൈവകരുണ നമ്മിലേക്ക് ഒഴുകുന്നു. അതിനാൽ വൈദികൻ വചനപ്രഘോഷണം ഒരുങ്ങിയും പ്രാർത്ഥിച്ചും നടത്തണമെന്നും പരിശുദ്ധ പിതാവ് പറയുന്നുണ്ട്. "ഒരു വൈദികന്റെ പ്രഭാഷണം, കർത്താവിന്റെ കരുണാപൂർണ്ണമായ നന്മ അദ്ദേഹം എത്രമാത്രം സ്വന്തം ജീവിതത്തിൽ അനുഭവിച്ചിട്ടുണ്ടോ അത്രമാത്രം ഫലപ്രദമായിരിക്കും" (No.6). ആയതിനാൽ നന്നായി പ്രാർത്ഥിച്ച് ഒരുങ്ങി വചനം നല്കണമെന്ന് പ്രിയമുള്ള വൈദികരോട് ഞാൻ സ്നേഹപൂർവ്വം അറിയിക്കട്ടെ.

ദൈവകരുണയുടെ അദ്ഭുതങ്ങളുടെ മഹാകഥയാണ് ബൈബിൾ. അതിന്റെ ഓരോ താളും പിതാവിന്റെ സ്നേഹത്തിൽ ആമഗ്നമാണ് (No.7). ദൈവം തന്റെ മക്കൾക്കയച്ച പ്രേമലേഖനങ്ങളാണ് വി. ഗ്രന്ഥ

മെന്ന വി. അഗസ്തിനോസിന്റെ വാക്കുകൾ ശ്രദ്ധേയമാണ്. "വിശുദ്ധ ലിഖിതമെല്ലാം ദൈവനിവേശിതമാണ്. അവ പ്രബോധനത്തിനും ശാസനത്തിനും തെറ്റുതിരുത്തലിനും നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു" (2 കോറി 3:16). നോമ്പുകാലത്ത് ദൈവവചനം നാം വായിക്കണം. നമ്മുടെ എല്ലാ ഭവനങ്ങളിലും കുടുംബപ്രാർത്ഥനാവേളയിൽ വചനപാരായണം ഉണ്ടായിരിക്കണം. ഒപ്പം വ്യക്തിപരമായും വചനം വായിക്കുന്ന ശീലം നമ്മൾ വളർത്തണം. ദൈവകരുണ തൊട്ടറിയുന്ന അവസരങ്ങളാണ് വചനപാരായണസമയം.

ദൈവകരുണ സ്വന്തമാക്കാനുള്ള മറ്റൊരു മാർഗ്ഗമാണ് പ്രായശ്ചിത്തത്തിന്റെയും അനുരഞ്ജനത്തിന്റെയും കൂദാശയുടെ സ്വീകരണം. ഈ കൂദാശയിൽ പിതാവിന്റെ ആശ്ലേഷം നാം അനുഭവിക്കുന്നു. കുമ്പസാരകൂദാശയ്ക്ക് നാം അണയുമ്പോൾ ദൈവം നമ്മുടെ പാപങ്ങൾ എത്ര കഠിനമായാലും മാരകമായാലും ക്ഷമിക്കുന്നു, മാപ്പ് നല്കുന്നു. ദൈവകരുണയുടെ നീർച്ചാലുകൾ കുമ്പസാരവേദിയിൽ നമുക്ക് ലഭ്യമാകുന്നു. ഈ നോമ്പുകാലത്ത് എല്ലാ വിശ്വാസികളും കുമ്പസാരിച്ച് വി. കുർബാന സ്വീകരിക്കണമെന്നതാണ് എന്റെയും തീവ്രമായ ആഗ്രഹം. നോമ്പ് കാലത്തെ എല്ലാ ദിവസങ്ങളിലും ബഹു. വൈദികർ വി. കുർബാനയ്ക്കു മുമ്പായുള്ള ഏതാനും സമയത്ത് കുമ്പസാരവേദിയിൽ ഉണ്ടാകണമെന്ന് സ്നേഹപൂർവ്വം ഞാൻ അറിയിക്കട്ടെ.

ദൈവത്തിന്റെ കരുണ സഹോദരങ്ങളിലേക്കെത്തിക്കേണ്ട ഉപകരങ്ങളാണ് നാം. വേദനിക്കുന്നവർക്ക് ആശ്വാസം പകർന്നും വിഷമത്തിലായിരിക്കുന്നവർക്ക് സന്തോഷം പകർന്നും നമുക്കും കരുണയുടെ ഉപകരണങ്ങളാകാൻ കഴിയും. നമ്മുടെ ജീവിതക്ലേശങ്ങളിൽ കരുണാസമ്പന്നനായ ദൈവം നമുക്ക് എപ്പോഴും സമീപസ്ഥനാണ്. അതുപോലെ നാമും മറ്റുള്ളവർക്ക് സമീപസ്ഥരാകണം. തങ്ങളുടെ ദുഃഖത്തിന്റെയും ക്ലേശത്തിന്റെയും സമയങ്ങളിൽ നമ്മുടെ സഹോദരീസഹോദരന്മാർക്ക് നല്കാൻ കഴിയുന്ന സാമീപ്യത്തിലും സ്നേഹത്തിലും സഹായത്തിലും അവിടുത്തെ കാരുണ്യപ്രകാശനമുണ്ട് (No.13). മറ്റുള്ളവരുടെ കണ്ണുനീർതുടയ്ക്കുന്ന വ്യക്തികളാകണം നമ്മൾ. ദുഃഖത്തിന്റെയും ക്ലേശത്തിന്റെയും നിമിഷങ്ങളിൽ നമ്മുടെ സഹോദരീസഹോദരങ്ങൾക്ക് നമുക്ക് നല്കുവാൻ കഴിയുന്ന ആശ്വാസത്തിന്റെ ഒരുവാക്ക്, മനസ്സിലാക്കപ്പെടുന്നുവെന്ന് തോന്നിക്കുന്ന ഒരു ആശ്ലേഷം, സ്നേഹം പ്രകടിപ്പിക്കുന്ന ഒരു ചുംബനം, ശക്തരാക്കുന്ന ഒരു പ്രാർത്ഥന എന്നിവയിലൂടെ ദൈവത്തിന്റെ സാമീപ്യവും കരുണയും പ്രകാശിപ്പിക്കുവാൻ

കഴിയും. വേദനിക്കുന്ന വ്യക്തിയുടെ സമീപത്ത് നിശബ്ദമായി ചേർന്നു നിൽക്കുന്നതും കരുണയുടെ പ്രകടനമാണ് (No.13). മരണനിമിഷ ങ്ങളിലൂടെ കടന്നുപോകുന്ന വ്യക്തിയുടെ സമീപത്തായിരിക്കുവാൻ കഴിയുന്നത് അവഗാഢമായ അടുപ്പത്തിന്റെ പ്രതീകമാണ്.

പ്രിയമുള്ളവരെ, നമ്മുടെ കുടുംബങ്ങൾ ഇന്ന് പലതരത്തിലുള്ള വേദനകളിലൂടെ കടന്നുപോവുകയാണ്. കുടുംബങ്ങളെ, പ്രത്യേകിച്ച് പ്രയാസങ്ങളിലായിരിക്കുന്ന കുടുംബങ്ങളെ സന്ദർശിക്കുന്നതിലൂടെ, ആശ്വസിപ്പിക്കുന്നതിലൂടെ ദൈവകരുണ അവരിലേക്ക് ചൊരിയുവാൻ നമുക്ക് കഴിയും. ആയതിനാൽ ഈ നോമ്പ്കാലത്ത് വേദനിക്കുന്ന വ്യക്തികളിലേക്കും കുടുംബങ്ങളിലേക്കും നമുക്ക് തിരിയാം. നാം അവരെ സന്ദർശിക്കണം, ആശ്വസിപ്പിക്കണം, സഹായിക്കണം. നമ്മുടെ നോമ്പ്, ഉപവാസം എന്നിവയിലൂടെ നാം സമാഹരിക്കുന്നവ ഇത്തര ത്തിലുള്ളവർക്കായി നമുക്ക് മാറ്റി വയ്ക്കാം.

ജൂബിലിവർഷത്തിന്റെ കവാടങ്ങൾ അടച്ചു കഴിഞ്ഞു. പക്ഷെ നമ്മുടെ ഹൃദയത്തിന്റെ ദൈവകരുണയുടെ കവാടം തുറന്ന് കിടക്ക ണം. ജീവകാരുണ്യപ്രവർത്തനങ്ങൾ പുതുമയാർന്നവിധത്തിൽ നാം തുടരേണ്ടിയിരിക്കുന്നു. ജീവകാരുണ്യ, ആതുരസേവനരംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരെയും സ്നേഹത്തോടെ കൃതജ്ഞതയോടെ ഓർക്കുന്നു. തുടർന്നും ഇത്തരം പ്രവർത്തനങ്ങൾ തുടരുവാൻ ദൈവം അവരെ അനുഗ്രഹിക്കട്ടെ.

പ്രിയമുള്ളവരെ, കലുഷിതമായ ഒരു സാഹചര്യത്തിലാണ് നാം ജീവിക്കുക. അക്രമവും കൊലപാതകങ്ങളും ഭീകരപ്രവർത്തനങ്ങളും വർദ്ധിച്ചു വരുന്നു. മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും പണത്തി ന്റെയും സമ്പത്തിന്റെയും പേരിൽ മനുഷ്യർ തമ്മിൽ പോരടിക്കുകയാ ണ്. വീണ്ടുംവീണ്ടും തുടരുന്ന രാഷ്ട്രീയ കൊലപാതകങ്ങൾ നമ്മളെ എല്ലാവരെയും ഏറെ വേദനിപ്പിക്കുന്നു. ഭീകരപ്രവർത്തനങ്ങൾ ലോക മെങ്ങും വ്യാപിക്കുന്നു. നിരപരാധികൾ പീഡിപ്പിക്കപ്പെടുന്നു; വധിക്ക പ്പെടുന്നു. യമനനിൽ ഭീകരരുടെ പിടിയിൽകഴിയുന്ന ബഹു. ടോമച്ച നെയും മറ്റ് അനേകരെയും ഓർക്കുന്നു. ഇവരെപ്പറ്റിയുള്ള ഓർമ്മകൾ ദുഃഖമായി അവശേഷിക്കുന്നു. ഇവരുടെ ആശ്വാസത്തിനും മോചന ത്തിനും, എല്ലായിടത്തും സമാധാനം സംജാതമാകുവാനുമായി നമ്മുടെ കരങ്ങളെ ദൈവസന്നിധിയിലേക്ക് ഉയർത്തി കണ്ണീരോടെ ഈ നോമ്പ് കാലത്ത് സവിശേഷമാംവിധം നമുക്ക് പ്രാർത്ഥിക്കാം.

വിദ്വേഷത്തിന്റെയും വെറുപ്പിന്റെയും മരണത്തിന്റെയും സംസ്ക്കാരത്തെ മാറ്റുവാനായി കരുണയുടെ ഒരു സംസ്ക്കാരം (Culture of Mercy) നാം വളർത്തിയെടുക്കണമെന്ന് പരിശുദ്ധ പിതാവ് ആഗ്രഹിക്കുന്നു. പിതാവിന്റെ ഈ ആഗ്രഹത്തോട് നമുക്കും പങ്കുചേരാം. ഈ കരുണയുടെ സംസ്ക്കാരം ഉളവാക്കുവാനായി പരിശുദ്ധ പിതാവ് ആവശ്യപ്പെടുന്ന 4 കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാം.

1. നിരന്തമായ പ്രാർത്ഥന
2. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്ക് വിധേയപ്പെടൽ
3. വിശുദ്ധരുടെ ജീവചരിത്രങ്ങൾ വായിച്ചു പഠിക്കുക
4. എല്ലാ സഹോദരങ്ങളോടും പ്രത്യേകിച്ച് പാവങ്ങളോട് സമീപസ്ഥരായിരിക്കുക

കരുണയുടെ സംസ്ക്കാരം വളർത്തിയെടുക്കുവാൻ ഈ നോമ്പ് കാലത്ത് നമുക്ക് പ്രത്യേകം ശ്രമിക്കാം. നമ്മുടെ കുടുംബങ്ങൾ, സമൂഹങ്ങൾ കരുണയുടെ ഭവനങ്ങളായി മാറട്ടെ. നിങ്ങൾക്കേവർക്കും അനുഗ്രഹപ്രദമായ നോമ്പ്കാലം ആശംസിക്കുന്നു. ഞാൻ നിങ്ങൾക്കെല്ലാവർക്കുമായി പ്രാർത്ഥിക്കുന്നു. നിങ്ങളുടെ വിലപ്പെട്ട പ്രാർത്ഥനയിൽ എന്നെയും രൂപത മുഴുവനെയും ഓർക്കണമെന്ന് താല്പര്യപ്പെട്ടുകൊണ്ട്,

നിങ്ങളുടെ വത്സലപിതാവ്

തലശ്ശേരി | **മാർ ജോർജ് ഞറളക്കാട്ട്**
23-01-2017 | തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധക്ക് :** ഈ ഇടയലേഖനം 2017 ഫെബ്രുവരി 26-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

Ref: 2999/K-5/KCBC/OL/DS 11.01.2017

അഭിവന്ദ്യ പിതാക്കന്മാരേ, പ്രിയസഹോദരീസഹോദരന്മാരേ,

ക്രിസ്തുവിന്റെ പെസഹാ ആചരണ ശുശ്രൂഷയെ ചിത്രീകരിക്കുന്ന പെയിന്റിങ്ങ് വികലമായി അനുകരിച്ചുകൊണ്ട് ഭാഷാപോഷിണി മാസികയുടെ ഡിസംബർ ലക്കത്തിൽ പ്രസിദ്ധീകരിച്ച ചിത്രീകരണം സഭയ്ക്കുള്ളിലും സമൂഹത്തിലും ഉളവാക്കിയ അസ്വസ്ഥതകൾ ഏവർക്കും അറിവുള്ളതാണല്ലോ. ക്രിസ്ത്യാനികളുടെ മതബോധത്തെയും വികാരത്തെയും വ്രണപ്പെടുത്തിയ പ്രസ്തുത സംഭവം പലവിധ പ്രതിഷേധങ്ങൾക്കും കാരണമായി.

തങ്ങൾക്കു പറ്റിയ വീഴ്ച തിരിച്ചറിഞ്ഞ മലയാള മനോരമ, പ്രതിഷേധാർഹമായ പെയിന്റിങ്ങ് പിൻവലിച്ച് ഖേദം രേഖപ്പെടുത്തുകയും പത്രത്തിലൂടെ മാപ്പുചോദിക്കുകയും ചെയ്തു. കൂടാതെ കേരളത്തിലെ വ്യക്തിഗതസഭകളുടെ തലവന്മാരായ പിതാക്കന്മാരുമായി ബന്ധപ്പെട്ട് സാഹചര്യങ്ങൾ വിശദീകരിക്കുകയുമുണ്ടായി.

ഭാഷാപോഷിണി പ്രസിദ്ധീകരിച്ച അന്ത്യഅത്താഴവിരുന്നിന്റെ വികല ചിത്രീകരണത്തിൽ സഭയ്ക്കുള്ള വേദനയും പ്രതിഷേധവും കെസിബിസി മനോരമയെ രേഖാമൂലം അറിയിച്ചിരുന്നു. കെസിബിസി മുന്നോട്ടുവച്ച നിർദേശപ്രകാരം 2017 ജനുവരി 10-ന് പിഒസിയിൽവച്ച് മനോരമ പ്രസിദ്ധീകരണങ്ങളുടെ മുഖ്യചുമതലക്കാരും കെസിബിസി ഭാരവാഹികളുമായി നടന്ന ചർച്ചയിൽ കുറെക്കാലമായി മനോരമ അനുവർത്തിച്ചുപോരുന്ന സഭാവിരുദ്ധനയങ്ങളോടുള്ള കെസിബിസിയുടെ വിയോജിപ്പ് രേഖപ്പെടുത്തുകയും സഭയുടെ ശക്തമായ പ്രതിഷേധവും വേദനയും അവരെ അറിയിക്കുകയും ഇക്കാര്യത്തിൽ പുനഃപരിശോധനയ്ക്കും തിരുത്തൽനടപടികൾക്കും മനോരമ തയ്യാറാകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

ആർട്ടിസ്റ്റുകളുടെ ന്യായമായ ആവിഷ്കാര സ്വാതന്ത്ര്യത്തെ കത്തോലിക്കാസഭ മാനിക്കുന്നുവെന്നും എന്നാൽ കാലങ്ങളായി മനോരമയിൽ ജനങ്ങളർപ്പിച്ചിട്ടുള്ള വിശ്വാസത്തിനും പ്രതീക്ഷയ്ക്കും നിരക്കാത്ത പ്രവൃത്തി ഭാഷാപോഷിണിയിലൂടെ ഉണ്ടായത് അങ്ങേയറ്റം നിരാശാജനകമാണെന്നും അവരെ അറിയിച്ചു.

ഭാഷാപോഷിണി മാസികയിൽ സംഭവിച്ചത് വലിയ വീഴ്ചയായിരുന്നുവെന്നും അതിൽ അങ്ങേയറ്റം ഖേദമുണ്ടെന്നും ഇത്തരം പിഴവുകൾ മേലിൽ മനോരമ പ്രസിദ്ധീകരണങ്ങളിൽ ഉണ്ടാകാതിരിക്കാൻ ജാഗ്രത പുലർത്തുന്നതാണെന്നും അവർ ഉറപ്പു നല്കി. ഗൗരവതരമായ ഈ തെറ്റ് പത്രസ്ഥാപനത്തിലെ ചുമതലപ്പെട്ടവരുടെ മനഃപൂർവ

മായ വീഴ്ചയായിരുന്നില്ലെന്നും ബഹുസ്വര സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും വിശ്വാസത്തിലെടുക്കാനും എല്ലാവരുടെയും താത്പര്യങ്ങൾ സംരക്ഷിക്കാനുമുള്ള പരിശ്രമത്തിലുണ്ടാകുന്ന മനഃപൂർവമല്ലാത്ത വീഴ്ചകൾ സഭ മനസ്സിലാക്കണമെന്നും ഇക്കാര്യത്തിൽ സഭാവിരുദ്ധത ദർശിക്കരുതെന്നും അവർ അഭ്യർത്ഥിച്ചു.

2017 ജനുവരി 11-ന് മനോരമയുടെ എല്ലാ യൂണിറ്റുകളിലെയും എഡിറ്റോറിയൽ വിഭാഗത്തിന്റെ മീറ്റിങ്ങ് കോട്ടയത്ത് ചേരുന്നതാണെന്നും പ്രസ്തുത മീറ്റിങ്ങിൽ എഡിറ്റോറിയൽ വിഭാഗം പുലർത്തേണ്ട ജാഗ്രത സംബന്ധിച്ച വ്യക്തമായ നിർദേശങ്ങൾ നല്കുന്നതാണെന്നും അവർ ഉറപ്പു നല്കി.

കത്തോലിക്കാസഭയുമായി തുറന്ന സമീപനവും ആശയവിനിമയവുമാണ് തങ്ങൾ പ്രതീക്ഷിക്കുന്നതെന്നും ക്രിസ്തീയ മൂല്യങ്ങളും സന്ദേശവും ജനങ്ങളിലെത്തിക്കാൻ മനോരമ പ്രതിജ്ഞാബദ്ധമാണെന്നും അവർ വ്യക്തമാക്കുകയും സഭയുടെ മാർഗനിർദേശങ്ങളും സഹകരണവും പിന്തുണയും തുടർന്നും ഉണ്ടാകണമെന്ന് അവർ അഭ്യർത്ഥിക്കുകയും ചെയ്തു.

ഈ പശ്ചാത്തലത്തിൽ ക്രൈസ്തവോചിതമാംവിധം അനുരഞ്ജനത്തിന്റെ അരൂപിയിൽ പൊതുനന്മയ്ക്കു ശുശ്രൂഷചെയ്യുന്നതിൽ തുടർന്നും സഹകരണബുദ്ധിയോടുകൂടി മുമ്പോട്ടുപോകാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു. കൂടുതൽ മെച്ചപ്പെട്ട ക്രൈസ്തവസാക്ഷ്യം സമൂഹത്തിനു നല്കാൻ ഇത്തരം വീഴ്ചകളുടെ തിരുത്തൽ കാരണമാകുമെന്നു കരുതുന്നു. എല്ലാ മതവിശ്വാസങ്ങളോടും മതപ്രതീകങ്ങളോടുമുള്ള ബഹുമാനവും ആദരവും സമൂഹത്തിൽ പുലരുന്നതിനും മതങ്ങളുടെയും മതപ്രതീകങ്ങളുടെയും ദുരുപയോഗവും അശുദ്ധമാക്കലും തടയുന്നതിനും പരസ്പരം മനസ്സിലാക്കി ഒത്തൊരുമിച്ചുള്ള നമ്മുടെ പരിശ്രമങ്ങൾ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഏവർക്കും നന്മയുണ്ടാകട്ടെ എന്ന പ്രാർത്ഥനയോടെ,

**ആർച്ചുബിഷപ് എം. സൂസപാക്യം**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് യൂഹാനോൻ മാർ ക്രിസോസ്റ്റം**
വൈസ് പ്രസിഡന്റ്, കെസിബിസി

**ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്**
സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

**Prot. No. 91/17; സർക്കുലർ നമ്പർ 03/2017**

## വിജ്ഞാപനം

## പാരീഷ് കൗൺസിൽ അംഗങ്ങളുടെ തിരഞ്ഞെടുപ്പ്

പ്രിയ ബഹു. വികാരിയച്ചന്മാരെ,

2014-2017 വർഷങ്ങളിൽ പാരീഷ് കൗൺസിൽ (ഇടവക പ്രതി നിധി യോഗം) അംഗങ്ങളായി പ്രവർത്തിച്ചുവന്നവരുടെ കാലാവധി ഈ വരുന്ന മാർച്ച് 31ന് അവസാനിക്കുകയാണല്ലോ. ഇടവകയുടെ നാനാവിധത്തിലുള്ള പുരോഗതിക്കുവേണ്ടി സമയവും ആരോഗ്യവും സമ്പത്തും വ്യയംചെയ്ത് ആത്മാർത്ഥമായി സേവനമർപ്പിച്ച അവർക്കോരോരുത്തർക്കും ഹൃദയപൂർവ്വം നന്ദി പറയുന്നു. പുതിയ ഇടവക പ്രതിനിധികളെ മാർച്ച് 31ന് മുമ്പ് തിരഞ്ഞെടുത്ത് എല്ലാ ഇട വകകളിലും പുതിയ പാരീഷ് കൗൺസിലിന് രൂപം കൊടുക്കുകയും അവരുടെ പേരുവിവരം അതിരൂപതക്കച്ചേരിയിൽ അറിയിക്കുകയും ചെയ്യണം. പ്രതിനിധികളുടെ തിരഞ്ഞെടുപ്പിൽ പാലിക്കേണ്ടക്രമവും വ്യവസ്ഥകളും താഴെ ചേർക്കുന്നു.

**1. ഉദ്യോഗവശാലുള്ള അംഗങ്ങൾ**

ഇടവകവികാരി, അസി. വികാരി (മാർ) തന്നാണ്ട് കൈക്കാര ന്മാർ, ഇടവകയിൽനിന്നും അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗ ങ്ങളുണ്ടെങ്കിൽ അവർ, രൂപത അംഗീകരിച്ചിട്ടുള്ള സംഘടനകളുടെ പ്രസിഡന്റുമാർ, ഇൻഫാം, റ്റി.എസ്.എസ്.എസ്. എന്നിവയുടെ ഓരോ കത്തോലിക്കാ പ്രതിനിധി.

**2. നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ**

ഇടവകയുടെ പുരോഗതിക്ക് സഹായിക്കുന്ന വിവിധ തലങ്ങ ളിൽനിന്നുള്ള വിദഗ്ദരെ (ഉദാ: എഞ്ചിനീയർമാർ, അഡ്വക്കേറ്റ്സ്, ദൈവശാസ്ത്രബിരുദം നേടിയവർ) ഇടവക വികാരിക്ക് നാമനിർദ്ദേശം ചെയ്യാം. പത്തോ അതിൽ കൂടുതലോ ദളിത് ക്രൈസ്തവ കുടുംബ ങ്ങളുള്ള ഇടവകകളിൽ തെരഞ്ഞെടുപ്പുവഴി പ്രാതിനിധ്യം ലഭിക്കുന്നി ല്ലെങ്കിൽ ഇടവക വികാരി അവരിലൊരാളെ യോഗാംഗമായി നാമ നിർദ്ദേശം ചെയ്യണം.

**3. തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ**

താഴെപറയുന്ന ക്രമപ്രകാരമായിരിക്കണം പ്രതിനിധിയോഗാം ഗങ്ങളുടെ തിരഞ്ഞെടുപ്പ് നടത്തേണ്ടത്.

1. ഓരോ വാർഡിൽനിന്നും 2 പ്രതിനിധികളെ വീതം തിരഞ്ഞെടുക്കണം. ഇരുവർക്കും യോഗത്തിൽ അംഗത്വവും വോട്ടവകാശവും ഉണ്ടായിരിക്കും.
2. ഓരോ ഇടവകയിലും പ്രതിനിധിയോഗത്തിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവരിൽ 35% വനിതകളായിരിക്കണം (ഇടവകയിലെ മൊത്തം വാർഡുകളിൽനിന്നും നറുക്കെടുപ്പിലൂടെ 35% വാർഡുകളെ വനിതാസംവരണ വാർഡുകളായി നിശ്ചയിക്കുകയോ 70% വാർഡുകളിൽ രണ്ടുപ്രതിനിധികളിൽ ഒരാളെ വനിതകളിൽനിന്ന് തിരഞ്ഞെടുക്കുകയോ ചെയ്യാം).
3. വാർഡുതലത്തിൽ പ്രതിനിധികളെ തെരഞ്ഞെടുക്കുമ്പോൾ ഓരോ കുടുംബത്തിലെയും കുടുംബനാഥനും കുടുംബനാഥക്കും വോട്ടവകാശം ഉണ്ടായിരിക്കും. ഇവർക്ക് വോട്ടുരേഖപ്പെടുത്താൻ അസൗകര്യമുള്ളപ്പോൾ കുടുംബത്തിലെ പ്രായപൂർത്തിയായ മറ്റൊരു പുരുഷനെയോ സ്ത്രീയേയോ രേഖാമൂലം ചുമതലപ്പെടുത്താവുന്നതാണ്. വാർഡ് യോഗം ചേർന്ന് അതിൽവച്ചാണ് ആ വാർഡിൽനിന്നുള്ള പ്രതിനിധികളെ തിരഞ്ഞെടുക്കേണ്ടത്.
4. ഇടവകയിലെ സമർപ്പിത സമൂഹങ്ങളുടെ പ്രതിനിധികളായി പുരുഷന്മാരുടെ സമൂഹങ്ങളിൽനിന്ന് ഒരാളെയും സ്ത്രീകളുടെ സമൂഹങ്ങളിൽനിന്ന് ഒരാളെയും അത്തരം സമൂഹങ്ങളുടെ പ്രതിനിധികളുടെ ഒരു മീറ്റിംഗ് ഇടവക വികാരി വിളിച്ചുകൂട്ടി തിരഞ്ഞെടുക്കണം. ഒന്നോ രണ്ടോ സന്യാസഭവനങ്ങൾ മാത്രമുള്ള ഇടവകകളിൽ എല്ലാ ഭവനങ്ങളുടെയും സുപ്പീരിയർമാരെയും അംഗങ്ങളാക്കാം.
5. സൺഡേസ്കൂൾ അധ്യാപകരുടെ ഒരു പ്രതിനിധിയെ അവർ തിരഞ്ഞെടുക്കുക.
6. ഇടവകയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് ഇടവകക്കാരനായ പ്രതിനിധിയെ തിരഞ്ഞെടുക്കണം. അതുപോലെ ഇടവകക്ക് മറ്റ് സ്ഥാപനങ്ങളുണ്ടെങ്കിൽ അവയുടെ പ്രതിനിധിയെയും ഇടവകവികാരി വിളിച്ചുകൂട്ടുന്ന ഒരു മീറ്റിംഗിൽവച്ച് തിരഞ്ഞെടുക്കേണ്ടതാണ്.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. **യോഗ്യത:** ഇടവകാംഗങ്ങളുടെ ആദ്ധ്യാത്മിക വളർച്ചക്കും സാമൂഹികവും സാംസ്ക്കാരികവുമായ ഉന്നമനത്തിനും വിശ്വാസരൂപീകരണത്തിനും നാനാവിധ വികസന പ്രവർത്തങ്ങൾക്കും ബഹു.

വികാരിയച്ചനോട് ചേർന്ന് പ്രവർത്തിക്കാൻ സന്മനസ്സും സേവന തല്പരതയും നേതൃത്വപാടവവുമുള്ളവരെ തിരഞ്ഞെടുക്കുവാൻ പ്രോത്സാഹിപ്പിക്കണം. പാരീഷ് കൗൺസിൽ അംഗങ്ങൾ പരസ്യ പാപികളോ, പള്ളിമുടക്കിൽപെട്ടവരോ, സന്മാർഗ്ഗഭ്രംശക്കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെട്ടവരോ, നിരീശ്വരവാദം, യുക്തിവാദം, ഭൗതികവാദം, വർഗ്ഗസമരം, സായുധവിപ്ലവം, ഏതെങ്കിലും ജനവിഭാഗത്തിന്റെ സർവ്വാധിപത്യം തുടങ്ങിയ പ്രത്യയ ശാസ്ത്രങ്ങളിൽ വിശ്വസിക്കുകയോ അതിന്മേൽ അടിസ്ഥാനമിട്ടിരിക്കുന്ന ഏതെങ്കിലും സംഘടനയിലോ, പ്രസ്ഥാനത്തിലോ അംഗത്വമുള്ളവരോ അനുഭാവം പുലർത്തുന്നവരോ ആയിരിക്കരുത്. അതുപോലെ സഭാവിരുദ്ധപ്രബോധനങ്ങൾ നടത്തുന്ന വിഘടിത വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന വ്യക്തികൾക്കും പാരീഷ് കൗൺസിൽ അംഗമാകാൻ സാധിക്കുകയില്ല.

2. ഔദ്യോഗികാംഗങ്ങളും നോമിനേറ്റ് ചെയ്യപ്പെടുന്നവരുംകൂടി ആകെ അംഗങ്ങളുടെ മൂന്നിലൊന്നിൽ കവിയരുത്.
3. തുടർച്ചയായി രണ്ടു പ്രാവശ്യത്തിൽ കൂടുതൽ ഒരാളെ വാർഡു പ്രതിനിധിയായി തിരഞ്ഞെടുക്കാൻ പാടില്ല.
4. പാരീഷ് കൗൺസിലിൽനിന്നും കോ-ഓർഡിനേറ്ററേയും പാരീഷ് കൗൺസിൽ സെക്രട്ടറിയേയും തിരഞ്ഞെടുക്കണം.
5. 2017-18 വർഷത്തേയ്ക്കുള്ള കൈക്കാരന്മാരെ പൊതുയോഗം തിരഞ്ഞെടുക്കുമ്പോൾ അതിൽ രണ്ടുപേരെങ്കിലും പുതിയ പാരീഷ് കൗൺസിലിലെ അംഗങ്ങളായിരിക്കണം.
6. പുതിയ പാരീഷ് കൗൺസിൽ അംഗങ്ങളുടെ സത്യപ്രതിജ്ഞ 2017 ഏപ്രിൽ 2-ാം തീയതി ഞായറാഴ്ച നടത്തേണ്ടതാണ്. പ്രതിജ്ഞയുടെ മാതൃക അതിരൂപതാനിയമാവലിയുടെ അനുബന്ധത്തിൽ നൽകിയിരിക്കുന്നതിന്റെ കോപ്പി എടുക്കുകയോ അതിരൂപതക്കച്ചേരിയിൽനിന്ന് വാങ്ങുകയോ ചെയ്യാവുന്നതാണ്.

**ആണ്ടുതിരട്ട് പൊതുയോഗം**

ഈ വർഷം ഉയിർപ്പുതിരുനാൾ താമസിച്ചു വരുന്നതിനാൽ ആണ്ടുതിരട്ട് പൊതുയോഗങ്ങൾ കൂടാനും ബഹു. വൈദികരുടെ പൊതുസ്ഥലം മാറ്റത്തിനുമുൻപ് ആണ്ടുതിരട്ട് പാസ്സാക്കാനും സമയം ലഭിക്കാൻ ഈ വർഷത്തെ ആണ്ടുതിരട്ട് പൊതുയോഗം എല്ലാ ഇടവകകളിലും ഏപ്രിൽ മാസം രണ്ടാം തീയതി ഞായറാഴ്ചയോ അതിനു മുൻപോ നിർബന്ധമായും ചേരാൻ ശ്രദ്ധിക്കണം. മാർച്ച് മാസത്തെ

കണക്കുകൾ അതിനനുസരിച്ച് നേരത്തെ തീർത്ത് തിരട്ട് തയ്യാറാക്കാവുന്നതാണ്.

ഈ വർഷത്തെ ആണ്ടുതിരട്ട് പൊതുയോഗത്തിൽ വാർഷിക തിരട്ടിനോടൊപ്പം 2017-18 വർഷത്തേയ്ക്കുള്ള വാർഷികബഡ്ജറ്റ്കൂടി അവതരിപ്പിക്കുകയും പൊതുയോഗം പാസ്സാക്കിയ ബഡ്ജറ്റിന്റെ കോപ്പി അതിരൂപതാ കച്ചേരിയിൽ ഏല്പിക്കുകയും ചെയ്യണം. കഴിഞ്ഞ വർഷത്തേതുപോലെ ആണ്ടുതിരട്ട് പാസ്സാക്കാനായി ബഹു. ജനറാളച്ചന്മാർ ഫൊറോനകളിൽ എത്തുന്നതാണ്. ഏപ്രിൽ 16നുശേഷം വരുന്ന രണ്ട് ആഴ്ചകളിലായി അതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതാണ്. അതുകൊണ്ട് ആണ്ടുതിരട്ട് പൊതുയോഗം ഏപ്രിൽ 2-ാം തീയതിതന്നെ ചേരുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

സ്നേഹാശംസകളോടെ,

തലശ്ശേരി<br>
26-01-2017

**മാർ ജോർജ് ഞറളക്കാട്ട്**<br>
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്താ

## ഫാ. ടോം ഉഴുന്നാലിൽ അച്ചന്റെ മോചനത്തിനായുള്ള പ്രത്യേക പ്രാർത്ഥന

**സീറോ മലബാർ സിനഡിന്റെ തീരുമാനപ്രകാരം താഴെ കൊടുത്തിരിക്കുന്ന പ്രാർത്ഥന വി. കുർബാനയിലെ കാറോസൂസയോട് ചേർത്ത് ചൊല്ലേണ്ടതാണ്.**

"അവർ എന്നെ പീഡിപ്പിച്ചുവെങ്കിൽ നിങ്ങളെയും പീഡിപ്പിക്കും" (യോഹ 15, 20) എന്ന് അരുളിച്ചെയ്ത ഈശോയേ, സുവിശേഷവേലക്കായി ജീവിതം സമർപ്പിച്ചിരിക്കുന്ന എല്ലാ പ്രേഷിതർക്കും വിശിഷ്യാ, പീഡനങ്ങളുടെയും സഹനങ്ങളുടെയും നടുവിൽ കഴിയുന്നവർക്കും നീ എന്നും തുണയും സങ്കേതവുമായിരിക്കണമേ. നിന്റെ നാമത്തെ പ്രതി തീവ്രവാദികളുടെ തടവിൽ കഴിയുന്ന ടോം ഉഴുന്നാലിൽ അച്ചനെ ഈ ബലിയിൽ ഞങ്ങൾ പ്രത്യേകമായി അനുസ്മരിക്കുകയും അച്ചന്റെ മോചനത്തിനായി ഒന്നുചേർന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# കച്ചേരി കാര്യം

## 1. ബഹു. വൈദികരുടെ സ്ഥലംമാറ്റവും നിയമനവും (04-02-2017)

| | | |
|---|---|---|
| റവ. ഫാ. ജോർജ് കരോട്ട് | വികാരി | - പുറവയൽ |
| ,, ജോൺ പോൾ പൂവത്താനിക്കൽ | പ്രോ-വികാരി | - കോളയാട് (താല്ക്കാലികം) |
| ,, ജോർജ് പടിഞ്ഞാറെഅനിശ്ശേരിൽ | ,, | - ചുള്ളി (താല്ക്കാലികം) |

## അസിസ്റ്റന്റ് വികാരിമാർ

| | | |
|---|---|---|
| റവ. ഫാ. തോമസ് ചക്കിട്ടമുറിയിൽ | അസി. വികാരി | - ചെമ്പന്തൊട്ടി |
| ,, മാത്യു കല്ലുങ്കൽ | ,, | - കരിക്കോട്ടക്കരി |
| ,, പോൾ കണ്ടത്തിൽ | ,, | - വായാട്ടുപറമ്പ് |
| ,, ജോസഫ് മാളക്കാരൻ | ,, | - പഠനം |
| ,, മാത്യു വലിയപറമ്പിൽ | ,, | - പൈസക്കരി |
| ,, ജോസഫ് മുല്ലതലശ്ശേരിൽ OFM Cap | ,, | - മണിക്കടവ് |
| ,, ജോർജ് പഴേപറമ്പിൽ | ,, | - ഉദയഗിരി |
| ,, പോൾ എടത്തിനകത്ത് | ,, | - കാഞ്ഞങ്ങാട് |
| ,, ജോസഫ് കാഞ്ഞിരത്തിങ്കൽ | ,, | - പനത്തടി |
| ,, ജോസഫ് കണ്ണങ്കുളത്തേൽ | ,, | - പേരാവൂർ (2) |
| ,, കുര്യാക്കോസ് കാരക്കാട്ട് | ,, | - പാണത്തൂർ |
| ,, ജോസഫ് കൊട്ടാരത്തിൽ | ,, | - പുളിങ്ങോം |
| ,, ലൂക്കോസ് മാടശ്ശേരി | ,, | - അങ്ങാടിക്കടവ് |
| ,, ഡെന്നീസ് നെല്ലിത്താനത്ത് | ,, | - ചെമ്പേരി (2) |
| ,, അബ്രാഹം ഞാമത്തോലിൽ | ,, | - കണിച്ചാർ |
| ,, മാത്യു പ്രവർത്തുംമലയിൽ | ,, | - കിളിയന്തറ |
| ,, കുര്യാക്കോസ് പുതുകുളങ്ങര | ,, | - വെള്ളാട് |
| ,, ജോസഫ് റാത്തപ്പള്ളിൽ | ,, | - തളിപ്പറമ്പ് |
| ,, വർഗീസ് വെട്ടിയാനിക്കൽ | ,, | - ആലക്കോട് (2) |
| ,, ബിൻസ് കന്നുകെട്ടിയേൽ SDB | ,, | - മണ്ടളം |
| ,, ജോമി പാറേക്കാട്ടിൽ SDB | ,, | - പൈസക്കരി (2) |
| ,, സജീഷ് ആലപ്പാട്ട് CMI | ,, | - കൊളക്കാട് |
| ,, ജോസഫ് പേണ്ടാനത്ത് CMI | ,, | - നെല്ലിക്കുറ്റി |

## 2. നന്ദിയും സ്വാഗതവും

കഴിഞ്ഞ ഒരു വർഷം കോളയാട് ഇടവകയുടെ വികാരിയായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ചശേഷം മാതൃസന്ന്യാസസമൂഹത്തിലേക്ക് തിരികെ പോകുന്ന ഫാ. ജോസഫ് കണ്ണാത്തുകുഴി എംഎസ്റ്റിക്കും വായാട്ടുപറമ്പ്, പുളിങ്ങോം ഇടവകകളിൽ അസി. വികാരിയായി സേവനമനുഷ്ഠിച്ചശേഷം സ്വന്തം സന്ന്യാസസമൂഹത്തിലേക്ക് തിരികെ പോകുന്ന ഫാ. തോമസ് അറയ്ക്കൽ വിസിക്കും അതിരൂപത ആത്മാർത്ഥമായ കൃതജ്ഞത അർപ്പിക്കുകയും ഭാവി ശുശ്രൂഷകളിൽ ദൈവാനുഗ്രഹം നേരുകയും ചെയ്യുന്നു.

അതിരൂപതയിൽ സേവനത്തിനായി എത്തിച്ചേർന്നിരിക്കുന്ന ഫാ. ബിൻസ് കന്നുകെട്ടിയേൽ എസ്ഡിബി, ഫാ. ജോമി പാറേകൊട്ടിൽ എസ്ഡിബി, ഫാ. സജീഷ് ആലപ്പാട്ട് സിഎംഐ, ഫാ. ജോസഫ് പേണ്ടാനത്ത് സിഎംഐ എന്നീ വൈദികർക്ക് സന്തോഷപൂർവ്വം തലശ്ശേരി അതിരൂപതാ വൈദികകൂട്ടായ്മയിലേക്ക് സ്വാഗതം ആശംസിക്കുന്നു.

## 3. ഫാ. ടോം ഉഴുന്നാലിനുവേണ്ടിയുള്ള പ്രാർത്ഥന

യമനിൽ ഐ.എസ്. തീവ്രവാദികളുടെ തടവിലുള്ള ഫാ. ടോം ഉഴുന്നാലിനുവേണ്ടി വി. കുർബാനയിൽ കാറോസൂസ പ്രാർത്ഥനയോട് ചേർത്ത് ചൊല്ലുവാനായി ഒരു പ്രാർത്ഥന സീറോ-മലബാർ സിനഡ് തയ്യാറാക്കി നല്കിയിട്ടുണ്ട്. മുൻപേജിൽ നല്കിയിരിക്കുന്ന പ്രാർത്ഥന വി. കുർബാന മദ്ധ്യേ ചൊല്ലുവാൻ ശ്രദ്ധിക്കുമല്ലോ.

## 4. അങ്ങാടിക്കടവ് ഇടവകക്ക് അഭിനന്ദനം

മലബാറിലെ 6 രൂപതകളിൽനിന്നും ഏറ്റവും നല്ല ഇടവകയെ തിരഞ്ഞെടുത്ത് ആദരിക്കാൻ ചാവറ കൾച്ചറൽ സെന്റർ ഏർപ്പെടുത്തിയ ഫാ. ജോസ് മൈലാടിയിൽ മെമ്മോറിയൽ പുരസ്ക്കാരത്തിന് മികച്ച രണ്ടാമത്തെ ഇടവക എന്ന നിലയിൽ അർഹത നേടിയ അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് ഇടവകയ്ക്കും വികാരി ബഹു. തോമസ് മുണ്ടമറ്റം അച്ചനും അസി. വികാരി ജോസഫ് മാളക്കാരനും ഇടവകജനത്തിനും അഭിനന്ദനം അറിയിക്കുന്നു. ഇടവകയിൽ നടത്തിയ വിവിധങ്ങളായ ആത്മീയ-അജപാലന-ജീവകാരുണ്യ പ്രവർത്തനങ്ങളാണ് അങ്ങാടിക്കടവിനെ ഈ പുരസ്ക്കാരത്തിന് അർഹമാക്കിയത്.

## 5. മാസ് വൈൻ വില വർദ്ധന

വി. കുർബാനയ്ക്ക് ഉപയോഗിക്കുന്ന വീഞ്ഞിന്റെ വില മേരിക്കുന്നിലെ സെന്റ് തോമസ് വൈനറി 30 രൂപ തോതിൽ വർദ്ധിപ്പിച്ചതിനാൽ 2017

ഫെബ്രുവരി 1 മുതൽ അതിരൂപതാ കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന മാസ് വൈനും പുതിക്കിയ വില ബാധകമായിരിക്കുമെന്ന് പ്രൊക്കുറേറ്റച്ചൻ അറിയിക്കുന്നു.

## 6. ആണ്ടുതിരട്ട് പൊതുയോഗം

ഈ വർഷം ഉയിർപ്പുതിരുനാൾ താമസിച്ചു വരുന്നതിനാൽ ആണ്ടുതിരട്ട് പൊതുയോഗങ്ങൾ കൂടാനും ബഹു. വൈദികരുടെ പൊതുസ്ഥലം മാറ്റത്തിനുമുൻപ് ആണ്ടുതിരട്ട് പാസ്സാക്കാനും സമയം ലഭിക്കാൻ ഈ വർഷത്തെ ആണ്ടുതിരട്ട് പൊതുയോഗം എല്ലാ ഇടവകകളിലും ഏപ്രിൽ മാസം രണ്ടാം തീയതി ഞായറാഴ്ചയോ അതിനുമുൻപോ ചേരാൻ ശ്രദ്ധിക്കുമല്ലോ.

## 7. ആദരാഞ്ജലി

**1. ഫാ. ഫിലിപ്പ് ആറ്റുകടവിൽ സിഎംഐ (80) :** തളിപ്പറമ്പ് പുഷ്പഗിരി സിഎംഐ ആശ്രമത്തിലെ അംഗമായ ബഹു. ഫിലിപ്പ് ആറ്റുകടവിലച്ചൻ (80) 2017 ജനുവരി 13-ാം തീയതി നിര്യാതനായി. 1960 മെയ് 16ന് ആദ്യവ്രതവാഗ്ദാനം നടത്തിയ അദ്ദേഹം 1966 മെയ് 16നാണ് പുരോഹിതനായി അഭിഷിക്തനായത്. മലബാറിലേക്ക് സേവനത്തിനായി വന്ന അദ്ദേഹം അവിഭക്ത തലശ്ശേരി രൂപതയിലെ നിരവധി ഇടവകകളിൽ അസിസ്റ്റന്റ് വികാരിയായും വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1987 മുതൽ 1990 വരെ അദ്ദേഹം തളിപ്പറമ്പ് പുഷ്പഗിരി ആശ്രമത്തിന്റെ സുപ്പീരിയറായും ദർശന ധ്യാനകേന്ദ്രം ഡയറക്ടറായും പ്രവർത്തിച്ചിരുന്നു. അക്കാലത്ത് ആശ്രമത്തോടനുബന്ധിച്ചുള്ള ദൈവാലയത്തിൽ തളിപ്പറമ്പിനു ചുറ്റുപാടുമുള്ള പ്രദേശങ്ങളിലെ ആളുകൾക്ക് ആത്മീയ ശുശ്രൂഷ നല്കുന്നതിന് അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. 2011 മുതൽ വീണ്ടും തളിപ്പറമ്പ് ദർശനയിലെ അംഗമായി തിരികെയെത്തിയ അദ്ദേഹം ധ്യാനകേന്ദ്രത്തിൽ മാത്രമല്ല ചുറ്റുമുള്ള ഇടവകകളിലും കുമ്പസാരക്കാരൻ, ആത്മീയ ഉപദേഷ്ടാവ്, ധ്യാനഗുരു എന്നീ നിലകളിൽ പ്രവർത്തനനിരതനായിരുന്നു. 2016ൽ പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണജൂബിലി ആഘോഷിച്ച അദ്ദേഹം തന്റെ പൗരോഹിത്യജീവിതത്തിലെ 35 വർഷക്കാലത്തോളം മലബാറിലെ വിവിധ ഇടവകകളിലാണ് ശുശ്രൂഷ ചെയ്തത്. ഒരു നല്ല അജപാലകനും സന്ന്യാസിയും ധ്യാനഗുരുവുമായിരുന്നു ഫാ. ഫിലിപ്പ് ആറ്റുകടവിൽ. അച്ചന്റെ നിര്യാണത്തിൽ തലശ്ശേരി അതിരൂപത അനുശോചനം രേഖപ്പെടുത്തുകയും അച്ചനെ ദൈവം നിത്യസമ്മാനം നല്കി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**2. ശ്രീ. ടി.ജെ. മാത്യൂസ് തെക്കേൽ (55) :** ബഹു. ആൻഡ്രൂസ് തെക്കേലച്ചന്റെ സഹോദരൻ ശ്രീ. ടി.ജെ. മാത്യൂസ് തെക്കേൽ (55) 2017 ജനുവരി 3-ാം

തീയതി ആര്യപ്പറമ്പിൽ നിര്യാതനായി. മൃതസംസ്ക്കാര ശുശ്രൂഷകളിൽ പ്രൊട്ടോസിൻചെല്ലൂസ് മോൺ. അബ്രാഹം പോണാട്ട് പങ്കെടുത്തു. പരേതന് ആത്മശാന്തിയും കുടുംബാംഗങ്ങൾക്ക് അനുശോചനവും നേരുന്നു.

**3. ശ്രീ. വർക്കി ആനിക്കാത്തോട്ടത്തിൽ (87) :** ബഹു. ജേക്കബ് ആനിക്കാത്തോട്ടത്തിലച്ചന്റെ വത്സല പിതാവ് ശ്രീ. വർക്കി ആനിക്കാതോട്ടത്തിൽ (87) 2017 ജനുവരി 19ന് നിര്യാതനായി. സംസ്ക്കാരം 21-ാം തീയതി ശനിയാഴ്ച പേരാവൂർ സെന്റ് ജോസഫ്സ് ഫൊറോന ദൈവാലയ സിമിത്തേരിയിൽ നടന്നു. ഭവനത്തിലെ കർമ്മങ്ങൾക്ക് മാർ ജോർജ് ഞറളക്കാട്ട് പിതാവും പള്ളിയിലെ അന്ത്യശുശ്രുഷകൾക്ക് മാർ ജോർജ് വലിയമറ്റം പിതാവും കാർമ്മികത്വം വഹിച്ചു. പരേതന് നിത്യശാന്തി നേരുകയും സന്തപ്ത കുടുംബാംഗങ്ങൾക്ക് അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**4. ശ്രീ. ഫിലിപ്പ് വലിയകണ്ടത്തിൽ :** ബഹു. ജോസഫ് വലിയകണ്ടത്തിൽ അച്ചന്റെ അനുജൻ ഫിലിപ്പ് വലിയകണ്ടത്തിൽ (കുഞ്ഞൂഞ്ഞ്) 2017 ജനുവരി 26-ാം തീയതി എടൂരിൽ നിര്യാതനായി. മൃതസംസ്ക്കാര ശുശ്രൂഷകൾ എടൂർ സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ ജനുവരി 27-ാം തീയതി നടന്നു. മാർ ജോർജ് ഞറളക്കാട്ട് പിതാവ് മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. പരേതന് ആത്മശാന്തിയും കുടുംബാംഗങ്ങൾക്ക് അനുശോചനവും നേരുന്നു.

## 8. സ്നേഹസ്മൃതി

1. റവ. ഫാ. ജോസഫ് മഞ്ചുവള്ളിൽ - 01-02-2016
2. റവ. ഫാ. തോമസ് മറ്റപ്പള്ളിൽ - 10-02-1987
3. റവ. ഫാ. പോൾ കളപ്പുര - 11-02-1998
4. റവ. ഫാ. കുര്യൻ പാണ്ട്യാമ്മാക്കൽ - 17-02-1973
5. റവ. ഫാ. മാത്യു മണ്ണൂരാംപറമ്പിൽ - 20-02-1983
6. റവ. ഫാ. പോൾ വെട്ടിക്കനാക്കുടി - 22-02-1960
7. റവ. ഫാ. മാത്യു മുതിരചിന്തിയിൽ - 24-02-2011
8. റവ. ഫാ. മാത്യു മണ്ണുക്കുശുമ്പിൽ - 25-02-1981
9. റവ. ഫാ. ദൊസിത്തേവൂസ് ആനിത്തോട്ടം സിഎംഐ - 25-02-1989
10. റവ. ഫാ. ജോസഫ് പുത്തൻപുര - 27-02-1998

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# Priests' Home Construction

## Priests' Contribution

| | | |
|---|---|---|
| 1. | Rev. Fr. Johnson Anthyamkulam | 30,000 |
| 2. | Rev. Fr. James Puthennadayil | 15,000 |
| 3. | Rev. Fr. Joseph Puthussery | 43,000 |
| 4. | Rev. Fr. Wilson Cherumthadathil | 1,25,000 |
| 5. | Rev. Fr. John Chempananickal | 5,000 |
| 6. | Rev. Fr. Scaria Vadasseril | 10,000 |
| 7. | Rev. Fr. Thomas Vattamala | 70,532 |
| 8. | Rev. Fr. Sebastian Thazhappalil | 5,000 |
| 9. | Rev. Fr. Sebastian Ammiyanickal | 69,130 |
| 10. | Rev. Fr. Fabianose Urumpil | 71,423 |
| 11. | Rev. Fr. Joseph Kadaliyil | 30,000 |
| 12. | Rev. Fr. George Elavumkunnel (Jr.) | 8,500 |

## Institutions' Contribution

| | | |
|---|---|---|
| 1. | St. Antony's Church, Manjalampuram | 30,000 |
| 2. | Holy Family Church, Kannur | 1,00,000 |
| 3. | St. Joseph's Church, Modayaranji | 25,000 |
| 4. | Fathima Matha Church, Perumpunna | 40,000 |
| 5. | Christ the King Church, Bheemanady | 75,000 |
| 6. | Holy Family Church, Nellippara | 50,000 |
| 7. | St. Thomas Church, Kolakkadu | 50,000 |
| 8. | St. Thomas Church, Arivilanjapoil | 25,000 |
| 9. | St. Antony's Church, Thirumeni | 75,000 |
| 10. | St. Mother Theresa Church, Pariyaram | 15,000 |
| 11. | St. Joseph's Church, Mandapam | 50,000 |
| 12. | St. Joseph's Church, Panathady | 75,000 |

# മേജർ ആർച്ചുബിഷപ്പിന്റെ സന്ദേശങ്ങൾ ലഭിക്കുവാൻ പാലിക്കേണ്ട കാര്യങ്ങൾ

**Prot. No. 0042/2017** 04 ജനുവരി 2017

അഭിവന്ദ്യ മേജർ ആർച്ചുബിഷപ്പിന്റെ സന്ദേശങ്ങൾ ലഭിക്കുന്നതിനുവേണ്ടിയുള്ള നിരവധി അപേക്ഷകൾ അത്മായർ, അല്മായ സംഘടനകൾ, വൈദികർ, സമർപ്പിതർ, ഇടവകകൾ, സന്ന്യാസസമൂഹങ്ങൾ തുടങ്ങിയവയിൽനിന്നും മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായിൽ ലഭിക്കുന്നതുകൊണ്ട് ചില മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത് യുക്തമാണെന്ന് മനസ്സിലാക്കി താഴെ പറയുന്ന കാര്യങ്ങൾ അറിയിക്കുന്നു.

1. സന്ദേശങ്ങൾ ലഭിക്കേണ്ട അവസാന തീയതിക്ക് രണ്ടുമാസം മുമ്പെങ്കിലും ഇതിനുള്ള അപേക്ഷ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായിൽ ലഭിക്കണം. താമസിച്ചു ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.
2. അല്മായരുടെയും അല്മായസംഘടനകളുടെയും അപേക്ഷകളോടൊപ്പം വികാരിയച്ചന്റെ ശുപാർശക്കത്തും രൂപതാദ്ധ്യക്ഷന്റെ അംഗീകാരവും ഉണ്ടായിരിക്കണം.
3. വൈദികരുടെ അപേക്ഷകളോടൊപ്പം രൂപതാദ്ധ്യക്ഷന്റെ ശുപാർശക്കത്തും ആവശ്യമാണ്.
4. സന്യസ്തരുടെ അപേക്ഷകളോടൊപ്പം പ്രൊവിൻഷ്യൽ സുപ്പീരിയറുടെ ശുപാർശക്കത്തും ആവശ്യമാണ്.
5. മേജർ ആർച്ചുബിഷപ് പുസ്തകങ്ങൾക്ക് അവതാരിക എഴുതാറില്ല; ഒരു ആശംസാക്കുറിപ്പ് മാത്രമേ നല്കുകയുള്ളൂ.
6. സപ്ലിമെന്റുകൾക്കും സമാനമായ പൊതുപ്രസിദ്ധീകരണങ്ങൾക്കും മേജർ ആർച്ചുബിഷപ് സന്ദേശം നല്കുന്നതല്ല.
7. ഒരു പ്രത്യേക കാര്യത്തിനായി മേജർ ആർച്ചുബിഷപ് നല്കുന്ന സന്ദേശം പ്രത്യേക അനുമതി വാങ്ങാതെ മറ്റെവിടെയും പ്രസിദ്ധീകരിക്കാൻ പാടില്ല.

മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയ, സഭയുടെയും ദൈവജനത്തിന്റെയും ശുശ്രൂഷയ്ക്ക് സദാ സന്നദ്ധരാണ്.

**ഫാ. ആന്റണി കൊള്ളന്നൂർ**
മേജർ ആർക്കി എപ്പിസ്ക്കോപ്പൽ ചാൻസലർ

# അതിരൂപതായോഗം 2017

## അതിരൂപതാ യോഗത്തിന്റെ വിജയത്തിനായുള്ള പ്രാർത്ഥന

2017 നവംബർ മാസത്തിൽ നടക്കുന്ന അതിരൂപതായോഗത്തിന്റെ വിജയത്തിനായി ചൊല്ലാനുള്ള ഒരു പ്രാർത്ഥന എല്ലാ ഭവനങ്ങളിലും എത്തിക്കാനായി തയ്യാറാക്കിയിട്ടുണ്ട്. ഓരോ ഇടവകകളിലേയ്ക്കുമുള്ള പ്രാർത്ഥനകൾ ഫൊറോന കേന്ദ്രങ്ങളിൽ ഫെബ്രുവരി ആദ്യവാരത്തിൽതന്നെ എത്തിക്കുന്നതാണ്. ബഹു. ഫൊറോന വികാരിയച്ചന്മാർ അവ ഇടവകകളിൽ എത്തിച്ചുകൊടുക്കാൻ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ പ്രാർത്ഥന എല്ലാ ഇടവക ദൈവാലയങ്ങളിലും വീടുകളിലും എല്ലാ ദിവസവും അസംബ്ലി സമാപിക്കുന്നതുവരെ (2017 നവംബർ 30) ചൊല്ലുവാൻ ശ്രദ്ധിക്കുമല്ലോ.

## വിഷയം നിർദ്ദേശിക്കുക

തലശ്ശേരി അതിരൂപതാ യോഗത്തിന്റെ വിഷയങ്ങൾ നിർദ്ദേശിക്കാനുള്ള ചർച്ചകൾ ഇടവകകളിലും വാർഡുയോഗങ്ങളിലും സംഘടനകളിലും സന്ന്യാസഭവനങ്ങളിലും ആരംഭിച്ചു കാണുമെന്ന് കരുതുന്നു. വിഷയങ്ങൾ നിർദ്ദേശിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ

1. വിഷയങ്ങൾക്ക് അവലംബിക്കേണ്ട ഒരു പൊതുആശയം **"മാറുന്ന കാലത്തെ വിശ്വാസ ജീവിതം"** എന്നതായിരിക്കണം.
2. സഭാജീവിതത്തിലെ ഏതൊക്കെ മേഖലകൾ ചർച്ചയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കാം.
3. വിശ്വാസപരിശീലനം, അല്മായശാക്തീകരണം, കുടുംബപ്രേഷിതത്വം, യുവജന വിശ്വാസപരിശീലനം, കുട്ടികൾ, മാധ്യമങ്ങൾ, പ്രകൃതിസംരക്ഷണം, രാഷ്ട്രീയ-സാമൂഹ്യസാഹചര്യങ്ങൾ, ഇടവകസംവിധാനങ്ങൾ, കുടുംബകൂട്ടായ്മകൾ, സന്യസ്ത-വൈദിക ജീവിതം, ദൈവവിളി, വിദ്യാഭ്യാസരംഗം, സാമൂഹ്യസേവനരംഗം, സാമൂഹ്യതിൻമകൾ തുടങ്ങി അനേകം വിഷയങ്ങൾ ചർച്ചയ്ക്കെടുക്കാമെങ്കിലും ഏറ്റവും പ്രധാനപ്പെട്ടത് ഏത് എന്ന് കണ്ടെത്താനാണ് ഈ അഭിപ്രായ സമാഹരണം നടത്തുന്നത്. അതുകൊണ്ട് **മുൻഗണനാക്രമത്തിൽ** ഒന്നിൽ കൂടുതൽ വിഷയങ്ങൾ നിർദ്ദേശിക്കാവുന്നതാണ്.
4. നിർദ്ദേശങ്ങൾ 2017 ഫെബ്രുവരി 15ന് മുമ്പ് കൺവീനർ, അതിരൂപതാ യോഗം, പി.ബി. നമ്പർ 70, ആർച്ചുബിഷപ്സ് ഹൗസ്, തലശ്ശേരി 670101 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
സെക്രട്ടറി

**മോൺ. അലക്സ് താരാമംഗലം**
കൺവീനർ

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2: 52).**

## 1. അതിരൂപതാ മതബോധന കമ്മിറ്റി

2016-17 അധ്യയനവർഷത്തെ രണ്ടാമത്തെ അതിരൂപത മതബോധന കമ്മിറ്റി അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ അധ്യക്ഷതയിൽ 2017 മാർച്ച് 7-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ 1 മണിവരെ സന്ദേശഭവനിൽവച്ച് ചേരുന്നു. ഓരോ സന്യാസസമൂഹത്തിന്റെയും പ്രൊവിൻഷ്യലും ബഹു. ഫൊറോന വികാരിയച്ചന്മാരും മേഖലാ പ്രസിഡന്റുമാരും മറ്റ് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരുമാണ് സംബന്ധിക്കേണ്ടത്.

## 2. അതിരൂപതാ സന്ദർശകരുടെ സമ്മേളനം

അതിരൂപതാ സൺഡേസ്കൂൾ സന്ദർശകരുടെ സമ്മേളനം മാർച്ച് 25ന് ശനിയാഴ്ച്ച രാവിലെ 10.30 മുതൽ 12 മണിവരെ സന്ദേശഭവനിൽവച്ച് നടത്തപ്പെടുന്നു. ബന്ധപ്പെട്ടവർ റിപ്പോർട്ടുകൾ തയ്യാറാക്കികൊണ്ടുവരുമല്ലോ.

## 3. സഭാവിജ്ഞാനീയ ക്വിസ്

അധ്യാപകർക്കു പഠിക്കാനുള്ള 'കത്തോലിക്കാ സഭ ഇന്നലെയും ഇന്നും' എന്ന പുസ്തകത്തെ ആസ്പദമാക്കിയുള്ള സഭാവിജ്ഞാനീയ ക്വിസ് ഫെബ്രുവരി 25ന് തളിപ്പറമ്പ് ഇടവകയിൽവച്ച് രാവിലെ 10 മണിക്ക് നടത്തുന്നു. പങ്കെടുക്കുന്നവർ ഫെബ്രവരി 22-ാം തീയതിക്കുള്ളിൽ ഓഫീസിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## 4. ഹെഡ്മാസ്റ്റേഴ്സ് റീജനൽ കൂട്ടായ്മ

2016-2017 അധ്യയന വർഷത്തെ സൺഡേ സ്കൂൾ പ്രവർത്തനം വിലയിരുത്തുന്നതിനും വരുന്ന അധ്യയനവർഷത്തെക്കുറിച്ച് പ്ലാൻ ചെയ്യുന്നതിനുമായി മാർച്ച് മാസത്തിൽ ഹെഡ്മാസ്റ്റർമാരുടെ റീജനൽ കൂട്ടായ്മ നടത്തപ്പെടുന്നു. ഏല്ലാ ഹെഡ്മാസ്റ്റർമാരും കൂട്ടായ്മയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. പ്രസ്തുത മീറ്റിംഗിൽ ഓഫീസിൽ അടക്കാനുള്ള വിവിധ തുകകൾ അടച്ച് സഹകരിക്കേണ്ടതാണ്. (സ്റ്റുഡന്റ് ഫണ്ട്, ചോദ്യപേപ്പർ, ബുള്ളറ്റിൻ, വിശ്വാസോത്സവം, ലൂമെൻ എക്ലേസിയേ...)

| സ്ഥലം | തീയതി | സമയം | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|---|---|
| കാഞ്ഞങ്ങാട് | മാർച്ച് 11 ശനി | 09.00 am | പനത്തടി, തോമാപുരം, കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട്, ചെറുപുഴ |
| തളിപ്പറമ്പ് | മാർച്ച് 11 ശനി | 02.30 pm | ചെമ്പേരി, ആലക്കോട്, മേരിഗിരി, തളിപ്പറമ്പ്, വായാട്ടുപറമ്പ്, ചെമ്പന്തൊട്ടി, പൈസക്കരി |
| ഇരിട്ടി | മാർച്ച് 18 ശനി | 02.30 pm | നെല്ലിക്കാംപൊയിൽ, എടൂർ, കുന്നോത്ത്, പേരാവൂർ |

## 5. ആസ്പെക്ട് പരീക്ഷ

അധ്യാപകരുടെ പഠനഭാഗമായി നിശ്ചയിച്ചിരുന്ന ആസ്പെക്ട് പരീക്ഷ ഫെബ്രുവരി 26 ഞായറാഴ്ച്ച ഉച്ചക്ക് 2.30 മുതൽ 4.30 വരെയായിരിക്കും. ചോദ്യ പേപ്പർ 25ന് ഫൊറോന കേന്ദ്രത്തിൽനിന്ന് എടുക്കാവുന്നതാണ്. പരീക്ഷ objective type ലായിരിക്കും. ഓരോ ചോദ്യത്തിനും a b c ക്രമത്തിൽ മൂന്ന് ഉത്തരങ്ങൾ ഉണ്ടായിരിക്കും ശരിയായ ഉത്തരം വട്ടംവരച്ച് അടയാളപ്പെടുത്തുക. ഉദാ. കൂനൻകുരിശ് സത്യം നടന്ന് സ്ഥലം ഏത്? a. ഉദയംപേരൂർ (b.) മട്ടാഞ്ചേരി, c. കൊടുങ്ങല്ലൂർ. വെട്ടിതിരുത്തി അടയാളപ്പെടുത്തുന്ന ഉത്തരങ്ങൾ പരിഗണിക്കുന്നതല്ല. ദൈവശാസ്ത്ര പഠനാർത്ഥികൾ അവരുടെ answer sheet-ൽ പേര്, രജിസ്റ്റർ നമ്പർ, സെന്റർ എന്നിവ ചേർക്കേണ്ടതാണ്. ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യങ്ങൾ കൃത്യമായി അധ്യാപകരെ അറിയിക്കേണ്ടതാണ്.

## 6. വിശ്വാസോത്സവ വർക്ക് ബുക്ക്, വാർഷിക പരീക്ഷ

വിശ്വാസോത്സവ വർക്ക് ബുക്കുകളുടെ വില, വാർഷിക പരീക്ഷാ തീയതി എന്നിവ സംബന്ധിച്ച വിവരങ്ങൾ കത്ത് മുഖാന്തരം നേരിട്ട് ബഹു. വികാരിയച്ചനെയും ഹെഡ്മാസ്റ്ററെയും ഉടൻതന്നെ അറിയിക്കുന്നതായിരിക്കും.

## 7. വിശ്വാസോത്സവ ആൽബം

ഈ വർഷവും കുട്ടികൾ ഇടവകാതലത്തിൽ വിശ്വാത്സോത്സവ ആൽബം തയ്യാറാക്കേണ്ടതാണ്. അധ്യാപകർ കുട്ടികൾക്ക്വേണ്ട നിർദ്ദേശങ്ങൾ നല്കി അവരെ ഒരുക്കുമല്ലോ. കൂടുതൽ വിവരങ്ങൾ മാർച്ച് മാസത്തിലെ ബുള്ളറ്റിനിൽ കൊടുക്കുന്നതായിരിക്കും.

**വിഷയം : ഭാരത ക്രൈസ്തവ സഭയുടെ സംഭാവനകൾ**

## 8. ആദരാഞ്ജലികൾ

നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ചെട്ടിയാംപറമ്പ് സൺഡേ സ്കൂൾ അധ്യാപകനായിരുന്ന ബിജു അഞ്ചാനിക്കൽ സാറിന്റെ കുടുംബാംഗങ്ങൾക്ക് വിശ്വാസപരിശീലനകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. കഴിഞ്ഞ 27 വർഷക്കാലം സൺഡേ സ്കൂൾ അധ്യാപകനും ഹെഡ്മാസ്റ്ററും എന്ന നിലയിൽ ചെയ്ത എല്ലാ ശുശ്രൂഷകളെയും നന്ദിയോടെ അനുസ്മരിക്കുന്നു. ബിജു സാറിന്റെ ആത്മാവിന്റെ നിത്യശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ


**കെസിവൈഎം തലശ്ശേരി അതിരൂപത ഒരുക്കുന്ന വിശുദ്ധനാട് തീർത്ഥാടനം**



ഫാ. ജോർജ് കരിങ്ങാലിക്കാട്ടിലിന്റെ
ആത്മീയ നേതൃത്വത്തിൽ
**വിശുദ്ധനാട് തീർത്ഥാടനം**
(ജോർദ്ദാൻ, ഇസ്രായേൽ, പലസ്തീൻ, ഈജിപ്ത്)
2017 ഏപ്രിൽ 27ന് ആരംഭിക്കുന്നു.

**താല്പര്യമുള്ളവർ എത്രയും വേഗം സീറ്റ് ബുക്ക് ചെയ്യുക**
ഫാ. ബിജു കരിങ്ങാലിക്കാട്ടിൽ : 9744314371, 9446271011
കെസിവൈഎം ഓഫീസ് : 8281517660, 8547587078

# ഇന്റർനെറ്റ് മിഷൻ

അതിരൂപതാ ഇന്റർനെറ്റ് മിഷനിൽനിന്നും സ്നേഹാന്വേഷണങ്ങൾ... നമ്മുടെ അതിരൂപതയിലെ പള്ളികളുടെ കണക്കുകൾ കമ്പ്യൂട്ടർ വത്കരിക്കാനുള്ള പദ്ധതിയിൽ അംഗങ്ങളായ എല്ലാ ഇടവകകളോടും നന്ദി അറിയിക്കുന്നു. ഏതാനും ഇടവകകൾകൂടി ഈ പദ്ധതിയിൽ പങ്കുചേരാനുണ്ടല്ലോ. ഉടൻതന്നെ പ്രസ്തുത ഇടവകകൾ ഇന്റർനെറ്റ് മിഷനുമായി ബന്ധപ്പെട്ട് തങ്ങളുടെ അക്കൗണ്ടുകൾ പ്രവർത്തനക്ഷമമാക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. പുതിയ സാമ്പത്തിക വർഷം മുതൽ എല്ലാ പള്ളികളിലെയും മാസ വാർഷിക കണക്കുകൾ കമ്പ്യൂട്ടർവത്കൃതമായി മാത്രമേ അതിരൂപതയിൽ സ്വീകരിക്കുകയുള്ളൂ എന്നതും ഓർമ്മിക്കുമല്ലോ.

**ഹെൽപ്പ് ഡെസ്ക്ക്**

നിലവിലുള്ള ഉപഭോക്താക്കൾക്ക് സംശയങ്ങൾ ദുരീകരിക്കാൻ 8891 033 005 എന്ന നമ്പറിൽ അവധി ദിവസങ്ങൾ ഒഴികെ പകൽ സമയത്ത് വിളിക്കാവുന്നതാണ്.

**മാസതിരട്ട് അയയ്ക്കൽ**

കഴിഞ്ഞമാസങ്ങളിൽ കമ്പ്യൂട്ടറിൽ കണക്കുചെയ്തുകൊണ്ടിരിക്കുന്ന പള്ളികൾക്ക് 2017 ജനുവരി മാസംമുതലുള്ള പ്രിന്റ് എടുത്ത് അയയ്ക്കേണ്ട ആവശ്യമില്ല. പകരം ജനുവരി മാസത്തെ കണക്ക് സെലക്ട് ചെയ്തതിനു ശേഷം മെനു ഭാഗത്തുള്ള സബ്മിറ്റിംഗ് ഓപ്ഷനുകൾ പൂർത്തിയാക്കിയാൽ ആ മാസത്തെ കണക്ക് അതിരൂപതാകേന്ദ്രത്തിൽ എത്തിച്ചേരും. മാസതിരട്ട് അയയ്ക്കേണ്ട സ്റ്റെപ്പുകൾ താഴെ വിശദീകരിക്കുന്നു.

go to [menu] ➔ Click [reports] ➔ Select [receipt and payments] ➔ select a month ➔ go to side [menu] ➔ select [variefy and approve accounts] ➔ click [account submission] ➔ select [financial year and month] ➔ click [send for varification]

അതിരൂപതാകേന്ദ്രത്തിലേക്ക് അയച്ചുകഴിഞ്ഞ മാസതിരട്ടുകൾ വീണ്ടും എഡിറ്റ് ചെയ്യേണ്ട ആവശ്യം വന്നാൽ ബഹു. വികാരിയച്ചൻ ഇന്റർനെറ്റ് മിഷനുമായി ബന്ധപ്പെട്ടാൽ സാധിക്കുന്നതാണ്. ഈ പദ്ധതിയോട് സഹകരിക്കുന്ന എല്ലാവരെയും നന്ദിയോടെ അനുസ്മരിക്കുന്നു.

ഡയറക്ടർ

**ഫാ. ഡയസ് തുരുത്തിപ്പള്ളിൽ**

# ബൈബിൾ അപ്പൊസ്തൊലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. സമ്പൂർണ്ണ ബൈബിൾ പാരായണ മാസം

കെസി.ബി.സി ബൈബിൾ കമ്മീഷൻ 2017 വർഷം സമ്പൂർണ്ണ ബൈബിൾ പാരായണ വർഷമായി ആചരിക്കുന്നു. ദൈവവചനഗ്രന്ഥമായ ബൈബിൾ മുഴുവൻ വായിക്കുക എന്നത് മനുഷ്യജീവിതത്തിലെ സമുന്നതമായ തീർത്ഥാടനവും സുശക്തമായ പ്രാർത്ഥനയുമാണ്. രൂപതയിലെ ഓരോ ഭവനങ്ങളിലും ഉപയോഗിക്കാൻ സഹായകരമായ പ്ലാനറും, കലണ്ടറും തയ്യാറാക്കിയിട്ടുണ്ട്. ജനുവരി മാസത്തിൽ ഫൊറോനാ കേന്ദ്രങ്ങളിൽ കലണ്ടറും പ്ലാനറും എത്തിച്ചിട്ടുണ്ട്. ഇടവകകൾ ഫൊറോനാ കേന്ദ്രത്തിൽനിന്നും ഇവ ഓരോ ഭവനങ്ങളിലും എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

## 2. ലോഗോസ് ക്വിസ് 2016 സമ്മാനങ്ങൾ

ലോഗോസ് ക്വിസ് പരീക്ഷയുടെ സമ്മാനങ്ങൾ ഫൊറോനാ കേന്ദ്രങ്ങളിൽ എത്തിച്ചിട്ടുണ്ട്. ഓരോ ഇടവകയ്ക്കുമുള്ള സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർക്ക് അല്ലെങ്കിൽ അതിനായി നിയോഗിക്കപ്പെട്ടവർക്ക് ഫൊറോനാ കേന്ദ്രങ്ങളിൽനിന്നും അതാത് ഇടവകയുടേത് മാത്രം കൈപ്പറ്റാവുന്നതാണ്. ഫൊറോനാ കേന്ദ്രങ്ങളിലെ ബഹു. അച്ചന്മാർ അതാത് ഇടവകകളിലെ സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും കൊടുത്തുവിടാൻ ആരെയെങ്കിലും പ്രത്യേകമായി ഉത്തരവാദിത്വം ഏൽപിക്കുമല്ലോ.

25 പേരടങ്ങുന്ന ഒരു ഗണത്തിന് ഒരു സമ്മാനം എന്ന അനുപാതത്തിലാണ് സമ്മാനങ്ങൾ എത്തിച്ചിട്ടുള്ളത്. നിങ്ങളുടെ പരീക്ഷാകേന്ദ്രത്തിൽ ഏറ്റവും കൂടുതൽ മാർക്കുവാങ്ങിയ എ,ബി,സി,ഡി,ഇ,എഫ് ഗ്രൂപ്പുകളിപ്പെടുന്നവർക്ക് പ്രസ്തുത സമ്മാനങ്ങൾ കൊടുക്കാവുന്നതാണ്. ക്യാഷ് അവാർഡിന് അർഹരായവരുടെ സമ്മാനത്തുക അവരുടെ അക്കൗണ്ടിലേക്ക് Transfer ചെയ്യുന്നതായിരിക്കും.

## 3. ദൈവശാസ്ത്ര കോൺടാക്റ്റ് ക്ലാസ്സുകളുടെ സമയക്രമം

ഈ മാസം നടക്കുന്ന ദൈവശാസ്ത്ര കോൺടാക്ടുക്ലാസ്സുകളുടെ സമയക്രമം ചുവടെ ചേർക്കുന്നു. എല്ലാവരും കൃത്യസമയത്തു തന്നെ പങ്കെടുക്കുമല്ലോ.

| തിയതി | സ്ഥലം | സമയം | വിഷയം |
|---|---|---|---|
| ഫെബ്രു. 4 | ഇരിങ്ങാലക്കുട | 9.30-4.30 | ദൈവശാസ്ത്രപ്രവേശിക<br>ഇന്ത്യൻ സഭാചരിത്രം<br>തിരുസഭാ ചരിത്രം |
| ഫെബ്രു. 4 | ബൽത്തങ്ങാടി | | ഇന്ത്യൻ സഭാചരിത്രം<br>തിരുസഭാ ചരിത്രം |
| ഫെബ്രു. 5 | തലശ്ശേരി | 2.00-5.00 | ഇന്ത്യൻ സഭാചരിത്രം<br>തിരുസഭാ ചരിത്രം |
| ഫെബ്രു. 26 | അങ്കമാലി | 9.30-1.30 | ഇന്ത്യൻ സഭാചരിത്രം<br>തിരുസഭാ ചരിത്രം |
| ഫെബ്രു. 26 | ആലുവ | 2.30-5.30 | ഇന്ത്യൻ സഭാചരിത്രം<br>തിരുസഭാ ചരിത്രം |

## 4. MTh - ഡിഫൻസ്

ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദതലത്തിൽ ഉപരിപഠനം നടത്തുന്ന വിദ്യാർത്ഥികളുടെ ഡിഫൻസ് ഫെബ്രുവരി 2-ാം തീയതി തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തപ്പെടുന്നതാണ്.

## 5. റസിഡൻഷ്യൽ കോൺടാക്ട് ക്ലാസ്സ്

ദൈവശാസ്ത്രപഠനം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും ആരംഭിച്ച് ഇടയ്ക്കുവെച്ച് മുടങ്ങിപ്പോയവർക്കുമായി ഏപ്രിൽ 18,19,20 തീയതികളിൽ തലശ്ശേരിയിൽവച്ച് റസിഡൻഷ്യൽക്ലാസ്സ് (Residential Class) ഉണ്ടായി രിക്കും. തിയോളജിയുടെ ഈ അധ്യയന വർഷത്തെ എല്ലാ വിഷയങ്ങൾക്കും ക്ലാസ്സ് നൽകുന്നതായിരിക്കും. ദൈവശാസ്ത്രകോഴ്സ് പഠിക്കാൻ ആഗ്രഹി ക്കുന്നവർ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടുമായി നേരിട്ട് ബന്ധപ്പെടേണ്ടതാണ്. ക്ലാസ്സ് ദിവസങ്ങളിൽ താമസം, ഭക്ഷണം തുടങ്ങിയ ക്രമീകരണങ്ങൾ ആവശ്യ മുള്ളവർ മുൻകൂട്ടി അറിയിക്കുമല്ലോ. ക്ലാസ്സുകളുടെ ടൈംടേബിൾ അടുത്ത മാസത്തെ ബുള്ളറ്റിനിലും വെബ് സൈറ്റിലും പ്രസിദ്ധീകരിക്കുന്നതാണ്.

## 6. ല്യൂമെൻ എക്ലേസിയ - സപ്ലിമെന്ററി പരീക്ഷ

ദൈവശാസ്ത്രകോഴ്സിന്റെ പരീക്ഷകൾ മുടങ്ങിപ്പോയവർക്കായി ഫെബ്രുവരി 4,5,19,20 തീയതികളിലായി ഇരിട്ടി, തോമാപുരം, ചെമ്പേരി, പനത്തടി, ആലക്കോട്, പടന്നക്കാട് എന്നീ സെന്ററുകളിൽവച്ച് പരീക്ഷ ഉണ്ടായിരിക്കും. പരീക്ഷ എഴുതുന്നവർ ആൽഫാ ഓഫീസിൽ മുൻകൂട്ടി വിളിച്ചു പറയേണ്ടതാണ്. തിങ്കൾ മുതൽ ശനിവരെയുള്ള ദിവസങ്ങളിൽ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ മുൻകൂട്ടി അറിയിച്ചതിനുശേഷം തലശ്ശേരിയിൽവച്ച് പരീക്ഷകൾ എഴുതാവുന്നതാണ്. ക്ലാസ്സുകൂടാത്തവർക്കും പരീക്ഷ എഴുതാവുന്നതാണ്.

## 6. ദൈവശാസ്ത്ര പരീക്ഷാഫലം

2016–17 ആദ്യസെമസ്റ്ററിലെ എല്ലാവിഷയങ്ങളുടെയും ഫലം ജനുവരി 18–ാം തീയതി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. റിസൾട്ട് എന്ന ടാബിൽ ക്ലിക്ക് ചെയ്ത് ലോഗിൻ ചെയ്യുക. ലോഗിൻ – ഐ.ഡി. ഓരോരുത്തരുടെയും രജിസ്ട്രേഷൻ നമ്പർ ആയിരിക്കും. പാസ്സ് വേർഡ് alpha എന്നും വെരിഫിക്കേഷൻ കോഡ് വെബ്സൈറ്റിൽ കാണുന്ന അഞ്ചക്കനമ്പറും ചേർക്കുക. ഓരോ വിദ്യാർത്ഥിയും തങ്ങളുടെ മാർക്ക്ലിസ്റ്റ് പ്രിന്റ് ചെയ്തു സൂക്ഷിക്കേണ്ടതാണ്.

## 7. ശാലോം ദൈവശാസ്ത്രക്ലാസ്സുകൾ

ശാലോം ടെലിവിഷനിലൂടെ സംപ്രേഷണം ചെയ്യുന്ന ദൈവശാസ്ത്ര ക്ലാസ്സുകളിൽ BTh, MTh കോഴ്സുകളുടെ പാഠഭാഗങ്ങൾ സമഗ്രമായി വിശകലനം ചെയ്യുന്നതാണ്. കോൺടാക്ടുക്ലാസ്സുകളിൽ സംക്ഷിപ്തമായി മാത്രം ലഭിക്കുന്ന വ്യാഖ്യാനങ്ങൾ വിശദമായി ലഭിക്കുന്നത് ശാലോം ടെലിവിഷൻ ക്ലാസ്സുകളിലൂടെയാണ്. ഈ ക്ലാസ്സുകൾ ടെലിവിഷനിൽ സംപ്രേഷണം ചെയ്യുന്ന സമയക്രമം ചുവടെ ചേർക്കുന്നു

| **ഫെബ്രുവരി** | | | |
|---|---|---|---|
| വെള്ളി | 3,10,17,24 | രാവിലെ 8.00 | ദൈവശാസ്ത്രബിരുദം |
| ശനി | 4,11,18,25 | രാത്രി 12.00 | ദൈവശാസ്ത്രബിരുദം (ഗൾഫ് എഡിഷൻ) |
| ഞായർ | 5,12,19,26 | രാത്രി 7.30 | ദൈവശാസ്ത്രബിരുദാനന്തരബിരുദം |
| ബുധൻ | 1,8,15,22 | രാത്രി 11.30 | ദൈവശാസ്ത്ര ബിരുദാനന്തരബിരുദം (ഗൾഫ് എഡിഷൻ) |
| **ആവർത്തനം** | | | |
| ബുധൻ ഉച്ച –2.30 – ദൈവശാസ്ത്ര ബിരുദാനന്തരബിരുദം | | | |

ടെലിവിഷനിൽ കാണാൻ കഴിയാത്തവർക്ക് യു–ട്യൂബിൽ ക്ലാസ്സുകൾ ലഭ്യമാണ്.

## 8. സ്കൈപ്പ് നെറ്റുവഴിയുള്ള ക്ലാസ്സുകൾ

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പ്രതിവാരം മൂന്നു ക്ലാസ്സുകൾവീതം സ്കൈപ്പ് നെറ്റിലൂടെ സംപ്രേഷണം ചെയ്യുന്നുണ്ട്. ലോകത്തിന്റെ ഏതുഭാഗത്തുള്ള പഠിതാക്കൾക്കും ഈ തൽസമയക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്. ക്ലാസ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഇന്റർനെറ്റ് സൗകര്യവും സ്കൈപ്പ് അക്കൗണ്ടും ക്രമീകരിച്ചശേഷം Alpha Thalassery എന്ന അക്കൗ

ണ്ടിൽ ലോഗിൻ ചെയ്യുക. ആൽഫാ ഓഫീസിൽ മുൻകൂട്ടി അറിയിച്ചാൽ ഇതിനുള്ള ക്രമീകരണം ചെയ്തു തരുന്നതാണ്. ഈ മാസത്തെ സ്കൈപ്പു നെറ്റുക്ലാസ്സുകളുടെ സമയക്രമം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഫെബ്രുവരി 5,12,19,26 (ഞായർ) | 21.00 – 22.00 (09.00 10.00 pm) |
| ഫെബ്രുവരി 7,14,21,28 (ചൊവ്വ) | 21.00 – 22.00 (09.00 10.00 pm) |
| ഫെബ്രുവരി 3,10,17,24 (വെള്ളി) | 21.00 – 22.00 (09.00 10.00 pm) |

വിദേശത്തുള്ള പഠിതാക്കളെ ലക്ഷ്യമാക്കിനടത്തുന്ന ഈ ക്ലാസ്സുകളിൽ സ്വദേശികൾക്കും പങ്കെടുക്കാവുന്നതാണ്. സ്കൈപ്പുവഴിയുള്ള നാലു ക്ലാസ്സുകളിൽ പങ്കെടുക്കുന്നവർക്ക് ഒരു കോൺടാക്ട്ക്ലാസ്സിന് തുല്യമായ മാർക്ക് ലഭിക്കുന്നതാണ്.

## 9. ല്യൂമെൻ എക്ലേസിയ പരീക്ഷ – ഭാരതസഭാചരിത്രം

എല്ലാ മതാദ്ധ്യാപകർക്കും ആസ്പെക്ടിന്റെ ഭാഗമായി നടത്തുന്ന ഭാരത സഭാചരിത്രത്തിന്റെ പരീക്ഷ തന്നെയാണ് ല്യൂമെൻ എക്ലേസിയയിൽ ചേർന്ന പഠനാർത്ഥികളുടെ പരീക്ഷയും. ഫെബ്രുവരി 26–ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മണിക്ക് ഓരോ ഇടവകയിലുംവച്ച് പരീക്ഷ നടത്തപ്പെടുന്നു. ല്യൂമെൻ എക്ലേസിയ പഠനാർത്ഥികൾ അവരുടെ ഉത്തര കടലാസിൽ പേര്, രജിസ്റ്റർ നമ്പർ, സെന്റർ എന്നിവ കൃത്യമായി ചേർക്കേണ്ടതാണ്. പരീക്ഷയ്ക്ക് ഒബ്ജക്ടീവ് രീതിയിലുള്ള ചോദ്യോത്തരമായിരിക്കും. ഓരോ ചോദ്യത്തിനും എ,ബി,സി ക്രമത്തിൽ മൂന്ന് ഉത്തരങ്ങളിൽനിന്നും ശരിയായ ഉത്തരം വട്ടംവരച്ച് അടയാളപ്പെടുത്തുക.

ഉദാ. കൂനൻ കുരിശ് സത്യം നടന്ന സ്ഥലം ഏത്?

എ. ഉദയംപേരൂർ (ബി.) മട്ടാഞ്ചേരി സി. കൊടുങ്ങല്ലൂർ

വെട്ടിത്തിരുത്തി അടയാളപ്പെടുത്തുന്ന ഉത്തരങ്ങൾ പരിഗണിക്കുന്നതല്ല.

## 10. തിരുസ്സഭാചരിത്രം – പരീക്ഷ

ദൈവശാസ്ത്ര ബിരുദ കോഴ്സിലെ തിരുസഭാചരിത്രം എന്ന വിഷയത്തിന്റെ പരീക്ഷ മാർച്ച് 12–ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ അതാത് പരീക്ഷാ കേന്ദ്രങ്ങളിൽവച്ചു നടത്തുന്നതാണ്. പഠിതാക്കൾ നിശ്ചിതസമയത്തുതന്നെ ഹാജരാകണമെന്ന് ഓർമ്മിപ്പിക്കുന്നു.

## 11. സംസ്ഥാന ബൈബിൾ കലോത്സവം

2016 ഡിസംബർ 30,31 തീയതികളിൽ തലശ്ശേരി സന്ദേശഭവൻ, സാൻജോസ് സ്കൂളുകളിലായി സംസ്ഥാന ബൈബിൾ കലോത്സവം സുഗമ

മായി നടന്നു. തലശ്ശേരി അതിരൂപത ആതിഥേയത്വം വഹിച്ച സംസ്ഥാന കലോത്സവത്തിൽ എല്ലാ പ്രോത്സാഹനങ്ങളും നൽകിയ അഭിവന്ദ്യ പിതാവ് മാർ ജോർജ് ഞറളക്കാട്ടിനും മാർ ജോർജ് വലിയമറ്റം പിതാവിനും പ്രത്യേകം നന്ദി പറയുന്നു. കലോത്സവം വിജയപ്രദമാക്കുവാൻ ഏറെ സഹായിച്ച അതി രൂപതാകേന്ദ്രത്തിലെ പ്രിയ ബഹു. അച്ചൻമാർക്കും നന്ദി പറയുന്നു. 18 രൂപതകൾ പങ്കെടുത്ത സംസ്ഥാന ബൈബിൾ കലോത്സവത്തിൽ എറണാ കുളം അതിരൂപത ഒന്നാം സ്ഥാനവും വരാപ്പുഴ, കൊല്ലം രൂപതകൾ രണ്ടും മൂന്നും സ്ഥാനങ്ങളും കരസ്ഥമാക്കി. തലശ്ശേരി അതിരൂപത 60 പോയിന്റു കൾ നേടി. സമ്മാനങ്ങൾ കരസ്ഥമാക്കിയ കലാകാരന്മാർക്കും കലാകാരി കൾക്കും അഭിനന്ദനങ്ങൾ.

## തലശ്ശേരി അതിരൂപതയിൽനിന്നും സമ്മാനാർഹരായവർ

| Name | Section | Item | Grade | Parish |
|---|---|---|---|---|
| Elizabeth Tharapel | Junior | Bible Quiz | C | Vellad |
| Therese Mundakkatharppel | „ | „ | C | „ |
| George Eattumanoorkkaran | Senior | Bible Quiz | E | Kanjiradukkam |
| Tormees Xavior | „ | „ | E | „ |
| Joseph Pananthanam | Senior | Classical Music | E | Kilianthara |
| Albin Ettackal | Junior | Elocution | A | Vijayapuram |
| Elizabeth Puthenpurkkal | Senior | „ | B | Vellad |
| Ciril Vattkkunnel | „ | „ | D | Thirumeni |
| Maria Pallithazha | Junior | Folk Danc | B | Edoor |
| Anmariya Karamkunnel | Junior | Folk Danc | A | Nellickampoil |
| Theresa Nedumkallel | Senior | „ | A | Manjalapuram |
| Antreasa Alex | Junior | Group Danc | B | Padannakkad |
| Dona Saji | „ | „ | B | Padannakkad |
| Mariya Scariya Ayiramala | „ | „ | B | „ |
| Jerin JamesKoovaykkal | „ | „ | B | „ |
| PhilominaSam | „ | „ | B | „ |
| Anmariya Palakkuzhy | „ | „ | B | „ |
| Mariya Manoj | „ | „ | B | „ |
| Ann Kappalumakkal | Senior | Group Dance | B | „ |
| TharaThankachan | „ | „ | B | „ |

| | | | | |
|---|---|---|---|---|
| Annu Francis | „ | „ | B | „ |
| Dora George | „ | „ | B | „ |
| AgnusThomas | „ | „ | B | „ |
| Angel Jose | „ | „ | B | „ |
| Treesa Joseph | „ | „ | B | „ |
| Ida Olikuzhiyil | Senior | Light Music | B | Kolakkad |
| Joseph Pananthanam | „ | „ | C | Kilianthara |
| Bijina James | „ | „ | E | Edoor |
| Kathreena (Anu Jose) | Common | Margam Kali | B | Padannakkad |
| Alphonsa Vincent | „ | „ | B | „ |
| Aiswarya Thomas | „ | „ | B | „ |
| Agnus Thomas | „ | „ | B | „ |
| Dora George | „ | „ | B | „ |
| TharaThankachan | „ | „ | B | „ |
| Annu Francis | „ | „ | B | „ |
| Eva Mariya | Junior | Painting | A | Thalassery |
| AbrahamChakkanikkunnel | Senior | Painting | D | Paisakary |
| Martin Pazhooparambil | Senior | Sankeerthanalapanam | D | Vazhamala |

## സാഹിത്യമത്സര വിജയികൾ

**ലേഖനം:** സി. ശാലിനി റോസ് CMC – നെല്ലിക്കാംപൊയിൽ - I$^{st}$ Prize
**കവിത :** മരിയ ചിറ്റംവേലിൽ – ചെടിക്കുളം – III$^{rd}$ Prize

സ്നേഹപൂർവ്വം,

**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചാ, സിസ്റ്റേഴ്സ്, കുഞ്ഞുമിഷനറിമാരെ,

പുത്തൻ തീരുമാനങ്ങളുമായി പുതുവർഷത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുന്ന നമ്മുടെ ജീവിതത്തെ അല്പംകൂടി ആത്മിയതയിൽ ആഴപ്പെടുത്താൻ ഉതകുന്നതാകട്ടെ ഈ നോമ്പുകാലം. നമ്മുടെ എല്ലാ പ്രവർത്തികളും ദൈവവിചാരത്തോടെയാകാൻ, ദൈവസ്നേഹത്തിലും സഹോദരസ്നേഹത്തിലും ആഴപ്പെടുവാൻ ഈ നോമ്പിലെ ഓരോ ദിനങ്ങളിലും നമുക്ക് ജാഗരൂകരായിരിക്കാം.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : സകല മരിച്ചവരുടെയും തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധ | : വി. ബ്രിജീത്ത് |
| പ്രാർത്ഥനാനിയോഗം | : ശുദ്ധീകരണാത്മാക്കൾ |
| കാരുണ്യപ്രവൃത്തി | : ഉപദ്രവിച്ചവരോട് ക്ഷമിക്കുന്നു |
| സുകൃതജപം | : ഈശോ മറിയം യൗസേപ്പേ എന്റെ ആത്മാവിന് കൂട്ടായിരിക്കണമേ |

## 'ഗ്ലോറിയ നൈറ്റ് - 2016'

2016 ഡിസംബർ 23-ാം തീയതി വൈകുന്നേരം കരുവഞ്ചാൽ ശാന്തി ഭവനിൽവച്ച് നടന്ന അതിരൂപതാതല ക്രിസ്മസ്സ് ആഘോഷപരിപാടികൾ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു. ഫാ. ജോർജ് നരിപ്പാറ പ്രാർത്ഥനാശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്, പ്രസിഡന്റ് ശ്രീ. ജെയ്സൺ മർക്കോസ് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. കരുവഞ്ചാൽ, കാർത്തികപുരം, കുട്ടാപറമ്പ്, പരപ്പ എന്നീ ശാഖകളിലെ കുട്ടികളുടെ കലാപരിപാടികൾ, അതിരൂപതാ ഭാരവാഹികൾ നിർമ്മിച്ച പുൽക്കൂട് എന്നിവ ക്രിസ്മസ് ആഘോഷപരിപാടികൾ മനോഹരമാക്കി. വിശ്രമജീവിതം നയിക്കുന്ന ബഹു. വൈദികർക്ക് അഭിവന്ദ്യ പിതാവ് ക്രിസ്മസ്സ് സമ്മാനങ്ങൾ നൽകി. ആലക്കോട് - വായാട്ടുപറമ്പ് മേഖലകളിലെ വിവിധ ശാഖകളിൽനിന്നായി പങ്കെടുത്ത 150-ഓളം കുട്ടികൾക്ക് ശാന്തിഭവനിലെ ബഹു. വൈദികരോടൊപ്പമുള്ള 'ഗ്ലോറിയ നൈറ്റ് - 2016' മറക്കാനാവാത്ത അനുഭവമായി. കരുവഞ്ചാൽ ശാഖാ ഡയറക്ടർ ഫാ. മാത്യു പാലമറ്റം, ആലക്കോട് മേഖലാ ഡയറക്ടർ ഫാ. മാത്യു നരിക്കുഴി, ഫാ. ജിയോ പുളിക്കൽ, ഫാ. മാർട്ടിൻ വരിക്കാനിക്കൽ, വൈസ് ഡയറക്ടർ സിസ്റ്റേഴ്സ് എന്നിവർ ക്രിസ്മസ്സ്

ആഘോഷപരിപാടികളിൽ പങ്കെടുത്തു. അതിരൂപതാ സെക്രട്ടറി ശ്രീ. ബേബി പ്ലാശ്ശേരി ഏവർക്കും നന്ദി പറഞ്ഞു. ഗ്ലോറിയ നൈറ്റ് - 2016 വിജയകരമാക്കുവാൻ ആവശ്യമായ എല്ലാ സഹായസഹകരണങ്ങളും ചെയ്തു തന്ന ശാന്തിഭവൻ ഡയറക്ടർ ഫാ. മാർട്ടിൻ കിഴക്കേത്തലക്കൽ അച്ചനും എല്ലാ വൈദികർക്കും സിസ്റ്റേഴ്സിനും അതിരൂപതാ കുടുംബത്തിന്റെ നന്ദി.

## അതിരൂപതാ സംയുക്ത എക്സിക്യുട്ടീവ്

2016 ഡിസം. 31-ാം തീയതി തലശ്ശേരി സന്ദേശഭവനിൽ നടന്ന സംയുക്ത എക്സിക്യൂട്ടിവ് മീറ്റിംഗിൽവച്ച് 2017-19 വർഷത്തേയ്ക്കുള്ള പുതിയ അതിരൂപതാഭാരവാഹികൾ ചുമതലയേറ്റു. അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത് പുതിയ ഭാരവാഹികൾക്ക് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അതിരൂപതാ പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരി പുതിയ എക്സിക്യൂട്ടീവിന്റെ പ്രവർത്തനങ്ങൾ എപ്രകാരമായിരിക്കണം എന്നതിനെക്കുറിച്ച് എല്ലാവരുടെയും അഭിപ്രായങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കർമ്മപദ്ധതി അവതരിപ്പിച്ചു. മുൻ പ്രസിഡന്റ് ശ്രീ. ജെയ്സൺ മർക്കോസ് കഴിഞ്ഞ മൂന്നു വർഷത്തെ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് സംസാരിക്കുകയും എല്ലാവരുടെയും സഹായസഹകരണങ്ങൾക്ക് നന്ദി പറയുകയും ചെയ്തു.

## 'വാഗ്മി - 2016'

ചെറുപുഷ്പ മിഷൻലീഗിന്റെ നേതൃത്വത്തിൽ 5 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി നടത്തിയ പ്രസംഗപരിശീലന ക്യാമ്പ് - വാഗ്മി 2016-ൽ 50 കുട്ടികൾ പങ്കെടുത്തു. ഇന്റർനാഷണൽ സോഫ്റ്റ് സ്കിൽ ട്രെയ്നർ ശ്രീ. സജി നരിക്കുഴി ക്ലാസ്സുകൾ നയിച്ചു. അതിരൂപത ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത് ക്യാമ്പ് ഉദ്ഘാടനം ചെയ്തു അതിരൂപതാ സെക്രട്ടറി ശ്രീ. ബേബി പ്ലാശ്ശേരി സ്വാഗതം ചെയ്ത് സംസാരിച്ചു. അതിരൂപത കോർപ്പറേറ്റ് മാനേജർ ഫാ. ജെയിംസ് ചെല്ലങ്കോട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന സമാപനസമ്മേളനത്തിൽ അതിരൂപത മതബോധന ഡയറക്ടർ ഫാ. ജോർജ് കാഞ്ഞിരക്കാട്ട് കോഴ്സ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. മിഷൻലീഗ് അതിരൂപത ഭാരവാഹികളായ ടോണി ഇരുപ്പക്കാട്ട്, ജോയൽ കൈച്ചിറമറ്റം, ലിബിൻ കല്ലന്മാരുകുന്നേൽ, അനു ആശാരിക്കുന്നേൽ, അനീറ്റാ ശാസ്താംകുന്നേൽ, ബ്രദേഴ്സ് എന്നിവർ ക്യാമ്പിൽ സഹായിച്ചു.

## ഫാ. ടോം ഉഴുന്നാലിന്റെ മോചനത്തിനായി പ്രാർത്ഥനായജ്ഞം

ഐഎസ് ഭീകരരുടെ തടങ്കലിൽ കഴിയുന്ന ഫാ. ടോം ഉഴുന്നാലിന്റെ മോചനത്തിനുവേണ്ടി ചെറുപുഷ്പമിഷൻലീഗിന്റെ എല്ലാ ശാഖകളിലും ജനു

വരി 8-ാം തീയതി ഞായറാഴ്ച പ്രാർത്ഥനായജ്ഞം നടത്തി. അച്ചന്റെ മോചനത്തിനും ഭീകരപ്രവർത്തകരുടെ മാനസാന്തരത്തിനും ലോകസമാധാനത്തിനുമായി ശാഖാ ഡയറക്ടർമാരുടെ നേതൃത്വത്തിൽ കുട്ടികൾ പ്രാർത്ഥിച്ചു.

## ക്രിസ്കാർഡ് മത്സരവിജയികൾ

I[st] : - റാണി മരിയ കുന്നിന് - ആനറ

II[nd] : - ജോസഫ് കേളിമറ്റത്തിൽ - വിളമന

III[rd] : - ജെറിൻ ചെറിയമഠത്തിൽ - ചെട്ടിയാംപറമ്പ

പ്രോത്സാഹനസമ്മാനം: ആൻമരിയ മാനുവൽ - കണിച്ചാർ

## സാംഗ്ലീമിഷനിലെ എയ്ഡ്സ് രോഗികളായ കുട്ടികൾക്ക് സഹായം നൽകിയ ശാഖകൾ

കോളയാട് - 10,000

കാപ്പിമല - 1,500

കണിച്ചാർ - 1,400

ബാക്കി ശാഖകളിൽനിന്നുള്ള തുക എത്രയുംവേഗം ഓഫീസിൽ എത്തിക്കുമല്ലോ.

## ബഹു. വൈസ് ഡയറക്ടർമാരുടെ ശ്രദ്ധയ്ക്ക്

* സംഘടനാപരമായ കുടിശ്ശികകൾ ഇനിയും അടയ്ക്കാനുള്ളവർ എത്രയുംവേഗം അടച്ച് തീർത്ത് സഹകരിക്കുമല്ലോ.
* സാംഗ്ലി മിഷൻ സഹായം നൽകാത്ത ശാഖകൾ ഈ മാസംതന്നെ നൽകുവാൻ ശ്രദ്ധിക്കുമല്ലോ.
* വിശ്വാസോത്സവത്തോടനുബന്ധിച്ച് 2017-18 വർഷത്തേയ്ക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തി ലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ.

## പരീക്ഷ ഒരുക്കധ്യാനം

10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി പരിയാരം മദർഹോമിൽവച്ച് ഫെബ്രുവരി 10,11,12 തീയതികളിലും പടന്നക്കാട് പാസ്റ്ററൽ സെന്ററിൽവച്ച് ഫെബ്രു. 17,18,19 തീയതികളിലുമായി അതിരൂപത ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്തിന്റെ നേതൃത്വത്തിൽ പരീക്ഷ ഒരുക്കധ്യാനം നടക്കുന്നു. ആരംഭ ദിവസം രാവിലെ 10 മണി മുതൽ സമാപനദിവസം ഒരു മണി വരെയായിരിക്കും ധ്യാനം. കൗൺസിലിംഗ്, കുമ്പസാരം, സൗഖ്യശുശ്രൂഷ എന്നിവയും ഉണ്ടായിരിക്കും. 350 രൂപയാണ് ഫീസ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾ താഴെപറയുന്ന നമ്പറിൽ വിളിച്ച് ബുക്ക് ചെയ്യുമല്ലോ.

പടന്നക്കാട് : 8182191773, 9447687771,

മദർഹോം : 8606603101, 04972800544

## എം.റ്റി.സി. ക്യാമ്പ്

മേഖലകളിൽ ഇനിയും എം.റ്റി.സി. ക്യാമ്പ് നടത്താത്തവർ ഈ മാസം തന്നെ ക്യാമ്പ് നടത്തി രൂപതാ ക്യാമ്പിലേയ്ക്കുള്ള 3 ആൺകുട്ടികളുടെയും 3 പെൺകുട്ടികളുടെയും പേര് ഓഫീസിൽ തരേണ്ടതാണ്. മേഖലകളിൽ ക്യാമ്പ് നടത്താതെ തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളെ അതിരൂപതാ ക്യാമ്പിൽ പങ്കെടുപ്പിക്കുന്നതല്ല. രൂപതാതല എംറ്റിസി പരീക്ഷ ഈ വർഷം ഉണ്ടായിരിക്കുന്നതല്ല.

## ഏയ്ഞ്ചൽസ് മീറ്റ്

ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളെ മേഖലാതലത്തിൽ ഒരുമിച്ചുകൂട്ടി അഭിനന്ദിക്കുകയും ചെറുപുഷ്പ മിഷൻലീഗ് സംഘടനയിലേയ്ക്കുള്ള ഔദ്യോഗിക പ്രവേശനം നൽകുകയും ചെയ്യുന്നതിനായി എല്ലാ മേഖലകളിലും ഏയ്ഞ്ചൽസ് മീറ്റ് നടത്തുവാൻ ബഹു. മേഖലാ ഡയറക്ടർ അച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

## പ്രയർ ബാങ്ക്

കാരുണ്യവർഷത്തോടനുബന്ധിച്ച് കണിച്ചാർ ശാഖയിലെ മാതാപിതാക്കൾ ലോകം മുഴുവനിലുമുള്ള കുട്ടികൾക്കായി സമർപ്പിച്ച പ്രാർത്ഥനകളും സുകൃതങ്ങളും

| വി. കുർബാന | ജപമാല | സുകൃതജപം | കുരിശിന്റെ വഴി | ആശയടക്കം | ഉപവാസം |
|---|---|---|---|---|---|
| 315 | 1247 | 319390 | 32 | 250 | 150 |

## ശാഖാ - മേഖലാ വാർത്തകൾ

* നെല്ലിക്കാംപൊയിൽ മേഖലയുടെ നേതൃത്വത്തിൽ ഫാ. ടോം ഉഴുന്നാലിന്റെ മോചനത്തിനായി ദീപം തെളിച്ച് പ്രാർത്ഥന നടത്തി. അഗതിമന്ദിരം സന്ദർശിച്ച് സ്നേഹവിരുന്ന് നൽകി. മേഖലാ മാനേജിംഗ് കമ്മിറ്റി ചേർന്ന് സംസ്ഥാന മത്സരവിജയികളെ ആദരിച്ച് സമ്മാനം നൽകി.
* കുന്നോത്ത് മേഖലയുടെ നേതൃത്വത്തിൽ വാണിയപ്പാറയിൽവച്ച് നടന്ന അൾത്താര ബാലന്മാരുടെ ഏകദിന സെമിനാറിന് അതിരൂപത വൊക്കേഷൻ പ്രൊമോട്ടർ ഫാ. ജിതിൻ വയലുങ്കൽ നേതൃത്വം നൽകി. 150 കുട്ടികൾ സെമിനാറിൽ പങ്കെടുത്തു. മേഖലാതല ക്രിസ്മസ്സ് ആഘോഷപരിപാടികളുടെ ഭാഗമായി ക്രിസ്മസ്സ് സന്ദേശയാത്ര നടത്തി. മേഖലയിലെ കുട്ടികൾക്കായി നടത്തിയ മദ്യവിരുദ്ധ പ്രതിഷേധറാലിയിൽ മേഖലയിലെ 14 ശാഖകളിൽനിന്നുള്ള മുഴുവൻ കുട്ടികളും പങ്കെടുത്തു.

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഫെബ്രുവരി 12 ഞായറാഴ്ച തിരുബാലസഖ്യ ദിനമായി നാം ആചരിക്കുകയാണല്ലോ. ഇന്നത്തെ കുഞ്ഞുങ്ങളാണ് നാളയുടെ വാഗ്ദാനങ്ങൾ. ഈ നോമ്പുകാലത്ത് പ്രാർത്ഥനാ ജീവിതത്തിൽ ആഴപ്പെടുവാൻ കൊച്ചുകൊച്ചു ത്യാഗങ്ങൾ ചെയ്തും സുകൃതജപങ്ങൾ ചൊല്ലിയും കൂട്ടുകാരെ സ്നേഹിച്ചുമൊക്കെ ഈശോയുടെ പീഡാസഹനത്തിൽ നമുക്കും പങ്കുചേരാം. ഉണ്ണീശോയുടെ എല്ലാ പ്രിയകൂട്ടുകാർക്കും തിരുബാലസഖ്യദിനത്തിന്റെ പ്രാർത്ഥനാശംസകൾ...

**'നിങ്ങൾക്കറിയാമോ?' ഒക്ടോബർ മാസത്തിലെ വിജയികൾ**

| | | |
|---|---|---|
| I | അലോന ടോമി | - ആര്യപ്പറമ്പ് |
| II | എമ്മാനുവൽ മൂലംതുരുത്തിൽ | - ഇടക്കോം |
| III | തോമസ് ചാലിൽ | - ദീപഗിരി |

* മേലെചൊവ്വ ശാഖയിലെ കുട്ടികൾക്കും മാതാപിതാക്കൾക്കുമായി എസ്.ഐ. ഹരിപ്രസാദ് സൈബർ സെല്ലിനെക്കുറിച്ച് ഏകദിന സെമിനാർ നടത്തി.

## ശാഖാ സന്ദർശനങ്ങൾ - സെമിനാറുകൾ

അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത് കുന്നോത്ത്, തളിപ്പറമ്പ് മേഖലകളിലെ MTC ക്യാമ്പിൽ പങ്കെടുത്ത് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

അതിരൂപതാ പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരി കാപ്പിമല ശാഖയിലും ഏലിക്കുട്ടി എടാട്ട് കണിച്ചാർ ശാഖയിലും സന്ദർശനം നടത്തി.

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ

**'നിറംകൊടുക്കാമോ?' ഒക്ടോബർ മാസത്തിലെ വിജയികൾ**

| | | |
|---|---|---|
| I | ആൻമരിയ ഓലിക്കൽ | - പൊട്ടംപ്ലാവ് |
| II | അൽക്ക മൂത്തേടത്ത് | - ദീപഗിരി |
| III | ടെസ്സി കുറ്റിക്കാട്ടുകുന്നേൽ | - ആര്യപ്പറമ്പ് |

## അതിരൂപതാ കലോത്സവ വിജയികൾ

2017 ജനുവരി 2-ാം തീയതി ചെമ്പേരിയിൽവച്ച് നടന്ന അതിരൂപതാ കലോത്സവത്തിൽ എടൂർ, നെല്ലിക്കാംപൊയിൽ, തളിപ്പറമ്പ് മേഖലകൾ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. മത്സരത്തിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും കുട്ടികളെ പഠിപ്പിച്ചൊരുക്കിയ വൈസ് ഡയറക്ടർ സിസ്റ്റേഴ്സിനും പ്രത്യേകം നന്ദി.

## ഫാ. ജോർജ് നരിപ്പാറ പൗരോഹിത്യ സുവർണ്ണ ജൂബിലി എൻഡോവ്മെന്റ് ജേതാക്കൾ

തിരുബാലസഖ്യം അതിരൂപതാ കലോത്സവത്തിൽ പ്രസംഗമത്സരത്തിൽ ഒന്നാം സ്ഥാനം നേടുന്ന കുട്ടികൾക്കായി ഏർപ്പെടുത്തിയിരിക്കുന്ന ഫാ. ജോർജ് നരിപ്പാറ പൗരോഹിത്യ സുവർണ്ണ ജൂബിലി എൻഡോവ്മെന്റിന് കരുവഞ്ചാൽ ശാഖയിലെ തോമസ് തടിക്കൽ, ചെമ്പേരി ശാഖയിലെ സിയോൻ പൂവേലിൽ എന്നിവർ അർഹരായി.

## തിരുബാലസഖ്യദിനം

ഫെബ്രുവരി 12-ാം തീയതി ഞായറാഴ്ച തിരുബാലസഖ്യദിനം ശാഖകളിൽ സമുചിതമായി ആഘോഷിക്കുമല്ലോ. സംഘടനയെക്കുറിച്ച് കുട്ടികൾക്ക് അറിവ് ലഭിക്കത്തക്കവിധം മീറ്റിംഗുകളും കലാപരിപാടികളും റാലിയും മറ്റും സംഘടിപ്പിച്ച് ഈ ദിനത്തിന്റെ പ്രാധാന്യം കുട്ടികൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കുമല്ലോ.

## ക്രിസ്കാർഡ് മത്സരവിജയികൾ

| | | |
|---|---|---|
| Ist : | - റോസ് ടോം കണിവേലിൽ | - വായാട്ടുപറമ്പ് |
| IInd : | - ആഷിൻ ബിനോജ് | - ഏറ്റുപാറ |
| IIIrd : | - ഏയ്ഞ്ചല ബ്രിജീത്ത് | - പടുപ്പ് |

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

ചതിക്കപ്പെടരുത് എന്ന ചെറിയ തലക്കെട്ടിൽ ദർശകനിൽ വന്ന യുവജനങ്ങൾ തിരിച്ചറിയേണ്ട ചില സത്യങ്ങൾ നിങ്ങളുമായി പങ്കുവെയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഭൗതികതയോടുള്ള അഭിനിവേശവും ദൈവഭയമില്ലായ്മയും, അറിവില്ലായ്മയും, വിശ്വാസരാഹിത്യവുമാണ് അന്യമതവിശ്വാസികളെ വിവാഹം ചെയ്യുന്നതിനുള്ള പ്രകടമായ കാരണങ്ങൾ. പെറ്റുവീണ സഭയെ ഉപേക്ഷിച്ച് നമുക്കുവേണ്ടി രക്തം ചിന്തിയ കർത്താവിനെ തള്ളിപ്പറഞ്ഞ്, കൂദാശകൾ നിഷേധിക്കപ്പെട്ട അവസ്ഥയിൽ, നിത്യരക്ഷപോലും നഷ്ടപ്പെടുത്തി ഒരു വ്യക്തി നാശത്തിലേക്ക് വലിച്ചെറിയപ്പെടുന്നു. കരയ്ക്കിട്ട മീനിന്റെ അവസ്ഥയിൽ ആത്മീയമായി വേദനിക്കുന്നവർ ഈക്കൂട്ടത്തിലുണ്ട്. ഒരു കുമ്പസാരത്തിനുവേണ്ടിയും പരിശുദ്ധ കുർബാന സ്വീകരണത്തിനുവേണ്ടിയും കൊതിക്കുന്നവരെ ഇടക്കിടയിൽ കാണാം. "ധൂർത്തപുത്രനെപോലെ മാനസാന്തരവും അനുതാപവും ഉള്ളിൽ തോന്നിയിട്ടും തിരിച്ചുവരാൻ സാധിക്കാതെ പന്നിക്കൂട്ടിൽ കിടക്കാൻ വിധിക്കപ്പെട്ടവരാണ് ഞങ്ങൾ" എന്ന് സമ്മതിക്കുന്നവരും വളരെയുണ്ട്. പുരോഗമനചിന്തയുടെയും, ചോരത്തിളപ്പിന്റേയും സാമൂഹികമാറ്റങ്ങളുടെയുമൊക്കെ ചുവടുപിടിച്ച് മിശ്രവിവാഹിതരാകാൻ ഒരുമ്പെടുന്നവർ തങ്ങളെക്കാത്ത് ചതിക്കുഴികൾ ഉണ്ടെന്ന് തിരിച്ചറിയട്ടെ. ഇവിടെയെല്ലാം വിവേകമാണ് നമ്മെ നയിക്കേണ്ടത്. വിവേകി ആപത്തു കണ്ടറിഞ്ഞ് ഒഴിഞ്ഞു മാറുന്നു. (സുഭാ. 27/12) നന്മതിന്മകൾ തിരിച്ചറിയാനുള്ള വരത്തിനായി പരിശുദ്ധാത്മാവിനോട് നമുക്ക് പ്രാർത്ഥിക്കാം.

## തീരദേശക്യാമ്പ്

കാഞ്ഞങ്ങാട് മേഖലയുടെ ആതിഥേയത്വത്തിൽ 2017 ഫെബ്രുവരി 10,11,12 തീയതികളിൽ പടന്നക്കാട്വച്ച് തീരദേശക്യാമ്പ് 'തീരം 2017' നടത്തപ്പെടുന്നു. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 75 പേർക്കായിരിക്കും അവസരം ലഭിക്കുക. താത്പര്യമുള്ളവർ തലശ്ശേരി കെസിവൈഎം ഓഫീസിൽ ഫെബ്രു. 1ന് മുമ്പ് അറിയിക്കണം. രജിസ്റ്റർ ഫീസ് 400.

## സത്യമറിയാൻ

ഗുഡ്നെസ് ചാനലും തലശ്ശേരി അതിരൂപതാ കെസിവൈഎമ്മും ചേർന്നു നടത്തുന്ന യുവജനങ്ങളുടെ വിവിധങ്ങളായ സംശയങ്ങൾക്ക് ഉത്തരം നല്കുന്ന ചോദ്യോത്തരപരിപാടി ജനുവരി 5,6 തീയതികളിലായി പേരാവൂർ, നെല്ലിക്കാംപൊയിൽ ഫൊറോനകളിൽ നടത്തപ്പെട്ടു. പങ്കെടുത്ത എല്ലാ യുവജനങ്ങൾക്കും അഭിനന്ദനങ്ങൾ. എല്ലാ തിങ്കളാഴ്ചയും

രാത്രി 8.30 pm വ്യാഴാഴ്ച 12.30 pm ഞായർ 3.30 pm നും പ്രക്ഷേപണം നടക്കുന്നു.

## ഫാ. ടോമിനുവേണ്ടി ഒപ്പുശേഖരണവും സന്ദേശപ്രചാരണവും

സിറിയയിൽ മതതീവ്രവാദികളുടെ തടവറയിൽ കൊടിയ മർദ്ദനങ്ങൾ അനുഭവിക്കുന്ന ഫാ. ടോം ഉഴുന്നാലിന്റെ മോചനത്തിനായി ഭാരതസർക്കാ റിന്റെ ഭാഗത്തു നിന്നുള്ള അനാസ്ഥയ്ക്കെതിരെ കെസിവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ യുവജനങ്ങൾ ഒപ്പുശേഖരണവും പ്രചാ രണപരിപാടികളും നടത്തി. ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട്, പ്രഥമ ഒപ്പുരേഖപ്പെടുത്തി ഉദ്ഘാടനം ചെയ്തു. മാർ ജോർജ് വലിയമറ്റം, വികാരി ജനറാൾ മോൺ. അബ്രാഹം പോണാട്ട്, ചാൻസലർ ഫാ. തോമസ് തെങ്ങും പള്ളിൽ, ജുഡിഷ്യൽ വികാർ ഫാ. ജോൺസൺ കോവൂർപുത്തൻപുരയിൽ എന്നിവരും ഒപ്പുരേഖപ്പെടുത്തി ഒപ്പുശേഖരണത്തിൽ പങ്കുചേർന്നു. കണ്ണൂർ, കാസർഗോഡ് ജില്ലകളിലും ടൗണുകളിലും ബസ്സ്റ്റാന്റുകളിലും ട്രെയ്നിലും റയിൽവേ സ്റ്റേഷനുകളിലും ഒപ്പുശേഖരണവും ലഘുലേഖ വിതരണവും നടത്തി. ഇതോടൊപ്പം എല്ലാ ഇടവകകളിലും അന്നേദിവസംതന്നെ ഒപ്പു ശേഖരണവും നടത്തി. ശേഖരിച്ച ഒപ്പുകൾ പ്രധാനമന്ത്രിക്കും വിദേശകാര്യ മന്ത്രിക്കും മുഖ്യമന്ത്രിക്കും അയച്ചു കൊടുക്കും. അതിരൂപതാ പ്രസിഡന്റ് ശ്രി. ഷിജോ നിലയ്ക്കപ്പള്ളിയും ഡയറക്ടർ ഫാ. ജോർജ് കരിങ്ങാലിക്കാ ട്ടിലും നേതൃത്വം നല്കി.

**യൂത്ത് എലൈവ് :** ചെങ്ങോം യൂണിറ്റിലെ യുവജനങ്ങളെ സന്ദർശി ക്കാനും ക്ലാസ്സുകൾ നയിക്കാനുമായി ബഹു. ഡയറക്ടർ ജോർജ് കരിങ്ങാ ലിക്കാട്ടിലച്ചൻ ചെങ്ങോം ഇടവകയിൽ പോവുകയും യൂണിറ്റ് ശക്തിപ്പെടു ത്തുകയും ചെയ്തു.

## സംസ്ഥാന വാർഷിക സെനറ്റ്

എറണാകുളം നിവേദിത പാസ്റ്ററൽ സെന്ററിൽവച്ച് ജനുവരി 13 മുതൽ 15 വരെ സംസ്ഥാന വാർഷിക സെനറ്റിൽ അതിരൂപതാ ഡയറക്ടർ ബിജു കരിങ്ങാലിക്കാട്ടിലച്ചനും പ്രസിഡന്റ് ഷിജോ നിലയ്ക്കപ്പള്ളിയും ആനിമേ റ്ററും മറ്റ് സെനറ്റ് അംഗങ്ങളും പങ്കെടുത്ത് അതിരൂപതാ റിപ്പോർട്ട് അവതരി പ്പിച്ചു. സെനറ്റിൽവച്ച് 2017-വർഷത്തിലെ സംസ്ഥാന ഭാരവാഹികളെ തിര ഞ്ഞെടുത്തു. പ്രസിഡന്റ് ശ്രീ. പ്രദീപ് മാത്യു (മാവേലിക്കര) ശ്രീ. പോൾ ജോസ് (കോട്ടപ്പുറം). ശ്രീ. പ്രദീപ് മാത്യുവിനും ശ്രീ. പോൾ ജോസിനും മറ്റ് സംസ്ഥാന ഭാരവാഹികൾക്കും തലശ്ശേരി അതിരൂപതയുടെ അഭിനന്ദന ങ്ങളും വിജയാശംസകളും നേരുന്നു.

## നാഷണൽ യൂത്ത് കൺവെൻഷൻ

10-ാമത് നാഷണൽ യൂത്ത് കൺവെൻഷൻ 14 മുതൽ 22 വരെ മംഗ ലാപുരത്ത്വച്ച് നടത്തപ്പെട്ടു. കൺവെൻഷനിൽ തലശ്ശേരി അതിരൂപത

യിൽനിന്നും 23 പേർ പങ്കെടുത്തു. ഇന്ത്യയിൽ നിന്നുള്ള 14 റീജിയനുകളിൽ നിന്നായി 5000-ത്തോളം യുവജനങ്ങൾ പങ്കെടുത്തു. കേരള റീജിയനെ പ്രതി നിധികരിച്ച് തലശ്ശേരി അതിരൂപതയിലെ കലാപ്രതിഭകൾ അണിനിരന്ന നൃത്തസംഗീത കലാവിരുന്ന് ബഹു. ഡയസച്ചന്റെ നേതൃത്വത്തിൽ അര ങ്ങേറി. എല്ലാവരുടെയും അഭിനന്ദനങ്ങൾ ഏറ്റുവാങ്ങി. ഏവർക്കും ആനന്ദം നല്കുന്നതും പ്രചോദനകരവുമായ കലാവിരുന്ന് സമാപനസമ്മേളനത്തിൽ ഏറ്റവും നല്ല പ്രോഗ്രാം എന്ന നിലയിൽ വീണ്ടും അവതരിപ്പിക്കാൻ അവ സരം ലഭിച്ചു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ബഹു. ഡയസ് തുരുത്തി പ്പള്ളി അച്ചനും പൊന്നിയം ബ്രദേഴ്സിനും പങ്കെടുത്ത എല്ലായുവജനസു ഹൃത്തുക്കൾക്കും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

## ജൂബിലി സമാപനം

തലശ്ശേരി അതിരൂപത കെസിവൈഎമ്മിന്റെ രജതജൂബിലി സമാപനം ഏപ്രിൽ 23ന് പേരാവൂർ ഫൊറോനയുടെ ആതിഥേയത്വത്തിൽ പേരാവൂർ വച്ച് നടത്തപ്പെടുന്നു. വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

## വിശുദ്ധനാട് സന്ദർശനം

കെസിവൈഎം തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ വീണ്ടും ഈശോയുടെ കാലടികൾ പതിഞ്ഞ വിശുദ്ധ നാടുകളിലൂടെയുള്ള തീർത്ഥാ ടനം 2017 ഏപ്രിൽ 25നുശേഷം നടത്തപ്പെടുന്നു. മിതമായ നിരക്കിൽ ഉത്തര വാദിത്വത്തോടെ പത്ത് ദിവസത്തെ തീർത്ഥാടനയാത്രയിൽ പങ്കുചേരാൻ താത്പര്യമുള്ളവർ എത്രയുംവേഗം കെസിവൈഎം അതിരൂപത ഓഫീ സിലോ അതിരൂപതാ ഡയറക്ടർ ഫാ. ജോർജ് കരിങ്ങാലിക്കാട്ടിലിന്റെ പക്കലോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ബഹു. വികാരി അച്ചന്മാർ ഈ വിവരം പള്ളിയിൽ അറിയിച്ച് വിശ്വാസികളെ പ്രോത്സാഹിപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ബുക്കിങ്ങിനും അന്വേഷണത്തിനും**

ഫാ. ജോർജ് കരിങ്ങാലിക്കാട്ടിൽ - **9744 314 371, 9446 271 011**
കെസിവൈഎം ഓഫീസ് - **8281 517 660, 0490 2321 660**

*"ഏതു കാര്യവും പല ആവർത്തി ആലോചിച്ച് തീരുമാനിക്കുന്നത് വിവേകിയുടെ അടയാളമാണ്. എന്നാൽ ഭോഷനാകട്ടെ ആലോചന കൂടാതെ അപകടത്തിൽ ചാടുന്നു."* (ബർണാഡ്ഷ)

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കരിങ്ങാലിക്കാട്ടിൽ**
യുവജന ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

## 1. MGC - 2017

| MONTH | PERAVOOR | PADANNAKKAD | SANDESABHAVAN |
|---|---|---|---|
| FEBRUARY | 7 - 9 | 21 - 23 | Nil |
| MARCH | 7 - 9 | 21 - 23 | Nil |
| APRIL | 4 - 6 | 18 - 20, 25 - 27 | Nil |
| MAY | 2 - 4 | 16 - 18, 23 - 25 | Nil |
| JUNE | Nil | 13 - 15 | 27 - 29 |
| JULY | 4 - 6 | Nil | 25 - 27 |
| AUGUST | 8 - 10 | Nil | 22 - 24 |
| SEPTEMBER | Nil | 12 - 14 | 26 - 28 |
| OCTOBER | 10 - 12 | Nil | 24 - 26 |
| NOVEMBER | 7 - 9 | 14 - 16 | 28 - 30 |
| DECEMBER | 19 - 21 | 5 - 7 | 12 - 14 |

**പ്രത്യേക ശ്രദ്ധയ്ക്ക്:-**

1. കെ.സി.ബി.സി. ഫാമിലി കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം എം.ജി.സിയുടെ സമാപനദിനം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുവേണ്ടി ക്ലാസ് ഉണ്ടായിരിക്കും. കോഴ്സ് സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ കൈയ്യിലാണ് നൽകുക. മാതാ പിതാക്കൾ നിർബന്ധമായും ഈ ക്ലാസിൽ പങ്കെടുക്കേണ്ടതാണ്. ഇക്കാര്യം വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.

2. കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ 400 രൂപ മുൻകൂർ അടച്ച് (മണി ഓർഡർ/സെന്ററുകളിൽ നേരിട്ടുള്ള രജിസ്ട്രേഷൻ) പേര് രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. ബുക്ക് ചെയ്തതിനുശേഷം ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിലേക്ക് വിളിച്ചറിയിക്കുന്ന കാര്യം അവരെ ഓർമ്മിപ്പിക്കുമല്ലോ. സീറ്റ് ഉണ്ട് എന്ന് ഉറപ്പുവരുത്തിയതിനുശേഷം ബുക്ക് ചെയ്താൽ മതിയാവുന്നതാണ്. ബാങ്ക് ട്രാൻസ്ഫറിലൂടെയും ബുക്ക് ചെയ്യാം.

Account No : Director, Family Apostolate
South Indian Bank, Thalassery
A/c No : 0078053000073775
IFSC - SIBL 0000078

For details please contact : Ph: 0490 2343414, Mob:9400206974

### 3. വിവാഹ ഒരുക്ക സെമിനാർ

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 781-ാമത് എം.ജി.സി. കോഴ്സ് പേരാവൂർ മൗണ്ട് കാർമ്മൽ ആശ്രമത്തിൽ വച്ച് ജനവരി 3 മുതൽ 5 വരെയുള്ള തീയതികളിൽ നടത്തപ്പെട്ടു. ഈ കോഴ്സിൽ 61 ആൺകുട്ടികളും 66 പെൺകുട്ടികളും കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

### 4. എം.ജി.സി പേരന്റ്സ് മീറ്റ്

781-ാമത് എം.ജി.സി. കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനൊരുങ്ങിയ കുട്ടികളുടെ മാതാപിതാക്കളുടെ സംഗമം ജനവരി 5-ാം തീയതി പേരാവൂർ മൗണ്ട് കാർമ്മൽ ആശ്രമത്തിൽവച്ച് നടന്നു. കോഴ്സിൽ 215 ഓളം മാതാപിതാക്കൾ പങ്കുകൊണ്ടു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. അബ്രാഹം പുതുശ്ശേരി ക്ലാസെടുത്തു.

## 2. മാതൃവേദി

### 1. ജ്വാല - മാതൃവേദി പ്രതിനിധി സമ്മേളനങ്ങൾ

| തീയതി | മേഖല | പങ്കെടുക്കേണ്ടവർ | സമയം |
|---|---|---|---|
| മാർച്ച് 4 | മേരിഗിരി | മേഖല, യൂണിറ്റ് ആനിമേറ്റേഴ്സ് ഭാരവാഹികൾ | 9.30 - 2.00 |
| മാർച്ച് 11 | പേരാവൂർ | മേഖല, യൂണിറ്റ് ആനിമേറ്റേഴ്സ് ഭാരവാഹികൾ | 9.30 - 2.00 |
| മാർച്ച് 18 | വായാട്ടുപറമ്പ | മേഖല, യൂണിറ്റ് ആനിമേറ്റേഴ്സ് ഭാരവാഹികൾ | 9.30 - 2.00 |

### 2. ക്ലാസുകൾ, സെമിനാറുകൾ

ചട്ടമല സെന്റ് മേരീസ് ഇടവക ദേവാലയത്തിൽ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. അബ്രാഹം പുതുശ്ശേരി ക്ലാസെടുക്കുകയും ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും അമ്മമാർക്ക് ക്ലാസെടുക്കുകയും ചെയ്തു.

### 3. യൂണിറ്റ് മേഖലാ സന്ദർശനം

ഹരിതം 2016-ന്റെ വിജയികളെ കണ്ടെത്തുന്നതിന്റെ ഭാഗമായി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ടീം 16 മേഖലകളിലെ വരക്കാട്, തോമാപുരം, കടുമേനി, പൈസക്കരി, ജോസ്മൗണ്ട്, നടുവിൽ, കോട്ടൂർവയൽ, ഉളിക്കൽ, ഓടന്തോട്, മഞ്ഞളാംപുറം, വായാട്ടുപറമ്പ്, വെള്ളാട്, കാർത്തികപുരം, പരപ്പ, കുടിയാന്മല, രത്നഗിരി, തലശ്ശേരി, മണിക്കടവ്, കീഴ്പ്പള്ളി, വെളി

മാനം, മാനടുക്കം, പടിമരുത്, എണ്ണപ്പാറ, നീലേശ്വരം, ആനമഞ്ഞൾ, പുന്ന ക്കുന്ന്, രാജഗിരി, കോലുവള്ളി, പെരിങ്ങാല, മേരിഗിരി, കാഞ്ഞിരക്കൊല്ലി എന്നീ യൂണിറ്റുകളിലെ രണ്ട് പച്ചക്കറി തോട്ടങ്ങൾ വീതം സന്ദർശിച്ചു.

## 4. മാതൃവേദി റിപ്പോർട്ട്

2016 ഡിസംബർ വരെയുള്ള മാതൃവേദി പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ഇനിയും തന്നിട്ടില്ലാത്ത യൂണിറ്റുകൾ എത്രയും വേഗം അതിരൂപതാ കേന്ദ്ര ത്തിൽ എത്തിക്കേണ്ടതാണെന്ന് ഓർമ്മപ്പെടുത്തുന്നു.

## 5. ഹോംമിഷൻ

തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വ ത്തിൽ അതിരൂപതയിലെ വിവിധ ഇടവകകളിൽ ഹോം മിഷൻ നടന്നു വരുന്നു. അതിരൂപതാ ഹോം മിഷൻ ടീം അംഗങ്ങളും തൃശ്ശൂർ FATRI യിൽ നിന്നും പരിശീലനം സിദ്ധിച്ച സിസ്റ്റേഴ്സുമാണ് ഹോം മിഷന് നേതൃത്വം നൽകുന്നത്. വിവിധ കോൺഗ്രിഗേഷനുകൾ തനിയെ ഏറ്റെടുത്ത് നടത്തുന്ന ഹോം മിഷൻ അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് കേന്ദ്രത്തിൽ അറി യിച്ചതിനുശേഷം നടത്തുകയും ഹോം മിഷൻ നടത്തിയതിന്റെ റിപ്പോർട്ട് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ എത്തിക്കുകയും ചെയ്യുന്നത് ഉചി തമായിരിക്കും.

## 3. ഫാമിലി അപ്പൊസ്റ്റൊലേറ്റ് വെബ് സൈറ്റ്

ഫാമിലി അപ്പൊസ്റ്റൊലേറ്റ് പുതിയ വെബ് സൈറ്റ് നിർമ്മിക്കുന്നതിന്റെ പണിപ്പുരയിലാണ്. ഇനി മുതൽ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ എല്ലാ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള വിവരങ്ങളും സേവനങ്ങളും ഓൺ ലൈൻ വഴി ലഭ്യമാകും. പ്രത്യേകിച്ച് എം.ജി.സി വെബ് സൈറ്റ് വഴി രജിസ്റ്റർ ചെയ്യാൻ സാധ്യമാകും. ഏകദേശം 2 മാസത്തിനുള്ളിൽ ഈ സേവനം ലഭ്യ മാകുന്നതാണ്.

## 4. ഫാമിലി അപ്പൊസ്റ്റൊലേറ്റ് കലണ്ടർ – 2017

തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ 2017 വർഷത്തെ കലണ്ടറിന്റെ തുക അടയ്ക്കാത്തവർ ജനുവരി 30 ന് മുമ്പായി അതിരൂപതാ ഓഫീസിൽ എത്തിക്കണമെന്ന് അറിയിക്കുന്നു

## 5. അഭിനന്ദനങ്ങൾ

ക്രിസ്തുമസിനോടനുബന്ധിച്ച് മാതൃവേദിയുടെ വിവിധ യൂണിറ്റുകളും മേഖലകളും രോഗികളും നിർദ്ധനരുമായവരുടെ ഭവനങ്ങൾ സന്ദർശിക്കു

കയും ക്രിസ്തുമസ് കിറ്റ് നൽകി ക്രിസ്തുമസിന്റെ സന്തോഷവും സമാധാനവും പങ്കുവയ്ക്കുകയും ചെയ്തു. ഇതിന് നേതൃത്വം നൽകിയ ഡയറക്ടറച്ചന്മാർ, ആനിമേറ്റർമാർ, ഭാരവാഹികൾ സഹകരിച്ച അമ്മമാർ എന്നിവരെ അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ അനുമോദനം അറിയിക്കുന്നു.

## 6. കൃതജ്ഞതയോടെ

സീറോ മലബാർ മാതൃവേദിയുടെ അതിരൂപതാ ഭാരവാഹികളായി കഴിഞ്ഞ 2 വർഷം സ്തുത്യർഹമായ സേവനമനുഷ്ഠിച്ച ശ്രീമതി റെജി പോത്താനാമൂഴി, ശ്രീമതി ജാൻസി സാബു തെക്കുംതലയ്ക്കൽ, ശ്രീമതി സാലി ഫ്രാൻസിസ് കണിച്ചിറയിൽ, ശ്രീമതി സെലിൻ പൊടിമറ്റം, ശ്രീമതി ലില്ലി ജോർജ്ജ് കുളത്തുംപാട്ട് എന്നിവരെയും യൂണിറ്റ് മേഖലാ ഭാരവാഹികളെയും അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഹൃദ്യമായ നന്ദി അറിയിക്കുകയും ദൈവാനുഗ്രഹം നേരുകയും ചെയ്യുന്നു.

## 7. സ്വാഗതം

അതിരൂപതാ മാതൃവേദിയുടെ പുതിയ പ്രവർത്തന വർഷത്തിൽ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ട് ജനുവരി മുതൽ സ്ഥാനമേറ്റെടുത്ത രൂപതാ ഭാരവാഹികൾ യൂണിറ്റ്, മേഖലാ ഭാരവാഹികൾ എന്നിവർക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഹൃദയപൂർവ്വകമായ സ്വാഗതവും പ്രാർത്ഥനാശംസകളും നേരുന്നു.

**ഫാ. അബ്രാഹം പുതുശ്ശേരി**
ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ്

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## പൊതുവിജ്ഞാനപരീക്ഷ - റിസൽട്ട്

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ നേതൃത്വത്തിലുള്ള മലബാർ സിവിൽ സർവ്വീസ് ഫൗണ്ടേഷൻ പ്രോഗ്രാമിന്റെ ഭാഗമായ പൊതുവിജ്ഞാനപരീക്ഷയിൽ പന്ത്രണ്ടായിരത്തോളം കുട്ടികൾ പങ്കെടുത്തു. സിവിൽ സർവ്വീസ് മേഖലകളിലേക്കും സർക്കാർ ഉദ്യോഗങ്ങളിലേക്കും മലയോരങ്ങളിൽനിന്ന് കൂടുതൽ പേരെ എത്തിക്കാനാണ് പൊതുവിജ്ഞാനപഠനത്തിലൂടെ ലക്ഷ്യമിടുന്നത്. വിദ്യാർത്ഥികൾക്ക് പ്രോത്സാഹനവും പരിശീലനവും നൽകിയ അധ്യാപകരെ പ്രത്യേകം നന്ദിയോടെ ഓർക്കുന്നു. പരീക്ഷയുടെ റിസൽട്ട് താഴെ ചേർക്കുന്നു

**ക്ലാസ്സ് - അഞ്ച്**

1-ാം സ്ഥാനം - സൂര്യ നന്ദന, വയത്തൂർ യു.പി
2-ാം സ്ഥാനം - എമിൽ ജോസഫ്, കരിവേടകം യു.പി
3-ാം സ്ഥാനം - ഇഷിതഭായി കൃഷ്ണ, കരൂള്ളടുക്കം യു.പി
3-ാം സ്ഥാനം - സംഗീത് സൂര്യ, വയത്തൂർ യു.പി

**ക്ലാസ്സ് - ആറ്**

1-ാം സ്ഥാനം - അർഷ ബിജു തോട്ടത്തിൽ, അങ്ങാടിക്കടവ് യു.പി.
2-ാം സ്ഥാനം - അമൃത സജീവൻ, അങ്ങാടിക്കടവ് യു.പി.
3-ാം സ്ഥാനം - ദിവ്യ വി.എസ്, കരുള്ളടക്കം യു.പി.
3-ാം സ്ഥാനം - ആൻമരിയ, എടൂർ യു.പി.

**ക്ലാസ്സ് - ഏഴ്**

1-ാം സ്ഥാനം - അലീന മരിയ സിബിച്ചൻ, പൈസക്കരി യു.പി.
2-ാം സ്ഥാനം - ക്രിസ്റ്റ മരിയ ബാബു, തോമാപുരം യു.പി.
3-ാം സ്ഥാനം - തോമസ് ജെയിംസ്, കരുള്ളടക്കം യു.പി.
3-ാം സ്ഥാനം - നീനു പി ഷാജി, തൊണ്ടിയിൽ യു.പി

**ക്ലാസ്സ് - എട്ട്**

1-ാം സ്ഥാനം - പ്രശംസി പ്രദീപ്, പേരാവൂർ എച്ച്.എസ്
1-ാം സ്ഥാനം - വിൽ ക്രൈസ്റ്റ് സെബാസ്റ്റ്യൻ, തോമാപുരം എച്ച്.എസ്
2-ാം സ്ഥാനം - രഹന പി, പേരാവൂർ എച്ച്.എസ്
2-ാം സ്ഥാനം - ജിത്ത് ഫിലിപ്പോസ് സേവ്യർ, അങ്ങാടിക്കടവ് എച്ച്.എസ്
3-ാം സ്ഥാനം - ഡെനിൻ കെ ഷാജി, ചെമ്പേരി എച്ച്.എസ്

**ക്ലാസ്സ് - ഒൻപത്**

1-ാം സ്ഥാനം - എയ്ഞ്ചൽ സജി, അങ്ങാടിക്കടവ് എച്ച്.എസ്

2-ാം സ്ഥാനം - ജോഷ് മാത്യു, മണിക്കടവ് എച്ച്.എസ്

2-ാം സ്ഥാനം - അനു ടി.ജെ, മണിക്കടവ് എച്ച് എസ്

3-ാം സ്ഥാനം - ബിനീറ്റ ബെന്നി, ചന്ദനക്കാംപാറ എച്ച്.എസ്

3-ാം സ്ഥാനം - കൃഷ്ണപ്രിയ കെ, ചെമ്പന്തൊട്ടി എച്ച്.എസ്

3-ാം സ്ഥാനം - അഞ്ജിത പി, എടൂർ എച്ച്. എസ്

3-ാം സ്ഥാനം - നവ്യ ജനാർദ്ദനൻ, പാലാവയൽ എച്ച്.എസ്

3-ാം സ്ഥാനം - ഫെൻസി മരിയ ജോൺ, വായാട്ടുപറമ്പ എച്ച്.എസ്

3-ാം സ്ഥാനം - മരിയ വിജു, വായാട്ടുപറമ്പ എച്ച്.എസ്

**ക്ലാസ്സ് - പത്ത്**

1-ാം സ്ഥാനം - ആൽവിൻ ടി സണ്ണി, മണിക്കടവ് എച്ച്.എസ്

2-ാം സ്ഥാനം - ശ്രേയ സന്തോഷ്, പേരാവൂർ എച്ച്.എസ്

3-ാം സ്ഥാനം - മേരി സേവ്യർ, വായാട്ടുപറമ്പ എച്ച്.എസ്

3-ാം സ്ഥാനം - നീരജ വി.ജി, കുന്നോത്ത് എച്ച്.എസ്

**ക്ലാസ് - പതിനൊന്ന്**

1-ാം സ്ഥാനം - ശരണ്യ ഉണ്ണി, എടൂർ എച്ച്.എസ്.എസ്

2-ാം സ്ഥാനം - നവീന ജെയിംസ്, അങ്ങാടിക്കടവ് എച്ച്.എസ്.എസ്

2-ാം സ്ഥാനം - അനിജ എൽദോസ്, പേരാവൂർ എച്ച്.എസ്.എസ്

3-ാം സ്ഥാനം - സാന്ദ്ര മരിയ സജി, അങ്ങാടിക്കടവ് എച്ച്.എസ്.എസ്

3-ാം സ്ഥാനം - അഷൽ എം തോമസ്, അങ്ങാടിക്കടവ് എച്ച്.എസ്.എസ്

3-ാം സ്ഥാനം - കൃഷ്ണപ്രിയ പി.ബി, ചെമ്പേരി എച്ച്.എസ്.എസ്

3-ാം സ്ഥാനം - ക്രിസ്റ്റീന ടോം, എടൂർ എച്ച്.എസ്.എസ്

3-ാം സ്ഥാനം - വിഷ്ണുപ്രിയ പി, പേരാവൂർ എച്ച്.എസ്.എസ്

**ക്ലാസ് - പന്ത്രണ്ട്**

1-ാം സ്ഥാനം - ബിമൽ ബെന്നി, ചെമ്പേരി എച്ച്.എസ്.എസ്

1-ാം സ്ഥാനം - ദിവ്യ ജനാർദനൻ, പാലാവയൽ എച്ച്.എസ്.എസ്

2-ാം സ്ഥാനം - ജോയൽ ജോസഫ്, അങ്ങാടിക്കടവ് എച്ച്.എസ്.എസ്

3-ാം സ്ഥാനം - അഞ്ജിത രാജീവൻ, ചെമ്പേരി എച്ച്.എസ.എസ്

3-ാം സ്ഥാനം - സാന്ദ്ര മരിയ അഗസ്റ്റി, തോമാപുരം എച്ച്.എസ്.എസ്

## ചെമ്പേരി നിർമ്മല യു.പി. സ്കൂളിന്റെ പുതിയ കെട്ടിടഉദ്ഘാടനവും വെഞ്ചരിപ്പ്കർമ്മവും

ചെമ്പേരി നിർമ്മല യു.പി സ്കൂൾ പുതിയ കെട്ടിടത്തിന്റെ വെഞ്ചരിപ്പ്കർമ്മം 04-01-2017 ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2ന് അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. ശ്രീ. കെ.സി

ജോസഫ് എം.എൽ എ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. കണ്ണൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. ഖാദർ മാങ്ങാട്, മോൺ. മാത്യു എം ചാലിൽ, എരുവേശ്ശി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അഡ്വ.ജോസഫ് ഐസക് കുമരംപറമ്പിൽ തുടങ്ങിയവർ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്തു.

പഴയകെട്ടിടങ്ങൾക്കുപകരം മനോഹരമായ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നേതൃത്വം നൽകിയ ബഹു. ഡോ. ജോസഫ് കരിനാട്ടച്ചനെയും, കൈക്കാരന്മാരെയും, കമ്മിറ്റിക്കാരെയും ഇടവകസമൂഹം മുഴുവനെയും നന്ദിയോടെ ഓർക്കുന്നു.

## സദ്ഗമയ ലേഖനമത്സരം

സന്മാർഗ്ഗപാഠാവലി പുസ്തകങ്ങളിലെ സമഗ്ര വ്യക്തിത്വത്തിന്റെ പാതയിൽ, സമൂഹജീവിതത്തിന്റെ പാതയിൽ എന്നീ പുസ്തകങ്ങളാണ് യഥാക്രമം ഹയർസെക്കന്ററി പ്ലസ് 1, പ്ലസ് 2 വിദ്യാർത്ഥികൾ പഠിക്കേണ്ടത്. ഈ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ ഹയർസെക്കന്ററി വിദ്യാർത്ഥികൾക്കായി ലേഖനമത്സരം നടത്തുന്നു. കോർപ്പറേറ്റ്തല ലേഖനമത്സരം ജനുവരി 28 ശനിയാഴ്ച രാവിലെ 10.00 മണിക്ക് എടൂർ, തോമാപുരം, ചെമ്പേരി എന്നീ സെന്ററുകളിൽ നടത്തും.

ഹയർസെക്കന്ററി വിഭാഗത്തിന് മൂല്യാധിഷ്ഠിത ക്ലാസ്സുകൾ നിർബന്ധമായും നൽകാൻ പ്രിൻസിപ്പൾമാരും സ്റ്റാഫ് അംഗങ്ങളും ശ്രദ്ധിക്കണം. പതിവു പരീക്ഷ രീതികളിൽനിന്നും വ്യത്യസ്തമായി വിദ്യാർത്ഥികൾ സന്മാർഗ്ഗപാഠ വേദപാഠപുസ്തകങ്ങൾ വായിക്കാനും അതിലുപരിയായി ചിന്തിക്കാനും അവസരമൊരുക്കാനാണ് മത്സരാടിസ്ഥാനത്തിൽ ഈ പുതിയ സംരംഭം. പരീക്ഷയ്ക്ക് പകരമായതുകൊണ്ട് സ്കൂൾതല മത്സരത്തിൽ എല്ലാ വിദ്യാർത്ഥികളും പങ്കെടുക്കുന്നുവെന്ന് ഉറപ്പുവരുത്തണം.

## ന്യൂനപക്ഷ വിരുദ്ധമായ കെ.ഇ.ആർ. ഭേദഗതി

കേരളത്തിലെ എയിഡഡ് വിദ്യാഭ്യാസ മേഖലയെ പ്രതിസന്ധിയിലാക്കുന്ന ചില തീരുമാനങ്ങൾ സർക്കാർ എടുത്തിരിക്കുകയാണ്. എയിഡഡ് മാനേജ്മെന്റുകൾക്കുള്ള നിയമന അധികാരത്തെ പരിമിതപ്പെടുത്തുകയും ക്രമേണ ഇല്ലാതാക്കുകയും ചെയ്യുന്ന നിഗൂഢനീക്കങ്ങളാണ് നടക്കുന്നത്.

സർക്കാർ കെ.ഇ.ആർ. ഭേദഗതിയിലൂടെ ഇതര മാനേജ്മെന്റുകളിലെ സംരക്ഷിത അധ്യാപകരെ ന്യൂനപക്ഷ കോർപ്പറേറ്റ് മാനേജ്മെന്റുകളിൽ നിയമിക്കത്തക്ക ഉത്തരവുകളാണ് പുറപ്പെടുവിച്ചിരിക്കുന്നത്.

1. 1979 നുശേഷമുള്ള സ്കൂളുകളിലെ എല്ലാ ഒഴിവുകളിലും സംരക്ഷിത അധ്യാപകരെ നിയമിക്കണം.

2. കുട്ടികളുടെ എണ്ണക്കൂടുതൽ മൂലം ലഭിക്കുന്ന അഡീഷണൽ തസ്തികകളിൽ സംരക്ഷിത അധ്യാപകരെ സംരക്ഷിക്കണം.
3. 2015 –16 ലെ തസ്തിക നിർണ്ണയം തന്നെയായിരിക്കും 2016 –17 ലും പ്രാബല്യത്തിൽ ഉണ്ടാവുക.
4. ലീവ് വേക്കൻസികളിൽ പകരം സംരക്ഷിത അധ്യാപകരെ നിയമിക്കണം.

തുടങ്ങിയ തീരുമാനങ്ങൾ വിദ്യാഭ്യാസ മേഖലയെ പ്രതിസന്ധിയിലാക്കുകയേ ഉള്ളൂ. കഴിഞ്ഞ അധ്യയനവർഷംവരെയുള്ള മുഴുവൻ അധ്യാപക-അനധ്യാപകരുടെയും നിയമനങ്ങൾ അംഗീകരിക്കപ്പെടാനുള്ള തീരുമാനങ്ങൾ ഉണ്ടായെങ്കിലും ഈ അധ്യയനവർഷവും കഴിഞ്ഞ അഞ്ചു വർഷത്തെ പ്രതിസന്ധികൾക്ക് സമാനമായ ഒരു കാലഘട്ടത്തിലേക്കാണ് നീങ്ങുന്നത്.

കേന്ദ്രവിദ്യാഭ്യാസ അവകാശ നിയമപ്രകാരം എല്ലാ വിദ്യാലയങ്ങളിലും കലാ-കായിക അധ്യാപകരെ നിയമിക്കണം എന്ന നിർദ്ദേശമുണ്ട്. ഈ തീരുമാനപ്രകാരം എല്ലാ സർക്കാർ സ്കൂളുകളിലേയ്ക്കും സ്പെഷലിസ്റ്റ് അധ്യാപകരെ നിയമിക്കുമെന്നാണ് ആദ്യം തീരുമാനമെടുത്തത്. എന്നാൽ ഇപ്പോൾ എയിഡഡ് വിദ്യാലയങ്ങളിലേക്കും വിവിധ സ്കൂളുകളെ ക്ലബ് ചെയ്ത് സ്പെഷലിസ്റ്റ് അധ്യാപകരെ അയക്കുന്നുണ്ട്. ഇപ്രകാരമുള്ള അധ്യാപകരെ നമ്മുടെ സ്കൂളുകളിൽ സ്വീകരിക്കേണ്ട എന്നാണ് കെ.സി.ബി.സി വിദ്യാഭ്യാസകമ്മീഷന്റെയും കേരള സ്കൂൾ മാനേജേഴ്സ് അസോസിയേഷന്റെയും തീരുമാനം. കോർപ്പറേറ്റ് മാനേജ്മെന്റുകളിൽ വിവിധ സ്കൂളുകളെ ക്ലബ് ചെയ്ത് സ്പെഷലിസ്റ്റ് അധ്യാപകരെ നിയമിക്കാമെന്ന തീരുമാനത്തിന് വിരുദ്ധമായ നിലപാടാണ് ഇപ്പോൾ എടുത്തിരിക്കുന്നത്.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
കോർപ്പറേറ്റ് മാനേജർ

# വിമൽജ്യോതി വാർത്തകൾ

**ചെമ്പേരി വിമൽജ്യോതിയിൽനിന്നും നവവത്സരാശംസകൾ!**

ഇക്കഴിഞ്ഞ ദിവസങ്ങളിൽ വാർത്താമാധ്യമങ്ങളിലൂടെയും സോഷ്യൽ മീഡിയയിലൂടെയും നമ്മുടെ കോളജിനെ കരിതേച്ചു കാണിക്കാനുള്ള ഒരു ഗൂഢശ്രമം നടന്നത് അറിവുള്ളതാണല്ലോ. തൃശൂർ നെഹ്റു കോളജിലുണ്ടായ സംഭവത്തെത്തുടർന്ന് നമ്മുടെ കോളജിനെ ലക്ഷ്യംവച്ചുകൊണ്ട് ശക്തമായ ദുഷ്പ്രചരണങ്ങൾ അഴിച്ചുവിട്ടു. കോളജിന്റെ അക്കാദമിക മികവും തികഞ്ഞ അച്ചടക്കത്തോടെയുള്ള പ്രവർത്തനവും മറ്റുള്ളവരിൽ അസ്വസ്ഥത ഉണ്ടാക്കിയിരിക്കാം. കണ്ണൂർ യൂണിവേഴ്സിറ്റിയിലെ ബെസ്റ്റ് കോളജ് എന്ന പേര് നേരത്തെ തന്നെ നമുക്കുണ്ട്. എ.പി.ജെ. അബ്ദുൾ കലാം കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി നിലവിൽ വന്നതിനു ശേഷം ആദ്യം നടന്ന പൊതുപരീക്ഷയിൽതന്നെ ഉയർന്ന നിലവാരം പുലർത്താൻ നമുക്ക് കഴിഞ്ഞു. എഞ്ചിനിയറിംഗ് കോളജുകളിൽ അഡ്മിഷൻ കുറഞ്ഞുവരുന്ന ഇക്കാലത്ത് നമുക്ക് അഡ്മിഷൻ വർദ്ധിക്കുകയാണ് ചെയ്തത്. കക്ഷി രാഷ്ട്രീയ പ്രവർത്തനമില്ലാത്ത, റാഗിംങ്ങ് ഇല്ലാത്ത, മറ്റ് സാമൂഹിക തിന്മകൾക്ക് അവസരം നൽകാത്ത ഒരു കോളജ് എന്ന ഖ്യാതി അഡ്മിഷൻ വർദ്ധിക്കാൻ കാരണമായിട്ടുണ്ട്.

വിദ്യാർത്ഥികളുടെ അച്ചടക്കം നടപ്പാക്കുന്നതിന് പി.ടി.എയുടെ നിർദ്ദേശപ്രകാരം മാനേജ്മെന്റ് ഏർപ്പെടുത്തിയ ഫൈൻ സമ്പ്രദായം ആണ് ദുർവ്യാഖ്യാനം ചെയ്യപ്പെട്ടത്. വിദ്യാർത്ഥി രാഷ്ട്രീയവും, യൂണിയൻ പ്രവർത്തനവും കോളജ് ക്യാമ്പസിൽ തുടങ്ങുക എന്ന ഗൂഢലക്ഷ്യത്തോടെ വിവിധ രാഷ്ട്രീയ പാർട്ടികളും അവരുടെ വിദ്യാർത്ഥി സംഘടനകളും ശ്രമിക്കുന്നതായി നമ്മൾ മനസ്സിലാക്കി. ചർച്ചകളിലൂടെ അവരുടെ അംഗീകരിക്കാവുന്ന പല ആവശ്യങ്ങളും സമ്മതിച്ചുകൊടുക്കുകയും ധാരണയിലെത്തുകയും ചെയ്തതാണ്. കോളജിന്റെ സ്ഥാപക ചെയർമാൻ ബഹു. മോൺ. മാത്യു എം.ചാലിലച്ചന്റെയും ബഹു. ജോസഫ് കാവനാടിയിലച്ചന്റെയും സാന്നിധ്യം കോളജ് മാനേജ്മെന്റിനോടൊപ്പം ഉണ്ടായിരുന്നു. ധാരണയിലെത്തിയതിനു ശേഷം സമാധാനപരമെന്നു പറഞ്ഞ് ചില രാഷ്ട്രീയ സംഘടനകൾ കോളജു ഗെയ്റ്റുവരെ മാർച്ച് നടത്തുകയും ഗെയ്റ്റിന്റെ ക്യാബിനും ഓഡിറ്റോറിയവും തല്ലിത്തകർക്കുകയും ചെയ്തു. ശക്തമായ പോലീസ് സാന്നിധ്യമുണ്ടായിട്ടും അക്രമം തടയാൻ അവർക്ക് സാധിച്ചില്ല. അക്രമത്തിൽ പ്രതിഷേധിച്ച് അന്ന് തന്നെ കോളജ് മാനേജ്മെന്റും സ്റ്റാഫും സമീപ ടൗണിലേക്ക് ഒരു പ്രതിഷേധ പ്രകടനം നടത്തി. വിവരമറിഞ്ഞ് തലശ്ശേരിയിൽനിന്നും ഇവിടെയെത്തിയ കോളജിന്റെ ഉന്നതാധികാരസമിതിയംഗങ്ങളും കോളജ് അധികൃതരും

ചേർന്ന് കോളജ് സംരക്ഷിക്കാൻ വേണ്ട നടപടികളെക്കുറിച്ച് ചിന്തിക്കുകയും അതിരൂപത കോളജിന്റെ സംരക്ഷണം ഏറ്റെടുക്കുകയും ചെയ്യുന്നതായി അഭിവന്ദ്യപിതാവ് പ്രഖ്യാപിക്കുകയും ചെയ്തു. തൊട്ടടുത്ത ദിവസം ചെമ്പേരി ടൗണിൽ അതിരൂപതയുടെ നേതൃത്വത്തിൽ ഒരു വമ്പിച്ച പ്രതിഷേധ റാലിയും പൊതുസമ്മേളനവും നടത്തപ്പെട്ടു. വിദ്യാർത്ഥി രാഷ്ട്രീയവും അച്ചടക്കരാഹിത്യവും ഒരു കാരണവശാലും വിമൽജ്യോതി കാമ്പസിൽ അനുവദിക്കുകയില്ലായെന്ന് രൂപതാധികാരികൾ അസന്നിഗ്ധമായി പ്രഖ്യാപിച്ചു. ഈ സംഭവത്തിന്റെ ആരംഭം മുതൽ ഇന്നുവരെ സമാധാന പൂർണ്ണമായ നിലപാടുകൾ സ്വീകരിക്കാനും കോളജ് സംരക്ഷിക്കാനും മുന്നിട്ടിറങ്ങിയ നമ്മുടെ അതിരൂപതയിലെ എല്ലാ ബഹു. വൈദികരെയും സന്യസ്തരെയും വിശ്വാസസമൂഹത്തെയും നല്ലവരായ നാട്ടുകാരെയും വളരെ നന്ദിയോടെ അനുസ്മരിക്കുന്നു.

## എം.ബി.എ. വാർത്തകൾ

### 2017 എം.ബി.എ. പ്രവേശനം ആരംഭിച്ചു

2017 എം.ബി.എ. പ്രവേശനപരീക്ഷ കെ.മാറ്റിനുള്ള അപേക്ഷ മാർച്ച് മാസം 18-ന് മുമ്പായി സമർപ്പിക്കേണ്ടതാണ്. പ്രവേശനപരീക്ഷകളായ ക്യാറ്റ്, സി.മാറ്റ്, കെ.മാറ്റ് ഇവയിലേതെങ്കിലും ഒന്നിൽ യോഗ്യത നേടിയാൽ മാത്രമേ കേരളത്തിൽ എം.ബി.എ. പഠിക്കാൻ സാധിക്കുകയുള്ളു. കെ.മാറ്റ് കേരള 2017 രജിസ്ട്രേഷനും കോച്ചിംഗിനും ആവശ്യമായ വിവരങ്ങൾ അറിയാൻ വിമൽജ്യോതി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫീസുമായി ബന്ധപ്പെട്ടാൽ മതി. ഫോൺ : 9400512240/ 9400467741. ഈ വർഷം മുതൽ എം.ബി.എ.ക്ക് 10 ലക്ഷം രൂപയുടെ രണ്ട് സ്കോളർഷിപ്പുകൾ:

**ഗോൾഡൻ സ്കോളർഷിപ്പ് : ബിരുദ പരീക്ഷയുടെ അടിസ്ഥാനത്തിൽ**

എ) ഏതെങ്കിലും അംഗീകൃത ബിരുദ പരീക്ഷയിൽ 70 ശതമാനമോ അതിലധികമോ മാർക്ക് നേടിയ വിദ്യാർത്ഥികളിൽ ഏറ്റവും മികച്ച മാർക്ക് നേടിയ 20 പേർക്കാണ് നാല്പതിനായിരം രൂപ വീതം സ്കോളർഷിപ്പായി ലഭിക്കുക.

**സിൽവർ സ്കോളർഷിപ്പ്:**

പ്രവേശനപരീക്ഷയുടെ മികവിന്റെ അടിസ്ഥാനത്തിൽ വിമൽജ്യോതിയിൽവച്ച് നടത്തപ്പെടുന്ന കെ.മാറ്റ് 2017 ഫ്രീ കോച്ചിംഗിൽ പങ്കെടുക്കുകയും മികച്ച് റാങ്കുകൾ കരസ്ഥമാക്കി ഇവിടെ എം.ബി.എ. പ്രവേശനം നേടുന്ന 20 വിദ്യാർത്ഥികൾക്കാണ് പതിനായിരം രൂപവീതമുള്ള ഈ സ്കോളർഷിപ്പ് നല്കുക.

**പ്ലേസ്മെന്റ് വാർത്തകൾ**

**ജനുവരി 11, 2017:** മെഗാ ക്യാമ്പസ് റിക്രൂട്ട്മെന്റ് FLAG 2017 സംഘടിപ്പിച്ചു. 5 പ്രമുഖ കമ്പനികൾ റിക്രൂട്ട്മെന്റ് നടത്തി. അമ്പതോളം കുട്ടികൾക്ക് ജോലി ലഭിച്ചു.

**ജനുവരി 18 :** Baabtra.com, Direct Internet Solutions എന്നീ കമ്പനികൾ ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തുകയുണ്ടായി. നമ്മുടെ കുട്ടികൾ തെരഞ്ഞെടുക്കപ്പെട്ടു.

## TED x VJEC

ആഗോളതലത്തിൽ സാങ്കേതിക വിദ്യയും വിനോദപരിപാടികളും സർഗ്ഗാത്മകതയും പുതിയ തലമുറയിൽ പ്രചരിപ്പിക്കുന്നതിനുള്ള ഒരു പൊതുവേദിയാണ് TEDxVJEC (Technology Entertainment and Design) ഒരുക്കുന്നത്. 2017 ജനുവരി 14-ാം തീയതി വിമൽജ്യോതിയിൽവച്ച് ഒരു TEDxVJEC പ്രോഗ്രാം നടത്തി. വിവിധ സ്കൂളുകളിൽ നിന്നായി തിരഞ്ഞെടുക്കപ്പെട്ട നൂറോളം വിദ്യാർത്ഥികൾ പങ്കെടുത്തു. പുതിയ അറിവുകൾ, നൂതന ചിന്തകൾ അവ ലോകപുരോഗതിക്കു നൽകുന്ന സംഭാവന എന്നിവ ബോധ്യമാക്കുന്ന വീഡിയോ പ്രദർശനങ്ങളും ക്ലാസുകളും ഉണ്ടായിരുന്നു.

**പ്രസിദ്ധ ഗാന്ധിയൻ ശ്രീ.പി.വി. രാജഗോപാൽ വിമൽജ്യോതിയിൽ**

കലാപകലുഷിതമായ കണ്ണൂരിന്റെ മണ്ണിലേക്ക് സമാധാനത്തിന്റെ ശാന്തിദൂതുമായി കടന്നുവന്ന പ്രമുഖ ഗാന്ധിയൻ ശ്രീ.പി.വി. രാജഗോപാൽ വിമൽജ്യോതി സന്ദർശിച്ചു. "രാജാജി"എന്ന അപരനാമത്തിലറിയപ്പെടുന്ന അദ്ദേഹം കണ്ണൂർ ജില്ലയിലെ തില്ലങ്കേരിയിൽ ആണ് ജനിച്ചത്. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഉപരിപഠനാർത്ഥം ഉത്തരേന്ത്യയിൽ എത്തിയ അദ്ദേഹം ഗാന്ധിയൻ ദർശനങ്ങളിൽ ആകൃഷ്ടനായി വിമൽജ്യോതിയിലെ യുവ എഞ്ചിനീയർമാരോട് നിങ്ങൾ നാളെ സമാധാനത്തിന്റെ സന്ദേശ വാഹകരായ ലോകമെങ്ങുമെത്തണമെന്ന് അഭ്യർത്ഥിച്ചു.

ഉത്തരേന്ത്യയിൽ ചമ്പൽത്താഴ്വരയിലെ കൊടുംകുറ്റവാളികളായിരുന്ന അനേകരെ മഹാത്മാഗാന്ധിയുടെ അഹിംസാമാർഗ്ഗത്തിലേക്ക് മടക്കിക്കൊണ്ടുവരുവാൻ സാധിച്ച തന്റെ ജീവിതാനുഭവം വിവരിച്ചു. ലോകസമാധാനത്തിനുള്ള ശാശ്വതമാർഗ്ഗം മഹാത്മജിയുടെ അഹിംസാ സിദ്ധാന്തം ഒന്നുമാത്രമാണെന്ന് അദ്ദേഹം അടിവരയിട്ട് ഓർമ്മപ്പെടുത്തി. ഒരു നവയുഗപിറവിക്കായി യുവഎഞ്ചിനീയർമാർ ഈ സന്ദേശം ഹൃദയത്തിലേക്ക് സ്വീകരിക്കണമെന്ന് അദ്ദേഹം സ്നേഹപൂർവ്വം ഉപദേശിച്ചു.

**ഫാ. തോമസ് മേൽവെട്ടം**
ചെയർമാൻ, വിമൽജ്യോതി

# നിർമ്മലഗിരി വാർത്തകൾ

## അനുസ്മരണ പ്രഭാഷണം

നിർമ്മലഗിരി കോളേജിന്റെ ആരംഭഘട്ടം മുതൽ കോളേജിൽ പ്രവർത്തിച്ചു തുടങ്ങുകയും, ഹോംസയൻസ് വകുപ്പിന്റെ സ്ഥാപക അദ്ധ്യക്ഷ, വൈസ് പ്രിൻസിപ്പാൾ എന്നീ നിലകളിൽ ദീർഘകാലം സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുകയും ചെയ്ത റവ. സി. മാർട്ടിൻ മേരിയുടെ അനുസ്മരണാർത്ഥം കോളേജ് സ്റ്റാഫ് അസോസിയേഷന്റേയും ഹോംസയൻസ് വകുപ്പിന്റെയും നേതൃത്വത്തിൽ അനുസ്മരണപ്രഭാഷണം നടത്തി. കോളേജ് മാനേജർ മോൺ. അബ്രാഹം പോണാട്ട് മുഖ്യാതിഥിയായി പങ്കെടുത്ത ചടങ്ങിൽ ദിവ്യകാരുണ്യ ആരാധന സഭയുടെ ചങ്ങനാശ്ശേരി പ്രൊവിൻസ് എഡ്യൂക്കേഷൻ കൗൺസിലർ റവ. സി. മരിയ തെങ്ങുംതോട്ടം മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. കോളേജിൽ പുതുതായി നിർമ്മിക്കപ്പെട്ടിട്ടുള്ള ലേഡീസ് ഹോസ്റ്റൽ കം സ്റ്റഡിസെന്റർ സി. മാർട്ടിൻ മേരിയുടെ പേരിൽ സമർപ്പണ പ്രഖ്യാപനം നടത്തി.

## ബിഷപ്പ് വള്ളോപ്പിള്ളി അനുസ്മരണ പ്രസംഗ മത്സരം

നിർമ്മലഗിരി കോളേജ് സ്റ്റാഫ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ബിഷപ്പ് വള്ളോപ്പിള്ളി അനുസ്മരണ പ്രസംഗ മത്സരം സംഘടിപ്പിച്ചു. 'ബിഷപ്പ് വള്ളോപ്പിള്ളി ദർശനങ്ങളുടെ കാലികപ്രസക്തി' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ മത്സരത്തിൽ ഹിസ്റ്ററി വിഭാഗത്തിലെ ജിബിൻ ജെയിംസ് ഒന്നാം സ്ഥാനവും, ആൽബി ടോം (സുവോളജി) രണ്ടാം സ്ഥാനവും, ആൽബിൻ റോയ് (ഫിസിക്സ്) മൂന്നാം സ്ഥാനവും നേടി.

## പൂർവ്വ വിദ്യാർത്ഥി സംഗമം

നിർമ്മലഗിരി കോളേജ് ഇക്കണോമിക്സ് വിഭാഗം പൂർവ്വവിദ്യാർത്ഥി സംഗമം നടന്നു. ഡോ. എം. ഡി. ദേവസ്യ അദ്ധ്യക്ഷനായ ചടങ്ങിൽ പ്രിൻസിപ്പാൾ ഡോ. എൻ. ജെ. സെലീന, കെ. പി. എ. റഹീം, കെ. പി. അലി, കെ. സി. ഗോപിനാഥ്, പി. അച്യുതൻ, ജോൺസൺ ജോർജ്, കെ. എം. മനു എന്നിവർ സംസാരിച്ചു.

## സമാധാന സന്ദേശ പ്രഭാഷണം

കണ്ണൂർ പീസ് ഫോറത്തിന്റെ നേതൃത്വത്തിൽ നിർമ്മലഗിരി കോളേജിൽ സമാധാന സന്ദേശ പ്രഭാഷണം നടത്തി. ക്യാമ്പസുകളിൽ വർദ്ധിച്ചു വരുന്ന അസമാധാനത്തിനെതിരെയും ഹിംസാത്മക പ്രവർത്തനത്തിനെതി

രെയും വിദ്യാർത്ഥികൾ ഒത്തു ചേരണമെന്ന് യോഗത്തിൽ പ്രശസ്ത ഗാന്ധി യനും ഇന്ദിരാഗാന്ധി സമാധാന പുരസ്ക്കാര ജേതാവുമായ ഡോ. പി. വി. രാജഗോപാൽ അഭിപ്രായപ്പെട്ടു. ഫാ. ഡോ. സ്ക്കറിയ കല്ലൂർ, കോളേജ് പ്രിൻസിപ്പാൾ എൻ. ജെ. സെലീന, യൂണിയൻ ചെയർമാൻ റോമിറ്റ് സെബാസ്റ്റ്യൻ എന്നിവർ സംസാരിച്ചു.

## പ്രധിഷേധിച്ചു

മലബാറിന്റെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക എന്ന ഉന്നത ലക്ഷ്യത്തോടുകൂടി തലശ്ശേരി അതിരൂപത സ്ഥാപിച്ച് വളർത്തി യെടുത്ത ചെമ്പേരി വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിനു നേരെ നടന്ന ആക്രമണത്തിൽ നിർമ്മലഗിരി കോളേജ് സ്റ്റാഫ് സമൂഹം ഉത്ക്ക ണ്ഠയും പ്രതിഷേധവും രേഖപ്പെടുത്തി. പ്രസ്തുത സംഭവത്തെ ശക്തമായി അപലപിക്കുന്നതിനോടൊപ്പം ഉത്തരവാദികളായവർക്കെതിരെ ഉചിതമായ നടപടികൾ അധികാരികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

## സ്പോട്സ് വിജയികൾ

കണ്ണൂർ സർവ്വകലാശാല ഇന്റർ കോളേജിയേറ്റ് ആർച്ചറി മത്സരത്തിൽ കോളേജ് വനിതാ വിഭാഗം മൂന്നാം സ്ഥാനം നേടി. റസ്‌ലിംഗ് മത്സരത്തിൽ വനിതാവിഭാഗം രണ്ടാം സ്ഥാനവും പുരുഷവിഭാഗം മൂന്നാം സ്ഥാനവും നേടി.

## സിവിൽ സർവ്വീസ് പരിശീലന സെമിനാർ

കരിയർ ഗൈഡൻസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ സിവിൽ സർവ്വീസ് പരിശീലന സെമിനാർ സംഘടിപ്പിച്ചു. റിട്ട. പ്രൊഫ. ഡോ. ബേബി ജോസഫ് (സുവോളജി) ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

## യൂണിയൻ ഉത്ഘാടനം

ഈ വർഷത്തെ കോളേജ് യൂണിയൻ പ്രശസ്ത സിനിമാതാരം വിഷ്ണു ഉണ്ണികൃഷ്ണൻ, തിരക്കഥാകൃത്ത് ബിബിൻ ജോർജ്, ബിനു തൃക്കാകര എന്നിവർ ചേർന്ന് ഉത്ഘാടനം ചെയ്തു.

**PRO നിർമ്മലഗിരി കോളെജ്**

# ഇൻഫാം വാർത്തകൾ

## ഫാ. ജോസഫ് കാവനാടി രജത ജൂബിലി നിറവിൽ

ഇൻഫാം അതിരൂപതാ ഡയറക്ടർ ബഹു. ജോസഫ് കാവനാടി അച്ചൻ പൗരോഹിത്യത്തിന്റെ രജത ജൂബിലിയുടെ നിറവിലാണ്. പൗരോഹിത്യത്തിന്റെ കഴിഞ്ഞ 25 വർഷങ്ങൾ ആത്മീയരംഗത്തും സാമൂഹിക മേഖലകളിലും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ശ്രദ്ധേയമായ വ്യക്തിത്വമാണ് അച്ചന്റേത്. അച്ചൻ സേവനം ചെയ്ത ഇടവകകളിലെല്ലാം ആദ്ധ്യാത്മീകരംഗത്ത് മാതൃകാപരമായ സേവനമാണ് നടത്തിയിട്ടുള്ളത്. ഇടവകജനത്തിന്റെ ഒപ്പംനിന്ന് അവരെ സ്നേഹിച്ച് അവരുടെ വളർച്ചയിൽ നേതൃത്വം നല്കി അവരിൽ ഒരാളായി മാറുന്നു എന്നതാണ് അച്ചന്റെ പ്രത്യേകത.

ആദ്ധ്യാത്മീകരംഗത്ത് എന്നതുപോലെതന്നെ സാമൂഹ്യ, സാംസ്ക്കാരിക മേഖലകളും അച്ചന്റെ പ്രവർത്തനമണ്ഡലമായിരുന്നു. വാഴമലപള്ളി വികാരിയായി കടന്നുചെല്ലുമ്പോൾ ഇടവക ജനങ്ങളിൽ ഭൂരിഭാഗവും കുടിയൊഴിപ്പിക്കലിന്റെ ഭീഷണിയിലായിരുന്നു. സാധാരണക്കാരായ കർഷകന്റെകൂടെ നില്ക്കാൻ അച്ചൻ തീരുമാനിക്കുകയും വർഷങ്ങൾ നീണ്ട പോരാട്ടത്തിനൊടുവിൽ കർഷകർക്ക് പട്ടയം നല്കാൻ സർക്കാരിനെക്കൊണ്ട് തീരുമാനമെടുപ്പിക്കാനും സാധിച്ചു.

ഇൻഫാം സംഘടനരൂപം കൊണ്ടതുമുതൽ കാസർഗോഡ് ജില്ലാ ഡയറക്ടറായും പിന്നീട് അതിരൂപതാ ഡയറക്ടറായും പ്രവർത്തിക്കുകയും നിരവധി കർഷക സമരങ്ങൾ, രാഷ്ട്രീയ ഭരണനേതൃത്വത്തിലുള്ളവരുമായുള്ള ചർച്ചകൾ, പ്രധാനമന്ത്രി നരേന്ദ്രമോദിയുമായുള്ള കൂടിക്കാഴ്ച തുടങ്ങി കർഷകർക്കുവേണ്ടി നിരവധി ഇടപെടലുകൾ നടത്തിയും ഇൻഫാമിനെ നയിക്കുന്നു. ബഹു. അച്ചന്റെ എല്ലാ സേവനങ്ങളെയും പ്രവർത്തനങ്ങളെയും നന്ദിയോടെ അനുസ്മരിച്ചുകൊണ്ട് ജൂബിലിയുടെ മംഗളാശംസകൾ നേരുന്നു.

## ജൂബിലി സമ്മേളനം

ബഹു. ജോസഫ് കാവനാടി അച്ചന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷം തലശ്ശേരിയിൽ നടത്തുകയുണ്ടായി. അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന അനുമോദനയോഗം ശ്രീ. സണ്ണി ജോസഫ് എംഎൽഎ ഉദ്ഘാടനം നിർവ്വഹിച്ചു. അഭിവന്ദ്യ ജോർജ് വലിയമറ്റം

പിതാവ് അനുഗ്രഹപ്രഭാഷണം നടത്തി. മോൺ. അബ്രാഹം പോണാട്ട്, മോൺ. അലക്സ് താരാമംഗലം, ഫാ. ജോസഫ് ഒറ്റപ്ലാക്കൽ, ഫാ. ജോർജ് കാഞ്ഞിരക്കാട്ട്, എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ജില്ലാ ഭാരവാഹികൾ, ഇൻഫാം ജില്ലാ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

## പ്രതിഷേധിച്ചു

വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിന് നേരെയുണ്ടായ അക്രമത്തെ ഇൻഫാം കണ്ണൂർ ജില്ലാ കമ്മിറ്റി അപലപിച്ചു. മലയോര കർഷകരുടെ അദ്ധ്വാനത്തിന്റെ ഫലമായി പടുത്തുയർത്തിയ കോളേജിനെ നശിപ്പിക്കാനുള്ള ചിലരുടെ ഗൂഢശ്രമങ്ങളെ തിരിച്ചറിയണമെന്നും കുറ്റവാളികൾക്കെതിരെ നടപടിയെടുക്കാൻ സർക്കാർ തയ്യാറാകണമെന്നും ഇൻഫാം കണ്ണൂർ ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു.

## അനുമോദന സമ്മേളനം

അമ്മംകുളം ഇൻഫാം സ്വാശ്രയഗ്രൂപ്പ് ഏകോപനസമിതിയുടെ നേതൃത്വത്തിൽ പൗരോഹിത്യത്തിന്റെ രജത ജൂബിലി ആചരിക്കുന്ന ഫാ. ജോസഫ് കാവനാടിയച്ചന് ആശംസകൾ നേർന്നുകൊണ്ട് 01-01-2017ന് അമ്മംകുളം ഇൻഫാം ഓഡിറ്റോറിയത്തിൽവച്ച് സമ്മേളനം ചേരുകയുണ്ടായി. യു.ഒ. തോമസ് അദ്ധ്യക്ഷത വഹിച്ചയോഗം ഫാ. ജോസഫ് പുതുശ്ശേരി ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ. ജോസഫ് കാവനാടി, ശ്രീ. സ്ക്കറിയ നെല്ലങ്കുഴി, ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. ജെയിംസ് പുറപ്പുംകര, സണ്ണി പുല്ലുവേലിൽ, സുനിൽ എന്നിവർ പ്രസംഗിച്ചു. ബഹുമാനപ്പെട്ട അച്ചനെ പൊന്നാട അണിയിച്ചു. മെമന്റോ നല്കിയും ആദരിച്ചു.

| | |
|---|---|
| **ഫാ. ജോസഫ് ഒറ്റപ്ലാക്കൽ** | **സ്ക്കറിയ നെല്ലംകുഴി** |
| ദേശീയ ചെയർമാൻ | ജില്ലാപ്രസിഡന്റ് |

**ഫാ. ജോസഫ് കാവനാടി**
ഡയറക്ടർ

# എ.കെ.സി.സി.

## ഫാ. ടോം ഉഴുന്നാലിന്റെ മോചനം – പ്രാർത്ഥനായജ്ഞം

### അതിരൂപതാതല ഉദ്ഘാടനം – ജനുവരി 1

നമ്മുടെ കൂട്ടായ പ്രാർത്ഥനകളിലൂടെ മാത്രമെ ടോം അച്ചന്റെ മോചനം സാധ്യമാവുകയുള്ളുവെന്നും അതിനാൽ നമ്മുടെ അനുദിന പ്രാർത്ഥനകളിലും മറ്റു പ്രാർത്ഥനാവേളകളിലും അച്ചനുവേണ്ടി പ്രാർത്ഥിക്കണമെന്നും തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ആഹ്വാനം ചെയ്തു. ഉഴുന്നാലിൽ അച്ചന്റെ മോചനത്തിനായി കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ നടത്തിയ പ്രാർത്ഥനായജ്ഞത്തിന്റെ അതിരൂപതാതല ഉദ്ഘാടനം മാടത്തിൽ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ പ്രാർത്ഥനയോടെ നിർവ്വഹിക്കുകയായിരുന്നു; അഭിവന്ദ്യ പിതാവ്. ഭീകരപ്രവർത്തനങ്ങൾ നടത്തുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നമ്മൾ പ്രാർത്ഥിക്കണം. അച്ചന്റെ മോചനത്തിനായി കേന്ദ്ര സർക്കാർ നടത്തുന്ന ശ്രമങ്ങൾ പൂർണ്ണതയിലാണോ എന്ന ആശങ്ക നിലനിൽക്കുന്നുവെന്ന് അദ്ദേഹം സൂചിപ്പിച്ചു. പ്രാർത്ഥനായജ്ഞത്തിന് മാടത്തിൽ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയവികാരിയും കത്തോലിക്ക കോൺഗ്രസ് കുന്നോത്ത് ഫൊറോന ഡയറക്ടറുമായ ഫാ. ജേക്കബ് പള്ളിനീരാക്കൽ, കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപതാ പ്രസിഡന്റ് ദേവസ്യ കൊങ്ങോല, കേന്ദ്രസമിതി വൈസ് പ്രസിഡന്റ് അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ, അതിരൂപത സെക്രട്ടറി ബെന്നി പുതിയാംപുറം, യൂണിറ്റ് പ്രസിഡന്റ് മാത്യു വള്ളാംകോട്ട് എന്നിവർ നേതൃത്വം നൽകി.

## വയോജനസംഗമം – മണ്ഡളം സെന്റ് ജൂഡ് പള്ളിയിൽ ജനുവരി 3

കത്തോലിക്കാ കോൺഗ്രസ് മണ്ഡളം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വയോജന സംഗമം മണ്ഡളം സെന്റ് ജൂഡ്സ് ദൈവാലയത്തിൽ ആചരിച്ചു. രാവിലെ 10.30ന് നടന്ന ദിവ്യബലിക്കു കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത് നേതൃത്വം നൽകി. ഫൊറോന ഡയറക്ടർ ഫാ. ജോസഫ് ചാത്തനാട്ട് സിഎസ്റ്റി സഹകാർമ്മികനായിരുന്നു.

ദിവ്യബലിക്കുശേഷം നടന്ന വയോജനങ്ങളെ ആദരിക്കൽ കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത പ്രസിഡന്റ് ദേവസ്യ കൊങ്ങോല ഉദ്ഘാടനം ചെയ്തു. മണ്ഡളം ദൈവാലയ വികാരി ഫാ. തോമസ് തെരുവുംകുന്നേൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത് ആമുഖപ്രഭാഷണം നടത്തി. ഫാ. ജോസഫ് ചാത്തനാട്ട് സിഎസ്റ്റി, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ബാബു കിഴക്കേപറമ്പിൽ, ചെമ്പംതൊട്ടി ഫൊറോന പ്രസിഡന്റ് തങ്കച്ചൻ വലിയമുറത്താങ്കൽ എന്നിവർ ആശംസ

കൾ നേർന്നു. 84-ഓളം വയോജനങ്ങൾ, മതാധ്യാപകർ, മാതൃവേദി, പാരീഷ് കൗൺസിൽ അംഗങ്ങൾ, ട്രസ്റ്റിമാർ ഇടവകാംഗങ്ങൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു ജോൺ ആക്കാട്ടയിൽ, അന്നമ്മ പാലത്തുങ്കൽ എന്നിവർ മറുപടി പ്രസംഗം നടത്തി. വയോജനങ്ങളെ ഷാൾ അണിയിച്ച് ആദരിച്ചു. കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് പ്രസിഡന്റ് ജോർജ് തോണിയ്ക്കൽ സ്വാഗതവും സെക്രട്ടറി തോമസ് താഴത്തേൽ നന്ദിയും പറഞ്ഞു. തുടർന്ന് സ്നേഹവിരുന്നും നടത്തി.

## പൈസക്കരി യൂണിറ്റ് – കർഷകദിനാചരണവും കർഷകരെ ആദരിക്കലും : ജനുവരി 4

കത്തോലിക്കാ കോൺഗ്രസ് പൈസക്കരി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കർഷകദിനാചരണവും കർഷകരെ ആദരിക്കലും പൈസക്കരി പാരീഷ് ഹാളിൽ നടന്നു. 8 സോണുകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട മികച്ച 8 കർഷകരെ യോഗത്തിൽ ആദരിച്ചു. യോഗത്തിൽ യൂണിറ്റ് പ്രസിഡന്റ് വർഗ്ഗീസ് പള്ളിച്ചിറ അദ്ധ്യക്ഷം വഹിച്ചു. പൈസക്കരി ഫൊറോന വികാരി റവ. ഡോ. ജോസ് വെട്ടിക്കൽ കർഷകദിനാചരണം ഉദ്ഘാടനം ചെയ്തു. അതിരൂപത സെക്രട്ടറിമാരായ ബെന്നി പുതിയാംപുറം, ബേബി നെട്ടനാനി എന്നിവർ ആശംസകളർപ്പിച്ചു. മികച്ച കർഷകരായ ടെൻസൺ കണ്ടത്തിൻകര, ജോബി കുടക്കച്ചിറ, ടോമി ചക്കാനിക്കുന്നേൽ ജോൺസൺ ചേലക്കൽ അൽഫോൻസ് തടത്തിൽ, ജോസഫ് ആലപ്പാട്ട്, ജോയി കൊടയ്ക്കനാൽ, ജോസ് വണ്ടാംകുന്നേൽ എന്നിവരെയാണ് ആദരിച്ചത്.

## പരസ്പരസഹായനിധി

പരസ്പരസഹായനിധിയുടെ ജനുവരി മാസത്തെ ജനറൽ ബോഡി യോഗം 10-01-2017 ചൊവ്വാഴ്ച നടന്നു. ഫെബ്രുവരി മാസത്തെ യോഗം 10-02-2017 വെള്ളിയാഴ്ച ചേരുന്നതാണ്.

## അതിരൂപത ഭാരവാഹികളുടെ യോഗം ജനുവരി – 10

കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത ഭാരവാഹികളുടെ യോഗം തലശ്ശേരി സന്ദേശഭവനിൽ ചേർന്നു. ഫൊറോന കമ്മിറ്റി രൂപീകരണം 21-01-2017 ശനിയാഴ്ച 2 മണിക്കു മാലോം പാരീഷ് ഹാളിൽ ചേരുന്നതിന് തീരുമാനിച്ചു. ഫാ. ടോം ഉഴുന്നാലിന്റെ മോചനത്തിനായി കത്തോലിക്കാ കോൺഗ്രസ് പ്രതിഷേധസംഗമത്തിന് നേതൃത്വം നൽകിയവരെയും പങ്കെടുത്തവരെയും പ്രത്യേകിച്ച് വികാരിയച്ചന്മാരെയും യോഗം അഭിനന്ദിച്ചു.

## ഫാ. ടോം ഉഴുന്നാലിന്റെ മോചനം – എല്ലാ ദിവസവും ജപമാലയും കരുണകൊന്തയും : പൈസക്കരി

ഐഎസ് ഭീകരർ തട്ടികൊണ്ടുപോയി തടവിലാക്കപ്പെട്ട ഫാ. ടോം ഉഴുന്നാലിന്റെ മോചനത്തിനായി കത്തോലിക്കാ കോൺഗ്രസ് പൈസക്കരി

യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പൈസക്കരി ഇടവകയിലെ കുടുംബങ്ങളെ 7 സോണുകളായി തിരിച്ച് എല്ലാ ദിവസവും വൈകുന്നേരം 6 മണി മുതൽ കത്തോലിക്കാ കോൺഗ്രസ് ഭാരവാഹികളുടെ നേതൃത്വത്തിൽ ഓരോ സോണുകളിലുമുള്ള വീടുകളിലോ കുരിശുപള്ളികളിലോ അഖണ്ഡജപമാലയും കരുണകൊന്തയും ജനുവരി 1 മുതൽ നടത്തിവരുന്നു.

## പ്രധാനസംഭവങ്ങൾ

കേളകം ചെട്ടിയാംപറമ്പിൽ കാട്ടാനയുടെ ആക്രമണത്തിൽ മരിച്ച അഞ്ചാനിക്കൽ ബിജുവിന്റെ വസതിയിൽ കത്തോലിക്കാ കോൺഗ്രസ് ഭാരവാഹികൾ എത്തി അന്തിമോപചാരമർപ്പിച്ച് പ്രാർത്ഥിച്ച് അനുശോചനം രേഖപ്പെടുത്തി.

ചെമ്പേരി വിമൽ ജ്യോതി എഞ്ചിനിയറിംഗ് കോളേജിനെ അപകീത്തിപ്പെടുത്തുന്നതിനും പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്നതിനും ചില തല്പരകക്ഷികൾ ശ്രമം നടത്തിയതിനെതിരെ പ്രതിഷേധിക്കുകയും കോളേജിന്റെ പുരോഗതിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ വാഗ്ദാനം ചെയ്യുകയും ചെയ്തു. കോളേജിൽ ചേർന്ന വിശദീകരണയോഗത്തിലും അതിരൂപതാ ഭാരവാഹികളും മറ്റു പ്രധാന നേതാക്കളും പങ്കെടുത്തു.

## അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റി 17– 1– 2017

കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം 17– 1–2017 ചൊവ്വാഴ്ച 2 മണിക്കു സന്ദേശഭവനിൽ പ്രസിഡന്റ് ദേവസ്യ കൊങ്ങോലയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗം അതിരൂപത ഡയറക്ടർ റവ. ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് ഉത്ഘാടനം ചെയ്തു. മലയോരങ്ങളിൽ അതിരൂക്ഷമായിട്ടുള്ള വന്യമൃഗശല്യം, കേന്ദ്ര–സംസ്ഥാന ഗവണ്മേന്റുകളുടെ ബഡ്ജറ്റുകളിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ, നവംബർ മാസത്തിൽ നടക്കാനിരിക്കുന്ന അതിരൂപത യോഗത്തിന്റെ വിഷയങ്ങൾ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു.

## വന്യമൃഗശല്യം

കാട്ടാനയുടെ ആക്രമണത്തിൽ മരിച്ച അഞ്ചാനിക്കൽ ബിജുവിന്റെ ആത്മാവിന് നിത്യശാന്തി നേർന്നു. വന്യമൃഗശല്യത്തിൽനിന്ന് കർഷകരെയും കൃഷിയിടങ്ങളെയും സംരക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 25–1–2017 ബുധനാഴ്ച രാവിലെ 11 മണിക്ക് ആറളം (വളയംചാൽ) വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസിന് മുൽപിൽ ധർണ നടത്തുന്നതിനു തീരുമാനിച്ചു.

ആയതിൽ നേതൃത്വം നൽകുന്നതിനായി തോമസ് പാറക്കൽ, ബെന്നി പുതിയാംപുറം, ജയ്സൺ മർക്കോസ്, പൈലി പേമലയിൽ എന്നിവരെ ചുമതലപ്പെടുത്തി.

## കേന്ദ്രസംസ്ഥാന ബഡ്ജറ്റ് – നിർദ്ദേശങ്ങൾ

കേന്ദ്രബഡ്ജറ്റിലും സംസ്ഥാനബഡ്ജറ്റിലും ഉൾപ്പെടുത്തുവാനുള്ള കത്തോലിക്കാ കോൺഗ്രസിന്റെ നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് ബേബി നെട്ടനാനി, ജോർജ് ജോസഫ് വലിയമുറത്താങ്കൽ, സജി കേഴപ്ലാക്കൽ, ചാക്കോച്ചൻ കാരാമയിൽ എന്നിവരെ ചുമതലപ്പെടുത്തി. നിർദ്ദേശങ്ങളടങ്ങിയ പോസ്റ്റുകാർഡ് എല്ലാ യൂണിറ്റ്കളിൽനിന്നും അയക്കുന്നതിനും തീരുമാനിച്ചു.

1. അതിരുകാക്കുന്ന ജവാനെപ്പോലെ കതിരു കാക്കുന്ന കർഷകനെയും തുല്യമായി പരിഗണിക്കുക
2. ചെറുകിട നാമമാത്ര കർഷകരുടെ 5 ലക്ഷം വരെയുള്ള കാർഷിക കാർഷികേതര കടങ്ങൾ പൂർണ്ണമായും എഴുതി തള്ളണം
3. വീടില്ലാത്ത ചെറുകിട കർഷകർക്ക് 20 ലക്ഷം രൂപവരെ പലിശ രഹിത ഭവന വായ്പ അനുവദിക്കുക
4. സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി കർഷകരുടെ കൃഷിയിടങ്ങളിൽ വളർത്തുന്ന ഫലവൃക്ഷങ്ങളല്ലാത്ത മുഴുവൻ മരങ്ങളും പ്രകൃതിസംരക്ഷണത്തിന്റെ പേരിൽ ഇൻസെന്റീവ് നൽകണം
5. വന്യമൃഗങ്ങളെ വനത്തിനുള്ളിൽ മതിൽ കെട്ടിസംരക്ഷിക്കണം. നാട്ടിലിറങ്ങി ജീവനെ അപകടപ്പെടുത്തുന്ന മൃഗങ്ങളെ അപകടകാരികളായ മൃഗങ്ങളായി കണക്കാക്കി പ്രതിരോധിക്കാനുള്ള അനുവാദം നൽകണം
6. എപിഎൽ, ബിപിഎൽ പരിഗണന കൂടാതെ കർഷകർക്ക് ന്യായവിലക്കു റേഷൻ ലഭ്യമാക്കണം
7. കർകരുടെ മക്കൾക്ക് ഉപരി വിദ്യാഭ്യാസത്തിന് പലിശരഹിത വായ്പ ലഭ്യമാക്കണം

## 2017 നവംബർ അതിരൂപത യോഗം

അതിരൂപത യോഗത്തിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങളുടെ നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് ഡേവീസ് ആലങ്ങാടൻ, ജോസഫ് മുണ്ടുപാലം, ദേവസ്യ മുണ്ടപ്പള്ളി, സുരേഷ് ജോർജ്, വർഗ്ഗീസ് പള്ളിച്ചിറ എന്നിവരെ ചുമതലപ്പെടുത്തി. റിപ്പോർട്ട് ജനുവരി 31 ന് മുമ്പ് ഓഫീസിൽ നൽകേണ്ടതാണ്.

അതിരൂപത ഡയറക്ടർ, പ്രസിഡന്റ്, കേന്ദ്രകമ്മിറ്റി വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നിവർ എല്ലാസമിതികളിലെയും അംഗങ്ങളായിരിക്കും.

ചെമ്പേരി വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ സംഭവവികാസങ്ങൾ യോഗം ചർച്ചചെയ്തു. കോളേജിന്റെ സുഗമമായ പ്രവർത്ത

നങ്ങൾക്ക് എല്ലാ സഹകരണങ്ങളും യോഗം വാഗ്ദാനം ചെയ്യുകയും പിന്തുണ അറിയിക്കുകയും ചെയ്തു.

## വെള്ളരിക്കുണ്ട് ഫൊറോന കമ്മിറ്റി നവീകരണം 21-1-2017

കത്തോലിക്കാ കോൺഗ്രസ് വെള്ളരിക്കുണ്ട് ഫൊറോന കമ്മിറ്റി നവീകരണ യോഗം 21-1-2017 ശനിയാഴ്ച 2 മണിക്ക് മാലോം സെന്റ് ജോർജ് പാരീഷ് ഹാളിൽ നടന്നു. ഈ യോഗത്തിൽവെച്ച് ഭാരവാഹികളെ തിരഞ്ഞെടുത്തു. യോഗത്തിൽ അതിരൂപതാ പസിഡന്റ് ദേവസ്യ കൊങ്ങോല അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് ആമുഖഭാഷണം നടത്തി. യോഗത്തിൽ കേന്ദ്രകമ്മിറ്റി വൈസ് പ്രസിഡന്റ് വിഷയാവതരണവും ഫാ. ആന്റണി മഞ്ഞളാംകുന്നേൽ സ്വാഗതവും ആശംസിച്ചു. യോഗത്തിൽ അതിരൂപതാ സെക്രട്ടറിമാരായ ബെന്നി പുതിയാംപുറം, പീയൂസ് പറേടം തുടങ്ങിയർ സംസാരിച്ചു.

**താഴെ പറയുന്നവരെ ഫൊറോന ഭരവാഹികളായി തിരഞ്ഞെടുത്തു**

കെന്നഡി പൊടിമറ്റം (പ്രസിഡന്റ്), മോളി വാരണത്ത് (വൈ. പ്രസിഡന്റ്), ജോസ് പേണ്ടാനത്ത് (സെക്രട്ടറി), പീലിപ്പോസ് ഊത്തപ്പാറ (ട്രഷറർ), ആന്റണി അത്താഴപ്പാടം, ജോയി മൈലാടുംപാറ, സിസി കൊച്ചുപറമ്പിൽ, ജോർജ് ജോസഫ് കലയംകണ്ടം, സക്കറിയ കാഞ്ഞമല (എക്സി. മെമ്പർമാർ).

## ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് പ്രധിഷേധ റാലി, പൊതുസമ്മേളനം-18-1-2017

ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജിൽ ഡി. വൈ. എഫ്. ഐ - എസ്. എഫ്. ഐ പ്രവർത്തകർ അതിക്രമിച്ചു കയറി കോളേജിന്റെ ഇൻഡോർ സ്റ്റേഡിയത്തിന്റെ ചില്ലുകൾ തകർക്കുകയും നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തതിൽ പ്രധിഷേധിച്ചുകൊണ്ട് 18-1-2017 ബുധനാഴ്ച വൈകുന്നേരം ചെമ്പേരിയിൽ നടത്തിയ റാലിയിലും പൊതുസമ്മേളനത്തിലും പങ്കെടുത്ത മുഴുവൻ ബഹു. വൈദികർക്കും കത്തോലിക്കാ കോൺഗ്രസ് അതിരൂപത ഫൊറോന, യൂണിറ്റ് നേതാക്കൾക്കും പ്രവർത്തകർക്കും അതിരൂപത കമ്മിറ്റിയുടെ അഭിനന്ദനങ്ങളും കൃതജ്ഞതയും രേഖപ്പെടുത്തുന്നു.

സ്നേഹപൂർവ്വം,

**ദേവസ്യാ കൊങ്ങോല**
അതിരൂപതാ പ്രസിഡന്റ്

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**
ഡയറക്ടർ

# കെ. സി. ബി. സി. മദ്യവിരുദ്ധ സമിതി

## ADSU നവദർശൻ ക്യാമ്പ്

ADSU 14-ാമത് നവദർശൻ ക്യാമ്പ് 2016 ഡിസംബർ 26 മുതൽ 30 വരെ ചെമ്പന്തൊട്ടി ചെറുപുഷ്പം യുപി സ്കൂളിൽ വച്ച് നടത്തപ്പെട്ടു. 26ന് വൈകുന്നേരം 6.30ന് ADSU വൈസ് പ്രസിഡന്റ് കുമാരി ക്ലിറ്റി മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽവച്ച് ADSU സ്ഥാപകപിതാവായ ഫാ. തോമസ് തൈത്തോട്ടം നിലവിളക്ക് തെളിച്ച് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ശ്രീകണ്ഠാപുരം മുൻസിപ്പൽ കൗൺസിലർ ശ്രീ. എൻ.വി. വർഗീസ്, ചെമ്പന്തൊട്ടി ഹൈസ്കൂൾ എച്ച്എം. ശ്രീ. സോയി ജോസഫ്, ബേബി നെട്ടനാനി, കെ.എ. സേവ്യർ, അക്കമ്മ സേവ്യർ, സച്ചിൻ ഷാജി തുടങ്ങിയവർ ക്യാമ്പിന് ആശംസകൾ നേർന്ന് സംസാരിച്ചു. ADSU ജോ. സെക്രട്ടറി അർജുൻ കെ.എസ്. സ്വാഗതവും മുഹമ്മദ് സാജിദ് നന്ദിയും പ്രകാശിപ്പിച്ചു. ADSU ചീഫ് ഓർഗനൈസർ അഡ്വ. മനോജ് എം. കണ്ടത്തിൽ ക്യാമ്പിന്റെ ഉദ്ദേശലക്ഷ്യങ്ങളെപ്പറ്റിയും അംഗങ്ങൾ സ്വീകരിക്കേണ്ട പെരുമാറ്റ ശൈലികളെപ്പറ്റിയും വിശദീകരിച്ചു.

ADSU മുൻ പ്രസിഡന്റ് സച്ചിൻ ഷാജി ക്യാമ്പിന് മുന്നോടിയായി പതാക ഉയർത്തി.

ക്രിസ്മസ് ആഘോഷങ്ങളുടെ ഭാഗമായി ക്രിസ്മസ് കേക്കുമുറിച്ച് മധുരം പങ്കുവച്ചു. തുടർന്ന് കമ്പിത്തിരികളുടെയും മത്താപ്പുകളുടെയും വർണ്ണാഭസന്ധ്യയിൽ ക്യാമ്പംഗങ്ങൾ ഉണ്ണിയേശുവിന് കീർത്തനങ്ങൾ പാടി സ്തുതിച്ചു.

ക്യാമ്പ് ദിവസങ്ങളിൽ ശ്രീ. വി.വി. സുരേന്ദ്രൻ, ഡോ. ജോസ്ലറ്റ് മാത്യു, സോബിൻ തോമസ്, ശ്രീ. ജോസ് മേമടം, മാനുവൽ മാസ്റ്റർ, ആൽബിൻ മണ്ടുംപാല, സച്ചിൻ ഷാജി, അഡ്വ. മനോജ് എം. കണ്ടത്തിൽ തുടങ്ങിയവർ വിവിധ വിഷയങ്ങളെ അധികരിച്ച് ക്ലാസ്സുകൾ നയിച്ചു.

28ന് ഉച്ചയ്ക്കുശേഷം പ്രശസ്ത ടൂറിസ്റ്റുകേന്ദ്രമായ പാലക്കയംതട്ടിലേക്ക് നടത്തിയ ഔട്ടിംഗ് ക്യാമ്പംഗങ്ങൾക്ക് മറക്കാനാവാത്ത അനുഭവമായിരുന്നു.

29ന് വൈകുന്നേരം ക്യാമ്പംഗങ്ങൾ ചെമ്പന്തൊട്ടി ടൗണിലേയ്ക്ക് നടത്തിയ ആവേശകരമായ ലഹരി വിരുദ്ധ റാലിയും പൊതുസമ്മേളനവും ശ്രദ്ധേയമായിരുന്നു. കുമാരി ക്ലിറ്റി മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം ADSU മുൻ പ്രസിഡന്റും സംസ്ഥാന പ്രസംഗമത്സരവേദികളിലെ

നിറസാന്നിധ്യവുമായ മാസ്റ്റർ സച്ചിൻ ഷാജി ഉദ്ഘാടനം ചെയ്തു. സഞ്ജയ് ഷാജി, ഫാത്തിമ കരിം, നിവേദ് പുതിയവീട്ടിൽ എന്നിവർ പ്രസംഗിച്ചു. ADSU ജനറൽ സെക്രട്ടറി മാസ്റ്റർ റോഷിൻ ബെന്നി സ്വാഗതവും അർജുൻ കെ. എസ്. നന്ദിയും പറഞ്ഞു.

ലഹരിവിരുദ്ധ റാലിക്ക് മാസ്റ്റർ ഡാൽവിൻ, അമൽ, അലീന, മുഹമ്മദ് സാജിദ്, കെവിൻ വർഗീസ്, മെറിൻ ഇഗ്നേഷ്യസ് തുടങ്ങിയവർ നേതൃത്വം കൊടുത്തു.

നവദർശൻ ക്യാമ്പിലെ ബെസ്റ്റ് ക്യാമ്പേഴ്സായി ജിത്തു കെ.സി., സഞ്ജയ് ഷാജി എന്നിവരെ തെരഞ്ഞെടുത്തു.

ബെസ്റ്റ് ക്യാമ്പ് ഡയറികളായി ആൽബിൻ ജോസഫ്, ജിലു ദേവസ്യ എന്നിവരുടെ ഡയറികൾ തെരഞ്ഞെടുക്കുകയും സമ്മാനങ്ങൾ നല്കുകയും ചെയ്തു.

**2017–18ലെ ഭാരവാഹികളായി താഴെപ്പറയുന്നവരെ തെരഞ്ഞെടുത്തു**

പ്രസിഡന്റ് : ക്ലിറ്റി മാത്യു – നിർമ്മല HSS ചെമ്പേരി

ജന. സെക്രട്ടറി : റോഷൻ ബെന്നി – സെന്റ് ജോസഫ് HS വായാട്ടുപറമ്പ്

വൈസ് പ്രസിഡന്റ് : അഭിനവ് ഷാജി – സെന്റ് ജോസഫ് HSS വായാട്ടുപറമ്പ്

„ അർജുൻ കെ.എസ്. – സെന്റ് ജോൺസ് HS പാലാവയൽ

„ ആർഷൽ മേരി – സെന്റ് തോമസ് HS തോമാപുരം

„ ഫാത്തിമ കരിം – സെന്റ് മേരീസ് HS ചെറുപുഴ

ജോയിന്റ് സെക്രട്ടറി : കെവിൻ വർഗീസ് – സെന്റ് ജൂഡ് HS വെള്ളരിക്കുണ്ട്

„ നിവേദ് പുതിയവീട്ടിൽ – സെന്റ് ജോസഫ് UPS കുന്നോത്ത്

„ മെറിൻ ഇഗ്നേഷ്യസ് – സെന്റ് അഗസ്റ്റ്യൻസ് HS നെല്ലിക്കുറ്റി

„ അലീന സോജൻ – ദേവമാതാ HS പൈസക്കരി

ട്രഷറർ : സഞ്ജയ് ഷാജി – സെന്റ് ജൂഡ് HS വെള്ളരിക്കുണ്ട്

## അതിരൂപത മദ്യവർജ്ജന പ്രസ്ഥാനം – വാർഷികം

1978 ജനുവരി ഒന്നിന് പുണ്യസ്മരണാർഹനായ അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവ് തുടക്കം കുറിച്ച തലശ്ശേരി അതിരൂപത മദ്യവർജ്ജനപ്രസ്ഥാനത്തിന്റെ (KCBC മദ്യവിരുദ്ധ സമിതി) 39–ാമത് വാർഷികം 2017 ജനുവരി 1ന് കരുവഞ്ചാൽ വള്ളോപ്പിള്ളി നഗറിൽവച്ച് (പാരീഷ് ഹാൾ) പ്രശസ്ത വ്യക്തികളുടെയും നൂറുകണക്കിന് ലഹരിവിരുദ്ധ പ്രവർത്തകരുടെയും സാന്നിധ്യത്തിൽ ആഘോഷിച്ചു. വാർഷികത്തോടനുബന്ധിച്ച് മൂന്നാമത് ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി അവാർഡ് സമർപ്പണവും പുഷ്പാർച്ചനയും നടത്തി. മുൻ ഗ്രാമവികസന സാംസ്കാരിക വകുപ്പുമന്ത്രി ശ്രീ. കെ.സി. ജോസഫ് MLA യുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം കേരള തുറമുഖ പുരാവസ്തുവകുപ്പ് മന്ത്രി ശ്രീ. കടന്നപ്പള്ളി രാമ

ചന്ദ്രൻ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി സ്മാരക പുരസ്കാരം അഖിലേന്ത്യാ ഗാന്ധി സ്മാരകനിധി ചെയർമാൻ പത്മശ്രീ പി. ഗോപിനാഥൻ നായർക്ക് സമർപ്പിച്ചു. 25,000 രൂപയും ശില്പവും പ്രശസ്തി പത്രവും അടങ്ങുന്നതായിരുന്നു അവാർഡ്. പുരസ്കാരത്തിനും ആദരവിനും നന്ദിപ്രകാശിപ്പിച്ചുകൊണ്ട് ശ്രീ. പി. ഗോപിനാഥൻ നായർ സംസാരിച്ചു. ശ്രീ. റ്റി.പി. ആർ നാഥ്, ഡോ. ജോസ്‌ലറ്റ് മാത്യു, പ്രൊഫ. മുഹമ്മദ് അഹമ്മദ്, ഡോ. കെ.വി. ഫിലോമിനാ, അഡ്വ. മനോജ് എം. കണ്ടത്തിൽ, തങ്കച്ചൻ കൊല്ലക്കൊമ്പിൽ എന്നിവർ ആശംസകൾ അർപ്പിച്ചു. ഫാ. തോമസ് തൈത്തോട്ടം ആമുഖപ്രസംഗം നടത്തി. സ്വാഗതസംഘം ചെയർമാൻ റവ. ഫാ. മാത്യു പാലമറ്റം സ്വാഗതവും ജെയിംസ് എൻ. പോൾ നന്ദിയും പ്രകാശിപ്പിച്ചു. സമ്മേളനത്തിനുശേഷം നടത്തിയ ചായ സത്കാരം കരുവഞ്ചാൽ ഇടവകയും പാത്തൻപാറ ഇടവകയും സംയുക്തമായി സ്പോൺസർ ചെയ്തു.

പരിപാടികൾക്ക് ബഹു. പാലമാറ്റത്തിലച്ചന്റെയും പാരീഷ് സെക്രട്ടറി ബെന്നി പീടികയിലിന്റെയും ഇടവകാംഗങ്ങളുടെയും നിർലോഭമായ സഹായസഹകരണങ്ങൾക്ക് ഹാർദ്ദവമായി നന്ദി രേഖപ്പെടുത്തട്ടെ. പരിപാടികൾ വൻ വിജയമാക്കി മാറ്റാൻ ആത്മാർത്ഥമായി സഹകരിച്ച എല്ലാ സുമനസ്സുകൾക്കും മദ്യവിരുദ്ധ പ്രവർത്തകർക്കും ഹൃദയം നിറഞ്ഞ നന്ദിയുടെ കൂപ്പുകൈ.

| |
|---|
| **ADSU സമ്മാനകൂപ്പൺ<br>നറുക്കെടുപ്പ്<br>2017 ഫെബ്രുവരി 11 ശനിയാഴ്ച** |
| **ബിഷപ്പ് വള്ളോപ്പിള്ളി സ്മാരകട്രോഫി<br>തെരുവുനാടകമത്സരം<br>2017 ഫെബ്രുവരി 10 വെള്ളിയാഴ്ച 10 മണിക്ക്<br>തളിപ്പറമ്പ് ടൗൺ സ്ക്വയറിൽ<br>നിബന്ധനകൾക്ക് 2016 ഒക്ടോബർ ബുള്ളറ്റിൻ കാണുക** |
| **ഫാ. തോമസ് തൈത്തോട്ടം ജൂബിലി ഗോൾഡ്മെഡൽ<br>പ്രസംഗമത്സരം<br>2017 ഫെബ്രുവരി 8 ബുധൻ<br>നിർമ്മലഗിരി കോളെജ്** |

സ്നേഹശംസകളോടെ,

**ഫാ. തോമസ് തൈത്തോട്ടം**
ഡയറക്ടർ

# പ്രതീക്ഷ വാർത്തകൾ

## സമഗ്ര ആരോഗ്യ ബോധവൽക്കരണ ദിനം

പ്രതീക്ഷയുടെയും കണ്ണൂർ യൂണിവേഴ്സിറ്റി പാലയാട് ക്യാമ്പസിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സമഗ്ര ആരോഗ്യ ബോധവൽക്കരണ ദിനം പ്രതീക്ഷയിൽവച്ച് സംഘടിപ്പിക്കപ്പെട്ടു. യോഗത്തിൽ ഡയറക്ടർ ഫാ. ജോൺസൺ അന്ത്യാംകുളം അദ്ധ്യക്ഷത വഹിച്ചു. Blood Grouping, Thyroid Testing, Diabetin Diagnosis എന്നിവ നടത്തപ്പെട്ടു. വിനോജ് വയലിൽ സ്വാഗതവും അനിറ്റ ബാബു നന്ദിയും പറഞ്ഞു

## ക്രിസ്മസ് ആഘോഷം

ഡിസംബർ 23ന് പൊതുജന പങ്കാളിത്തത്തോടെ നടത്തപ്പെട്ട ക്രിസ്മസ് ആഘോഷങ്ങൾക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രമ്യ മുഖ്യ അതിഥിയായി. നാട്ടുകാരും ചികിത്സാർത്ഥികളും സ്റ്റാഫും ഒന്നുചേർന്ന് സ്നേഹദീപം തെളിയിച്ച് ഐക്യപ്രതിജ്ഞ എടുത്തു. ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുത്ത എല്ലാവർക്കും ക്രിസ്മസ് ഗിഫ്റ്റ് നൽകുകയും സ്നേഹവിരുന്ന് നൽകുകയും ചെയ്തു. ആഘോഷങ്ങളുടെ ഭാഗമായി ഡയറക്ടർ സന്ദേശം നൽകുകയും നാട്ടുകാരുടെ വിവിധ കലാപരിപാടികൾ അരങ്ങേറുകയും ചെയ്തു. ആഘോഷപരിപാടികൾക്ക് വിനോജ് വയലിൽ സ്വാഗതവും ബ്ര. ഓസ്റ്റിൻ ചക്കാംകുന്നേൽ നന്ദിയും പറഞ്ഞു.

## മുക്തി എരഞ്ഞോളി

പ്രതീക്ഷ സ്ഥിതി ചെയ്യുന്ന എരഞ്ഞോളി ഗ്രാമപഞ്ചായത്തിലെ മുഴുവൻ വ്യക്തികളെയും ലഹരി വിമുക്തമാക്കാനുള്ള സംയുക്ത യജ്ഞത്തിന്റെ ഭാഗമായി പെരുന്താറ്റ് സ്കൂൾ ഗ്രൗണ്ടിൽവച്ച് നടത്തപ്പെട്ട 'മുക്തി എരഞ്ഞോളി' ശ്രീമതി ശൈലജ ഉദ്ഘാടനം ചെയ്തു. ആർച്ച് ബിഷപ് മാർ ജോർജ് ഞറളക്കാട്ട് സമ്മേളനത്തിൽ മുഖ്യ അതിഥിയായി പ്രസംഗിച്ചു. പ്രതീക്ഷ ഡയറക്ടർ ഫാ. ജോൺസൺ അന്ത്യാംകുളം ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തി. ക്യാംപെയിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിച്ചു. സംഘാടകസമിതി പ്രതിധികളായി മാത്യു എം. കണ്ടത്തിൽ, ജെയ്സൺ മർക്കോസ് എന്നീ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ പങ്കെടുത്തു.

## ആൽക്കഹോളിക് അനോനിമസ് സമ്മേളനം

ജനുവരി 8ന് പ്രതീക്ഷാ സെന്ററിൽവച്ച് നടത്തപ്പെട്ട എഎ സമ്മേളനത്തിൽ ഫാ. ജോൺസൺ അന്ത്യാംകുളം അദ്ധ്യക്ഷത വഹിച്ചു. ജെയിംസ് എൻ പോൾ നാടിക്കുന്നേൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ബ്രദർ ഷാജി

ഉളിക്കൽ ക്ലാസെടുത്തു. അനിറ്റ ബാബു ആശംസകൾ അർപ്പിച്ചു. വിവിധ ങ്ങളായ പുതുവത്സരദിനാചരണ മത്സരങ്ങൾ നടത്തപ്പെട്ടു. സമ്മേളനത്തിൽ സിസ്റ്റർ ടെസ്‌ലിൻ സ്വാഗതവും ഇ.വി. നാരായണൻ നന്ദിയും പറഞ്ഞു.

## RRTC Training

ചങ്ങനാശ്ശേരി ജൂബിലി ട്രെയിനിംഗ് സെന്ററിൽവച്ച് നടത്തപ്പെട്ട ത്രിദിന സ്റ്റാഫ് ട്രെയിനിംഗിൽ സി. ജോസ്മി എസ്.എ.ബി.എസും, സിനൂപ് കുഴിമറ്റം എന്നിവർ പങ്കെടുത്ത് സർട്ടിഫിക്കറ്റ് നേടി.

## ഹെൽത്ത് എജ്യൂക്കേഷൻ

തലശ്ശേരി അവസാനവർഷ വിദ്യാർത്ഥികൾ നേതൃത്വം കൊടുത്ത ഹെൽത്ത് എജ്യൂക്കേഷൻ പരിപാടിയിൽ വിവിധവിഷയങ്ങളെ സംബന്ധിച്ച് ക്ലാസുകളിലൂടെയും നാടകാവിഷ്ക്കാരത്തിലൂടെയും ബോധവൽക്കരണ പരി പാടി നടത്തപ്പെട്ടു.

## അനുമോദനങ്ങൾ

ഏഷ്യാനെറ്റ് ന്യൂസ് ചാനൽ ഈ വർഷം ഏർപ്പെടുത്തിയ പ്രഥമ TN Gopakumar സ്മാരക അവാർഡിന് തിരഞ്ഞെടുക്കപ്പെട്ട 5 മികച്ച ജീവകാ രുണ്യ പ്രവർത്തകരിൽ ഒരാളായി പ്രതീക്ഷയുടെ അഡീഷനൽ സ്റ്റാഫ് അംഗ മായ ബാബു പാറാലിന് അനുമോദനങ്ങൾ. പ്രതീക്ഷയിൽവച്ച് നടത്തപ്പെട്ട അനുമോദന സമ്മേളനത്തിൽ ഫാ. ജോൺസൺ അന്ത്യാംകുളം അദ്ധ്യ ക്ഷത വഹിച്ചു. സി. സിസിലി, സി. ടെസ്‌ലിൻ, ആതിര എൻ പഴശി എന്നി വർ ആശംസകൾ അർപ്പിക്കുകയും ഉപഹാരം നൽകുകയും ചെയ്തു. അനു മോദന സമ്മേളനത്തിന് വിനോജ് വയലിൽ സ്വാഗതവും ബ്ര. ഓസ്റ്റിൻ ചക്കാം കുന്നേൽ നന്ദിയും പറഞ്ഞു.

## ട്രെയിനിംഗ് സമാപിച്ചു

ഒരു മാസമായി പ്രതീക്ഷയിൽവച്ച് നടത്തപ്പെടുന്ന കണ്ണൂർ ധനലക്ഷ്മി സ്ക്കൂൾ ഓഫ് നഴ്സിംഗിലെ 40 വിദ്യാർത്ഥികളുടെ Training, De-adiction Therapy എന്നിവ വിജയകരമായി സമാപിച്ചു.

ആദരവുകളോടെ,

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ, പ്രതീക്ഷ

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
## (ടി.എസ്.എസ്.എസ്.)

## പാവങ്ങൾക്ക് ഒരു കൈത്താങ്ങ്

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി മംഗലാപുരം ഫാ. മുള്ളേഴ്സ് ഹോസ്പിറ്റലുമായി സഹകരിച്ച് ചെയ്യുന്ന "പാവപ്പെട്ട രോഗികൾക്ക് ഒരു കൈത്താങ്ങ്" എന്ന പദ്ധതിയിൽ എല്ലാവിധ രോഗങ്ങളുടെ ചികിത്സയ്ക്കും ഓപ്പറേഷനും 50% ഡിസ്കൗണ്ടും, തീർത്തും നിർധനരായ രോഗികൾക്ക് സൗജന്യചികിത്സയും ലഭ്യമാക്കുന്നു. ഈ ആനുകൂല്യം 2017 ജനുവരി മുതൽ 2017 ഏപ്രിൽ 30 വരെ മാത്രമേ ലഭിക്കുകയുള്ളു. ഇതിനു വേണ്ട ക്രമീകരണങ്ങൾ മേഖലാ ഓഫീസുകളിലെ പ്രോഗ്രാം മാനേജേഴ്സ് നടത്തുന്നതായിരിക്കും.

ചികിത്സാ ആനുകൂല്യം അർഹിക്കുന്ന രോഗികളെ മംഗലാപുരം ഫാ. മുള്ളേഴ്സ് ഹോസ്പിറ്റലിലേക്ക് അയക്കുന്നതിനുമുമ്പ് വികാരിയച്ചന്മാരുടെ കത്തിന്റെ കോപ്പിയും രോഗിയുടെ പേരും അഡ്രസ്സും ഫോൺ നമ്പറും TSSS-ലേക്ക് ഇമെയിൽ അയയ്ക്കുകയോ താഴെ പറയുന്ന ഫോൺ നമ്പറിലേക്ക് അറിയിക്കുകയോ ചെയ്യണം.

E-mail: tessstellicherry1966@gmail.com, Phone: 8943202119, 9048898005

## സൗജന്യ ഹോമിയോ മെഡിക്കൽക്യാമ്പ്

പനത്തടി ക്രെഡിറ്റ് യൂണിയന്റെയും മഹിളാ സേവാസംഘത്തിന്റെയും പനത്തടി ഗവ. ഹോമിയോ ഡിസ്പെൻസറിയുടെയും സംയുക്താഭിമുഖ്യത്തിൽ വർദ്ധിച്ചുവരുന്ന ജീവിതശൈലിരോഗങ്ങൾക്ക് പരിഹാരമായി വിദഗ്ധപരിശോധനയും സൗജന്യമരുന്ന് വിതരണവും 2017 ജനുവരി 5-ന് പനത്തടി ഫൊറോനപള്ളി പാരീഷ് ഹാളിൽവച്ച് നടത്തപ്പെട്ടു. പനത്തടി ഫൊറോന വികാരി ഫാ. തോമസ് പയ്യമ്പള്ളി ഉദ്ഘാടനം നിർവ്വഹിച്ച ഈ ക്യാമ്പിൽ പ്രഗൽഭരായ ഡോക്ടർമാരുടെ സാന്നിധ്യം രോഗികൾക്ക് ഏറെ സഹായകമായി. 144 പേർ ഈ ക്യാമ്പിൽ പങ്കെടുത്തു.

## ഗുരുശ്രേഷ്ഠന്മാരെ ആദരിക്കൽ

വായാട്ടുപറമ്പ് TSSS ഗ്രാമിക യൂണിറ്റിന്റെ നേതൃത്വത്തിൽ അധ്യാപനശുശ്രൂഷയിൽ സഭയ്ക്കും സമൂഹത്തിനും ധാരാളം സംഭാവനകൾ നൽകിയ മൂന്ന് ഗുരുശ്രേഷ്ഠരെ ആദരിച്ചു. ശ്രീ. അഗസ്റ്റിൻ കുളത്തൂർ, ശ്രീ. സെബാസ്റ്റ്യൻ പുത്തൻപുര എന്നിവർ തങ്ങളുടെ ഔദ്യോഗിക ജീവിതത്തിനുശേഷവും നടത്തിക്കൊണ്ടിരിക്കുന്ന സാമൂഹ്യപ്രവർത്തനങ്ങളുടെ മുൻപിൽ സമൂഹം എന്നും കടപ്പെട്ടിരിക്കുമെന്ന് അധ്യക്ഷപ്രഭാഷണത്തിൽ ഫാ. ജോർജ് അരീക്കുന്നേൽ ഓർമ്മിപ്പിച്ചു. പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലും സാമൂഹിക പ്രവർത്തനങ്ങളിലും അവാർഡ് നേടിയ ശ്രീ. ജെയ്സൺ

അട്ടാറിമാക്കൽ സാറിനെയും ഈ വേദിയിൽവച്ച് ആദരിച്ചു. വായാട്ടുപറമ്പ് ഫൊറോന വികാരി ഫാ. ജോർജ് അരീക്കുന്നേൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ TSSS ഡയറക്ടർ ഫാ. തോമസ് തയ്യിൽ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. നടുവിൽ ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. എം.എം. ഷനീഷ്, വായാട്ടുപറമ്പ് SJHSS പ്രിൻസിപ്പൽ ശ്രീ. സി.യു. എമ്മാനുവേൽ, ആലക്കോട് RCC വൈസ് പ്രസിഡണ്ട് ശ്രീ. ജോസ് തോക്കനാട്ട് എന്നിവർ ഈ ചടങ്ങിന് ആശംസയർപ്പിച്ചു.

## ഭിന്നശേഷിയുള്ള കുട്ടികൾക്ക് സഹായവിതരണം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഭിന്നശേഷിയുള്ള കുട്ടികളുടെ പഠനചികിത്സാസഹായവിതരണം 2017 ജനുവരി 17-ാം തീയതി TSSS ഓഫീസിൽവച്ച് നടത്തി. ഡയറക്ടർ ഫാ. തോമസ് തയ്യിൽ സഹായവിതരണം നടത്തിയ ചടങ്ങിൽ അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ഭിന്നശേഷിയുള്ള കുട്ടികളുടെ മാതാപിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ് നൽകി. വെള്ളരിക്കുണ്ട്, ചെറുപുഴ, കാഞ്ഞങ്ങാട്, റീജിയണിൽനിന്നും 56 കുട്ടികൾ സഹായവിതരണം ഏറ്റു വാങ്ങി. SLF പ്രോഗ്രാം കോ-ഓർഡിനേറ്റർ സി. ലിസ OSL ഏവർക്കും നന്ദി അർപ്പിച്ചു.

## അതിരൂപതാ ഡയറക്ടേഴ്സ് യൂണിറ്റ് സന്ദർശനം

യൂണിറ്റ്തല പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും വിലയിരുത്താനും യൂണിറ്റിലെ പ്രായോഗിക പ്രശ്നങ്ങൾ മനസ്സിലാക്കി കൂടുതൽ കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കാൻ ആവശ്യമായ നിർദ്ദേശങ്ങളും തീരുമാനങ്ങളും ബഹു. വികാരിയച്ചന്മാരുടെയും യൂണിറ്റ് ഭാരവാഹികളുടെയും സാന്നിധ്യത്തിൽ നടത്തി. യൂണിറ്റ് പ്രവർത്തനങ്ങൾ സജീവമാക്കുകയാണ് സന്ദർശനംകൊണ്ട് ലക്ഷ്യമാക്കുന്നത്.

ചെറുപുഴ RCC-യിൽപ്പെട്ട ജോസ്ഗിരി, രാജഗിരി, കോഴിച്ചാൽ, പുളിങ്ങോം, ചെറുപുഴ, മുളപ്ര, തിരുമേനി, താബോർ എന്നീ യൂണിറ്റുകളിൽ ഡയറക്ടർ ഫാ. തോമസ് തയ്യിലും അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേലും 2017 ജനുവരി 17-ന് സന്ദർശിച്ചു. യൂണിറ്റ് സന്ദർശനത്തിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തുതന്ന ബഹു. വികാരിയച്ചന്മാർക്കും എല്ലാ യൂണിറ്റ് ഭാരവാഹികൾക്കും ആനിമേറ്റർ സിസ്റ്റേഴ്സിനും നന്ദി.

## ആദരിച്ചു

വെള്ളരിക്കുണ്ട് പരപ്പ MSS-ൽ ക്രിസ്തുമസ് - ന്യൂയർ ആഘോഷം 28-12-2016-ന് പരപ്പ പള്ളി വികാരി ഫാ. ഇമ്മാനുവേൽ കൂനങ്കിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. TSSS പ്രോഗ്രാം മാനേജർ ശ്രീമതി വത്സമ്മ ടോമി പരിപാടി ഉദ്ഘാടനം ചെയ്തു. കെയർ എ ഹോം പദ്ധതിയിലൂടെ രോഗീപരിചരണത്തിൽ നല്ല പ്രവർത്തനം കാഴ്ചവച്ച ശ്രീമതി സിന്ധു പനയ്ക്കത്തടത്തിനെ ആദരിച്ചു.

- 2016 ഡിസംബർ 24-ാം തീയതി വെളിമാനം MSS-ന്റെ നേതൃത്വത്തിൽ MSS-ലെ മെമ്പേഴ്സിനായി ക്ഷയരോഗത്തെക്കുറിച്ച് റിട്ടേയർഡ് JHI ഫിലോമിന ക്ലാസ്സെടുത്തു. 43 പേർ ഇതിൽ പങ്കെടുത്ത് ബോധവൽക്കരണം നേടി. അന്നേദിവസം യൂണിറ്റിലെ ഒരു മെമ്പറിന് ചികിത്സാസഹായമായി 2000 രൂപ നൽകി.
- എടൂർ RCC-യുടെ നേതൃത്വത്തിൽ എല്ലാ യൂണിറ്റുകളിലും ക്രിസ്തുമസ് - ന്യൂയർ ആഘോഷങ്ങൾ നടത്തുകയും കേക്ക് മുറിച്ച് ക്രിസ്തുമസ് ഫ്രണ്ടിനുള്ള സമ്മാനങ്ങൾ കൈമാറുകയും ചെയ്തു.
- മാങ്ങോട് ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ രണ്ടു പേർക്ക് ചികിത്സാസഹായമായി 8000 രൂപ നൽകി.
- എടൂർ ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ യു.പി. സ്കൂളിൽ പഠിക്കുന്ന പാവപ്പെട്ട ഒരു കുട്ടിക്ക് 2000 രൂപയുടെ പഠനോപകരണങ്ങൾ നൽകി. ചികിത്സാ സഹായമായി മറ്റൊരു കുട്ടിക്ക് 25000 രൂപയും നൽകി.
- എടൂർ RCC-യുടെ നേതൃത്വത്തിൽ വെളിമാനം, പാലത്തിൻകടവ് യൂണിറ്റുകളിലെ രണ്ട് മെമ്പർമാർക്ക് ചികിത്സാ സഹായമായി 25000 രൂപ നൽകി.
- കാർത്തികപുരം CU യൂണിറ്റ് IC 40% ഫണ്ട് പിൻവലിച്ച് പാവപ്പെട്ട കുടുംബത്തിന് ഒരു ആട്ടിൻകുഞ്ഞിനെ വാങ്ങികൊടുക്കുകയും 50 മുട്ടക്കോഴികളെ നൽകുകയും ചെയ്തു.
- പാത്തൻപാറ CU യൂണിറ്റ് അക്രൈസ്തവ ഭവനങ്ങളിൽ ക്രിസ്തുമസിനോടനുബന്ധിച്ച് കേക്ക് വാങ്ങിക്കൊടുത്തു.
- മാവുംചാൽ CU യൂണിറ്റ് ആശാൻകവല തിരുരക്താശ്രമത്തിലെ അന്തേവാസികളെ സന്ദർശിക്കുകയും അവരോടൊപ്പം കേക്ക് മുറിച്ച് ക്രിസ്തുമസ് ആഘോഷിക്കുകയും ചെയ്തു.
- കരുവഞ്ചാൽ യൂണിറ്റ് ഒരു കുടുംബത്തിന് 1000 രൂപയും 1000 രൂപയുടെ വീട്ടുസാധനങ്ങളും ക്രിസ്തുമസ് സമ്മാനമായി നൽകി.
- ചെമ്പൻതൊട്ടിയിലെ CU ക്രിസ്തുമസിനോടു ബന്ധപ്പെട്ട് ഗുരുകുലം സന്ദർശിക്കുകയും അന്തേവാസികൾക്ക് 3200 രൂപയുടെ നിത്യോപയോഗ സാധനങ്ങൾ വാങ്ങികൊടുക്കുകയും കേക്ക് മുറിച്ച് അവരോടൊപ്പം ക്രിസ്തുമസ് ആഘോഷിക്കുകയും ചെയ്തു.
- 2016 ഡിസംബർ 17-ന് ക്രിസ്തുമസിനോടനുബന്ധിച്ച് ചേപ്പറമ്പ് MSS ചെമ്പേരി കരുണാലയം സന്ദർശിച്ചു. അന്തേവാസികൾക്ക് ശുശ്രൂഷ ചെയ്യുകയും കേക്ക് മുറിച്ച് അവരോടൊപ്പം ക്രിസ്തുമസ് ആഘോഷിക്കുകയും 11000 രൂപ സഹായമായി നൽകുകയും ചെയ്തു. ക്രിസ്തുമസ് പ്രമാണിച്ച് പള്ളിയും പാരീഷ്ഹാളും വൃത്തിയാക്കുകയും രാത്രി കുർബാനയ്ക്കുശേഷം കട്ടൻകാപ്പിയും കേക്കും നൽകുകയും ചെയ്തു.
- പുലിക്കുരുമ്പ CU പച്ചക്കറിവിത്തും ഗ്രോബാഗും 200 പേർക്ക് വിതരണം

ചെയ്തു. ഇതിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന എട്ട് അടുക്കളത്തോട്ട ങ്ങൾക്ക് അവാർഡ് കൊടുക്കാൻ തീരുമാനിച്ചു. ഒരാൾക്ക് ചികിത്സാ സഹായമായി 2000 രൂപയും നൽകി.

- 2016 ഡിസംബർ 22, 23 തീയതികളിൽ അരീക്കാമല CU രണ്ട് ഹരിജന കോളനിയിൽ "ക്രിസ്തുമസ് രാവ്" എന്ന പരിപാടിയിലൂടെ കരോൾഗാന മത്സരവും കേക്ക് വിതരണവും പച്ചക്കറിതോട്ടമത്സരവും പ്ലാസ്റ്റിക് നിരോധന ബോധവൽക്കരണക്ലാസ്സും നടത്തി.
- ചെമ്പേരി CU-ന്റെ 25-ാം വർഷ ജൂബിലി ഉദ്ഘാടനവും കുടുംബ സംഗമ വും 2016 നവംബർ 23-ന് നടന്നു. കുടുംബ നവീകരണം എന്ന വിഷയത്തെ ക്കുറിച്ച് ഫാ. ജെയ്സ് കുരിശുംമൂട്ടിൽ ക്ലാസ്സ് എടുത്തു. 148 പേർ പങ്കെടുത്തു. രണ്ട് രോഗികൾക്ക് ചികിത്സാസഹായമായി 10000 രൂപയും നൽകി.
- ചെമ്പൻതൊട്ടിയിൽവച്ച് ഡോ. ഗംഗാധരൻ നയിച്ച "ക്യാൻ കെയർ" എന്ന പരിപാടിയിൽ MSS-ൽ നിന്ന് 110-ഓളം അംഗങ്ങൾ പങ്കെടുത്തു. രണ്ട് കാൻസർ രോഗികളിൽ ഒരാൾക്ക് ഭവനനിർമ്മാണ സഹായമായി 5000 രൂപയും ഒരാൾക്ക് ചികിത്സാസഹായമായി 6500 രൂപയും നൽകി.
- കുടിയാന്മല MSS-ഉം മണ്ഡളം MSS-ഉം ക്രിസ്തുമസിനോടനുബന്ധിച്ച് ഒടുവള്ളി മാനസിക രോഗികളുടെ അടുത്തുപോയി ശുശ്രൂഷ ചെയ്യുകയും കുടിയാന്മല MSS അന്തേവാസികൾക്ക് വസ്ത്രവും മണ്ഡളം MSS നിത്യോപയോഗസാധനങ്ങളും 10000 രൂപയുടെ അരി, തേങ്ങ, വാഴക്കുല എന്നിവയും കൊടുത്തു. എല്ലാവരും കേക്ക് മുറിച്ച് ക്രിസ്തുമസ് ആഘോ ഷം നടത്തി.
- വായാട്ടുപറമ്പ ഗ്രാമികയും പെരുമ്പടവ് ക്രെഡിറ്റ് യൂണിയനും മുട്ടക്കോഴി കളെ വിതരണം ചെയ്തു.
- തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിൽവച്ച് സോളാർവഴി കറണ്ട് സംഭരിച്ച് വേസ്റ്റ്വെള്ളം റീസൈക്കിൾ ചെയ്ത് ചെടികൾ നനയ്ക്കാനും ടോയ്ലെറ്റിൽ ഉപയോഗിക്കാനുമുള്ള പരിശീലന ക്ലാസ്സിൽ വായാട്ടുപറ മ്പിൽ നിന്നും 72 പേർ പങ്കെടുത്തു.
- കരുവഞ്ചാൽ ഗ്രാമിക ജാതിമതഭേദമന്യേ പച്ചക്കറിവിത്തുകൾ വിതരണം ചെയ്ത് ജൈവപച്ചക്കറിഗ്രാമമാക്കാനും ഏറ്റവും നല്ല പച്ചക്കറിത്തോട്ട ത്തിന് സമ്മാനം കൊടുക്കുവാനും തീരുമാനിച്ചു.
- ചുണ്ടക്കുന്ന് വായനശാലയിൽവച്ച് നടത്തിയ കൂൺകൃഷിയെക്കുറിച്ചുള്ള പഠനക്ലാസ്സിൽ ചെമ്പേരി MSS അംഗങ്ങൾ പങ്കെടുത്തു. പട്ടുവം അനാ ഥാലയം സന്ദർശിക്കുകയും 6700 രൂപയുടെ സാധനങ്ങൾ വാങ്ങിക്കൊടു ക്കുകയും ചെയ്തു. ഒരാൾക്ക് ചികിത്സാ സഹായമായി 1000 രൂപയും മറ്റൊരു വ്യക്തിക്ക് വിവാഹസഹായമായി 5000 രൂപയും നൽകി.
- കുടിയാന്മല CU അംഗങ്ങൾ കുടുംബസംഗമം നടത്തുകയും വെമ്പുവ

തെരേസ സദൻ സന്ദർശിച്ച് അന്തേവാസികൾക്ക് ശുശ്രൂഷ ചെയ്യുകയും അരിയും സാധനങ്ങളും വാങ്ങിക്കൊടുക്കുകയും ചെയ്തു.

## ആദരാഞ്ജലികൾ

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രൊഡക്ഷൻ സെന്ററിൽ ശുശ്രൂഷ ചെയ്യുന്ന സി. നാൻസിയുടെ അമ്മച്ചി 2017 ജനുവരി 2-ന് ഈ ലോകത്തോട് വിടപറഞ്ഞു. അമ്മച്ചിയുടെ ദേഹവിയോഗത്തിൽ വേദനിക്കുന്ന സിസ്റ്ററിനോടും കുടുംബാംഗങ്ങളോടുമുള്ള അനുശോചനം അറിയിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനുമായി ഡയറക്ടർ ഫാ. തോമസ് തയ്യിൽ, അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, മറ്റു സ്റ്റാഫംഗങ്ങൾ, പുള്ളിക്കാനത്തുള്ള ഭവനത്തിൽ എത്തുകയും സംസ്കാരശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്തു.

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി, അമേരിക്കൻ ഹാർട്ട് അസോസിയേഷന്റെ BLS, ACLS, PALS ട്രെയിനിംങ്ങ് കോഴ്സുകൾ ആരംഭിക്കുന്നു

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി, അമേരിക്കൻ ഹാർട്ട് അസോസിയേഷന്റെ BLS, ACLS, PALS, ITLS ട്രെയിനിംങ്ങുകൾ അന്താരാഷ്ട്ര നിലവാരത്തിൽ കുറഞ്ഞ ഫീസ് നിരക്കിൽ ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർക്കും നേഴ്സുമാർക്കുമായി ആരംഭിക്കുന്നു.

അമേരിക്കൻ ഹാർട്ട് അസോസിയേഷന്റെ (AHA) ഗോൾഡ് - പ്ലാറ്റിനം പാട്നറും, AHA ട്രെയിനിംങ്ങുകൾ നടത്തി ലോകനിലവാരത്തിൽ രണ്ടാം റാങ്കും, ഇന്ത്യയിൽ ഒന്നാംറാങ്കും കരസ്ഥമാക്കിയിട്ടുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എമർജൻസി മെഡിക്കൽ സർവ്വീസ് (IIEMS) കോഴ്സുകൾക്ക് നേതൃത്വം നൽകുന്നു.

വിദേശജോലികൾക്കും പരീക്ഷകൾക്കും സഹായമാകുന്ന AHA-യുടെ അംഗീകൃത സർട്ടിഫിക്കറ്റും കോഴ്സ് മാനുവലും ട്രെയിനിംഗ് പൂർത്തിയാക്കുന്നവർക്ക് ലഭിക്കുന്നു. **2017 ഫെബ്രുവരി 25, 26, 27 - മാർച്ച് 11, 12, 13 തീയതികളിൽ മൂന്ന് ദിവസത്തെ BLS, ACLS കോഴ്സുകൾ രണ്ടു ബാച്ചുകളിലായി നടത്തപ്പെടുന്നു.** കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 2017 ഫെബ്രുവരി 10-ാം തീയതിക്കുള്ളിൽ 6500/- രൂപ ചിലവ് വരുന്ന BLS, ACLS കോഴ്സുകൾക്ക് 1500/- രൂപ അടച്ച് ഉടൻതന്നെ സീറ്റുകൾ ബുക്ക് ചെയ്യേണ്ടതാണ്.

സ്നേഹപൂർവ്വം,

**ഫാ. സ്ക്കറിയ നിരപ്പേൽ**
അസി. ഡയറക്ടർ

**ഫാ. തോമസ് തയ്യിൽ**
ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ

**1. മദർഹോം, പരിയാരം; ഫോൺ: 04972-800544, 9447607101**

| | | | |
|---|---|---|---|
| 2017 ഫെബ്രുവരി | 05-10 | : | ആന്തരിക-ശാരീരികസൗഖ്യ ധ്യാനം |
| ,, | 10 | : | മരിയൻ രാത്രി (പൗർണ്ണമി പ്രാർത്ഥന) |
| ,, | 11 | : | ഏകദിന കൺവെൻഷൻ |
| ,, | 19-24 | : | ആന്തരിക-ശാരീരികസൗഖ്യ ധ്യാനം |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം-ഇരിട്ടി; ഫോൺ: 0490-2493491, 9745017131**

| | | | |
|---|---|---|---|
| ഫെബ്രുവരി | 10 | : | ജാഗരണ പ്രാർത്ഥന |
| ,, | 11 | : | ക്രിസ്റ്റീൻ ഏകദിന ധ്യാനം |
| ,, | 12-16 | : | ആന്തരിക സൗഖ്യധ്യാനം |
| ,, | 26 മാർച്ച് 2 | : | ആന്തരിക സൗഖ്യധ്യാനം |

**3. ഐ.എം.എസ്. ധ്യാനകേന്ദ്രം, പേരട്ട; കൂട്ടുപുഴ, ഫോൺ: 0490-2420320, 9745292602, 9846452511**

| | | | |
|---|---|---|---|
| ഫെബ്രുവരി | 02 | : | രോഗശാന്തി ആരാധന (ആദ്യ വ്യാഴം) |
| ,, | 06-10 | : | ആന്തരിക-ശാരീരികസൗഖ്യധ്യാനം (500 രൂപ) |
| ,, | 17-20 | : | കുടുംബ നവീകരണ ധ്യാനം (400 രൂപ) (മാതാപിതാക്കൾ, ജോലിക്കാർ, ടീച്ചേഴ്സ്, നേഴ്സുമാർ) |
| ,, | 20-24 | : | ആന്തരിക-ശാരീരികസൗഖ്യധ്യാനം (500 രൂപ) |

**4. മൗണ്ട് കാർമ്മൽ, പേരാവൂർ; ഫോൺ: 0490 - 2444595**

| | | | |
|---|---|---|---|
| ഫെബ്രുവരി | 07-09 | : | MGC |
| ,, | 14 | : | ഏകദിന ധ്യാനം (രാവിലെ 9.30 മുതൽ 4 വരെ) |
| ,, | 12-14 | : | ആന്തരിക സൗഖ്യ - കുടുംബാഭിഷേകധ്യാനം (ഞായർ വൈകു. 4 മണി മുതൽ ചൊവ്വ രാത്രി 9 വരെ) |
| ,, | 24-26 | : | ആന്തരിക സൗഖ്യ - കുടുംബാഭിഷേകധ്യാനം (വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ) |

**5. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451, 2264645**

| | | | |
|---|---|---|---|
| ഫെബ്രുവരി | 04 | : | ഏകദിന കൺവെൻഷൻ |
| ,, | 05-09 | : | ആന്തരിക സൗഖ്യധ്യാനം |
| ,, | 10 | : | ജാഗരണ പ്രാർത്ഥന |
| ,, | 11 | : | ക്രിസ്റ്റീൻ വിങ്സ് |
| ,, | 18, 25 | : | മരിയൻ ദിവ്യകാരുണ്യ ആരാധന |
| ,, | 19-23 | : | ആന്തരിക ശാരീരിക സൗഖ്യധ്യാനം |

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോർജ് ഞറളക്കാട്ട്

### 2016 ഡിസംബർ

20 രാവിലെ 10.30ന് സന്ദേശഭവനിൽവച്ച് നടന്ന ജോസഫ് കാവനാടിയിൽ അച്ചന്റെ പൗരോഹിത്യ സിൽവർ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

ഉച്ചക്ക് ചെമ്പേരി കരുണാലയത്തിൽവച്ച് അന്തേവാസികൾക്കൊപ്പം ക്രിസ്മസ് ആഘോഷിച്ചു. പിന്നീട് 3 മണിക്ക് പൊട്ടംപ്ലാവിൽ എത്തി എം.എസ്. റ്റി സഭയുടെ പുതിയ സംരംഭമായ കാരുണ്യാശ്രമം ആശീർവദിച്ച് ചാപ്പൽ കൂദാശ ചെയ്തു.

വൈകിട്ട് 6 മണിക്ക് ചെമ്പന്തൊട്ടിയിലെത്തി ബഹു. വൈദികരുടെ ഫൊറോനാ മാസധ്യാനത്തിൽ പങ്കെടുത്തു.

21 ചെമ്പന്തൊട്ടി ഫൊറോനാമാസധ്യാനത്തോടനുബന്ധിച്ച് ബഹു. വൈദികരെയും സന്യസ്തരെയും കണ്ടു.

3 മണിക്ക് കരുവഞ്ചാലിൽ എത്തി സെന്റ് ജോസഫ്സ് ഹോസ്പിറ്റലിൽ പുതുതായി ആരംഭിച്ച ഡയാലിസിസ് യൂണിറ്റ് ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം 5.30ന് ചീക്കാട് ഉണ്ണിമിശിഹാ ദൈവാലയത്തിൽ വിശുദ്ധ ബലി അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

22 വൈകുന്നേരം 3 മണിക്ക് ദീപികയുടെ കണ്ണൂർ യൂണിറ്റിന്റെ പുതിയ കെട്ടിടം വെഞ്ചരിക്കുകയും ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തു.

വൈകിട്ട് 6 മണിക്ക് സന്ദേശഭവനിൽവച്ച് നടന്ന ക്രിസ്മസ് ആഘോഷങ്ങൾക്ക് അദ്ധ്യക്ഷത വഹിച്ചു.

23 ആലക്കോട് സെന്റ് മേരീസ് സ്കൂളിന്റെ വാർഷികത്തിന് അദ്ധ്യക്ഷത വഹിച്ചു. പിന്നീട് കരുവഞ്ചാൽ ശാന്തിഭവനിൽ എത്തി വൈദികർക്ക് ക്രിസ്മസ് ആശംസകൾ നേർന്നു.

25 കത്തീഡ്രൽ പള്ളിയിൽ തിരുപ്പിറവി കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

26 കോട്ടൂർ ഇടവകയിൽവച്ച് ഡീക്കൻ ലൂക്കോസ് മാടശ്ശേരിക്ക് വൈദികപട്ടം നൽകി. ഉച്ചകഴിഞ്ഞ് 2.30ന് കാഞ്ഞിരടുക്കത്ത് ബഹു. ഡീക്കൻമാർ കുര്യാക്കോസ് കാരക്കാട്ട്, സുനിൽ പനച്ചിയാംപള്ളി എന്നിവർക്ക് വൈദി

കപട്ടം നൽകി. വൈകുന്നേരം 5.30ന് വെള്ളരിക്കുണ്ടിൽ പുതുതായി നിർമ്മിക്കുന്ന കോളേജിന് തറക്കല്ലിട്ടു.

27 പരപ്പ ഇടവകയിൽവച്ച് ഡീക്കൻ പ്രവർത്തുംമലയിൽ മാത്യുവിന് വൈദികപട്ടം നൽകി. അതിനുശേഷം വായാട്ടുപറമ്പിലെത്തി ബഹു. ജോസഫ് തൈക്കുന്നുംപുറം അച്ചന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

28 അങ്ങാടിക്കടവിൽവച്ച് ഡീക്കൻ കണ്ണംകുളത്തേൽ ജോസഫിന് തിരുപ്പട്ടം നൽകി. 11 മണിക്ക് വെളിമാനം ഇടവകയിൽവച്ച് ഡീക്കൻ അബ്രാഹം ഞാമത്തോലിക്ക് വൈദികപട്ടം നൽകി. ഉച്ചകഴിഞ്ഞ് നടവയലിൽ എത്തി സന്യസ്ത സംഗമത്തോടനുബന്ധിച്ച് ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകുകയും സന്യസ്ത സംഗമത്തിൽ പങ്കെടുക്കുകയും ചെയ്തു.

29 നടവയലിൽവച്ച് ഡീക്കൻ ഇഞ്ചിക്കാലായിൽ ജിന്റോക്ക് വൈദികപട്ടം നൽകി.

30 പുന്നക്കുന്ന് ഇടവകയിൽവച്ച് ഡീക്കൻ കാഞ്ഞിരത്തിങ്കൽ ജോസഫ്, വെട്ടിയാനിക്കൽ വർഗീസ് എന്നിവർക്ക് തിരുപ്പട്ടം നൽകി. അതിനുശേഷം തോമാപുരത്ത് ഡീക്കൻ നടുവിലേക്കുറ്റ് ഒ.എസ്.ബിക്ക് പട്ടം നൽകി. പിന്നീട് തയ്യേനി, കാവുംതല, മണ്ഡപം എന്നീ ഇടവകകൾ സന്ദർശിച്ചു.

31 പടന്നക്കാട് ഡീക്കൻ കൊട്ടാരത്തിൽ ജോസഫിന് വൈദിക പട്ടം നൽകി. വൈകുന്നേരം തലശ്ശേരിയിൽവച്ച് നടന്ന ബൈബിൾ കലോത്സവത്തിന്റെ സമാപനസമ്മേളനത്തിൽ പങ്കെടുത്ത് അവാർഡുകൾ വിതരണം ചെയ്തു.

## 2017 ജനുവരി

01 കച്ചേരിക്കടവിൽവച്ച് ഡീക്കൻ മരോട്ടിപ്പാറ ജോസഫ് വി.സി.ക്ക് തിരുപ്പട്ടം നൽകി.

12 മണിക്ക് കരിക്കോട്ടക്കരിയിലെത്തി വി. അന്തോണീസിന്റെ നാമത്തിലുള്ള കപ്പേള ആശീർവദിച്ചു. പിന്നീട് 2.30ന് കരുവഞ്ചാലിൽവച്ച് മദ്യവിരുദ്ധസമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി അവാർഡ് ദാനചടങ്ങിൽ പങ്കെടുത്തു.

02 രാവിലെ 9 മണിക്ക് പേരാവൂരിൽവച്ച് ഡീക്കൻ റാത്തപ്പള്ളിൽ ജോസഫിന് വൈദികപട്ടം നൽകി.

03 രാവിലെ 9 മണിക്ക് പുല്ലടിയിൽവച്ച് ഡീക്കൻ എടത്തിനകത്ത് പോളിന്

തിരുപ്പട്ടം നൽകി. ഉച്ചകഴിഞ്ഞ് തോമാപുരത്ത്‌വച്ചു നടന്ന വൈസ് നിവാസ് ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

04 രാവിലെ 9 മണിക്ക് പെരുമ്പടവിൽ എം.സി.ബി.എസ്. സഭാംഗമായ ഡീക്കൻ ഫ്രാൻസീസ് പാലമൂട്ടിന് തിരുപ്പട്ടം നൽകി. ഉച്ചകഴിഞ്ഞ് പുതുതായി നിർമ്മിച്ച ചെമ്പേരി യു.പി. സ്കൂൾ കെട്ടിടം ആശീർവദിച്ചു.

05 രാവിലെ 9.30ന്, പുതുതായി നിർമ്മിച്ച ഉളിക്കൽ ഉണ്ണിമിശ്ഹാ ദൈവാലയം കൂദാശ ചെയ്തു.

06 രാവിലെ അതിരൂപതാ കേന്ദ്രത്തിൽവച്ച് സീറോമലബാർ പ്രേഷിതവാരം ഉദ്ഘാടനം ചെയ്തു.

07 രാവിലെ 9 മണിക്ക് ചരൾ ഇടവകയിൽവച്ച് എം.എസ്.എഫ്.എസ്. സഭാംഗമായ ഡീക്കൻ ജോബി പുളിച്ചമാക്കലിന് വൈദികപട്ടം നൽകി. ഉച്ചകഴിഞ്ഞ് 2.30ന് പുതുതായി പണിത പുന്നക്കുന്ന് സെന്റ് മേരീസ് ദൈവാലയം കൂദാശ ചെയ്തു.

08 വൈകുന്നേരം 4 മണിക്ക് പടന്നക്കാടെത്തി ഇടവകയുടെ സിൽവർ ജൂബിലിയോടനുബന്ധിച്ച് ബലി അർപ്പിക്കുകയും പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

09-14 സെന്റ് തോമസ് മൗണ്ടിൽവച്ച് നടന്ന സിനഡിൽ പങ്കെടുത്തു.

15 വൈകുന്നേരം 4 മണിക്ക് ആലക്കോട് ബൈബിൾ കൺവെൻഷനിൽ പങ്കെടുത്ത് ദിവ്യബലി അർപ്പിച്ച് വചനസന്ദേശം നൽകി.

16 നടവയലിൽ ബഹു. സി. ലില്ലി തെരേസ്, സി. സിസിലി എന്നിവരുടെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് ദിവ്യബലി അർപ്പിച്ചു. വൈകുന്നേരം തളിപ്പറമ്പിൽവച്ച് നടന്ന ഫൊറോന മാസധ്യാനത്തിൽ പങ്കെടുത്തു.

17 തളിപ്പറമ്പ് ഫൊറോനാ മാസധ്യാനത്തിൽ പങ്കെടുത്ത് ബഹു. വൈദികരോടൊപ്പം സമൂഹബലി അർപ്പിക്കുകയും സന്യസ്തരെയും വൈദികരെയും കാണുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് 5.30ന് പടുപ്പിലെത്തി സാൻജിയോ സ്കൂളിന്റെ പുതിയ കെട്ടിടം ആശീർവദിച്ചു.

18 അതിരൂപതാകേന്ദ്രത്തിൽവച്ച് രൂപതയുടെ വിവിധ ഭാഗങ്ങളിൽനിന്ന് വന്ന സന്ദർശകരെ സ്വീകരിച്ചു.

19 രാവിലെ 9 മണിക്ക് ആലക്കോട് വച്ച് ഡീക്കൻ ജോസഫ് ഞൊണ്ടിമാക്കൽ എസ്.ജെക്ക് വൈദികപട്ടം നൽകി. പിന്നീട് കരുവഞ്ചാലിലെത്തി

ശാന്തിഭവൻ സന്ദർശിച്ച് വൈദികരെ കണ്ടു. വൈകുന്നേരം ചെമ്പേരി വിമൽജ്യോതി കോളേജ് സന്ദർശിച്ചു.

20 രാവിലെ 11 മണിക്ക് പിലാത്തറ കൺവെൻഷനിൽ പങ്കെടുത്ത് ദിവ്യബലി അർപ്പിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു. വൈകുന്നേരം 4.30ന് മാനടുക്കം ഇടവകയുടെ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ദിവ്യബലി അർപ്പിക്കുകയും പൊതുസമ്മേളനത്തിന് അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

21 രാവിലെ 9 മണിക്ക് പേരാവൂരെത്തി ബഹു. ജെയ്സൺ ആനിക്കാത്തോട്ടത്തിൽ അച്ചന്റെ വത്സലപിതാവിന്റെ ശവസംസ്കാരശുശ്രൂഷക്ക് വീട്ടിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. 10.30ന് സന്ദേശഭവനിൽവച്ച് നടന്ന സ്വാശ്രയ കോളേജ്, സ്കൂൾ മാനേജർമാരുടെ മീറ്റിംഗിൽ പങ്കെടുത്തു.

# Programme of the Archbishop Mar George Njaralakatt

## February - 2017

| | | | |
|---|---|---|---|
| 01 | | - | Visitors' day |
| | evening | - | New Priests' Gathering |
| 02 | | - | Priests' day |
| | 4.30pm | - | Kannur St. Michael School |
| 03 | 4.00pm | - | Rayarome School blessing |
| 04 | morning | - | Mananthavady |
| | evening | - | Kannur |
| 05 | | - | Pastoral Visit |
| 06 | | - | Angadikadavu |
| | evening | - | Cherupuzha : Forane Monthly Recollection |
| 07 | morning | - | Cherupuzha : ,, |
| | evening | - | Alakode : ,, |
| 08 | morning | - | Alakode : ,, |
| | evening | - | Marygiri : ,, |
| 09 | morning | - | Marygiri : ,, |
| 10 | | - | Kunnoth GSMS : Seminary Commission |
| 11 | | - | Kallody |
| 12 | | - | Paduppu |
| 13-14 | | - | Thomapuram : Forane Monthly Recollection |
| 15 | | - | Visitors' day |
| 16 | | - | Priests' day |
| 17-18 | | - | Kutturapady |
| 19 | | - | Pastoral Visit |

| | | |
|---|---|---|
| 20-21 | - | Panathady : Forane Monthly Recollection |
| 21-22 | - | Kanjangad : ,, |
| 22-23 | - | Vellarikundu : ,, |
| 25 4.00pm | - | Thomapuram : Convention |
| 26 | - | Kallurutty |
| 27 | - | Thalassery Cathedral : Ash Monday |
| 28 6.45 | - | Pariyaram : SMS |

## March - 2017

| | | |
|---|---|---|
| 01 | - | Visitors' day |
| 02 | - | Priests & Sisters : Till Noon |
| Afternoon | - | Iritty |
| 04 | - | Thaliparamba |
| 05 | - | Pastoral Visit |
| 07 | - | Thalassery : Sandesabhavan - Archdiocesan Catechetical Committee |
| 08 | - | Visitors' day |
| 09 | - | Priests & Sisters |
| 11 | - | Pastoral Council |
| 12 | - | Pastoral Visit |
| 13 | - | Thalassery : Minor Seminary |
| 15 | - | Visitors' day |

**Secretary to the Archbishop**

❖❖❖

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### 2016 ഡിസംബർ

22 കണ്ണൂർ ദീപിക ഓഫീസിന്റെ പുതിയ ബ്ലോക്കിന്റെ വെഞ്ചരിപ്പ്കർമ്മങ്ങളിൽ വൈകുന്നേരം 5 മണിക്ക് പങ്കെടുത്തു. 7ന് ശേഷം തലശ്ശേരി സന്ദേശഭവനിൽ സംഘടിപ്പിച്ച ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുത്ത് ആശംസയർപ്പിച്ചു.

24 രാത്രി 12 മണിക്ക് ചീക്കാട് ഉണ്ണിമിശിഹാ ദൈവാലയത്തിൽ തിരുപ്പിറവിയുടെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

26 എടൂർ ഫൊറോനാ ദൈവാലയത്തിൽ രാവിലെ 9 മണിക്ക് ഡീക്കൻ ഫിലിപ്പ് പാറടി സിഎസ്റ്റിക്ക് പൗരോഹിത്യപട്ടം നൽകി. ഉച്ചകഴിഞ്ഞ് അതിരൂപതാ വൈദികരായ ഫാ. ജോർജ് കുടിലിൽ, ഫാ. സെബാസ്റ്റ്യൻ പൗവ്വത്തിൽ എന്നിവരുടെ ഭവനങ്ങൾ സന്ദർശിച്ചു.

27 തളിപ്പറമ്പ് ഫൊറോനാ ദൈവാലയത്തിൽ രാവിലെ 9 മണിക്ക് ഡീക്കൻ ഡെന്നീസ് നെല്ലിത്താനത്തിന് പൗരോഹിത്യപട്ടം നൽകി. ഉച്ചക്ക് 12.30ന് വായാട്ടുപറമ്പിൽ ഫാ. ജോസ് തൈക്കുന്നുംപുറത്തിന്റെ പൗരോഹിത്യ സിൽവർ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് ആശംസാപ്രസംഗം നടത്തി. വൈകുന്നേരം 4 മണിക്ക് ചെറുപാറ ദൈവാലയത്തിൽ നിര്യാതനായ ഔസേപ്പച്ചൻ തോണിപ്പാറയുടെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

28 രാവിലെ 9 മണിക്ക് പെരിങ്കരി ദൈവാലയത്തിൽ ഡീക്കൻ ഫിലിപ്പ് കുമ്പക്കാട്ട് എംസിബിഎസിന് പൗരോഹിത്യപട്ടം നൽകി.

29 രാവിലെ 9 മണിക്ക് അട്ടേങ്ങാനം ഇടവകയിൽ ഡീക്കൻ കുര്യാക്കോസ് പുതുക്കുളങ്ങര, ഡീക്കൻ തോമസ് കാനക്കാട്ട് വിസി എന്നിവർക്ക് പൗരോഹിത്യപട്ടം നൽകി. തുടർന്ന് അട്ടക്കണ്ടം ദൈവാലയം, സ്നേഹഗിരി ആശ്രമം, പരപ്പ സവീന കോൺവെന്റ് എന്നിവിടങ്ങൾ സന്ദർശിച്ചു.

30 നടുവിൽ ദൈവാലയത്തിൽ രാവിലെ 9 മണിക്ക് ഡീക്കൻ നെൽസൺ മുക്കാട്ടുകുന്നേൽ വിസിക്ക് പൗരോഹിത്യപട്ടം നൽകി. ഉച്ചക്ക് 12 മണിക്ക് കിളിയന്തറയിൽ നിര്യാതനായ മാത്തുക്കുട്ടി കുന്നപ്പള്ളിയുടെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം 4 മണിക്ക് പരിയാരം സ്നേഹഗിരി പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.

31 ഹൊസംഗടി ദൈവാലയത്തിൽ രാവിലെ 9 മണിക്ക് ഡീക്കൻ സെബാസ്റ്റ്യൻ തുണ്ടത്തിൽ സിഎസ്റ്റിക്ക് പൗരോഹിത്യപട്ടം നൽകി.

## 2017 ജനുവരി

02 കാഞ്ഞിരക്കൊല്ലി ദൈവാലയത്തിൽ ഡീക്കൻ ചാക്കോച്ചൻ ആടുകുഴിയിൽ Sch.P ക്ക് പൗരോഹിത്യപട്ടം നൽകി

06 വൈകുന്നേരം 4.30ന് വേനപ്പാറ ദൈവാലയത്തിൽ ഫാ. ആന്റണി പുരയിടം അച്ചന്റെ പൗരോഹിത്യ ജൂബിലി കുർബാനയിൽ പങ്കുചേരുകയും പിന്നീട് നടന്ന അനുമോദനയോഗം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

07 രാവിലെ 10.30ന് എടപ്പള്ളി ദൈവാലയത്തിൽ അയനംകോട്ടിൽ അനിക് ബല്ലാർമിന്റെയും ആൻമരിയ വെട്ടിക്കലിന്റെയും വിവാഹം ആശീർവദിച്ചു.

09 രാവിലെ 9 മണിക്ക് എലോക്കര പ്രസന്റേഷൻ നോവിഷ്യേറ്റ് ഹൗസ് സന്ദർശിച്ചു. രാവിലെ 10 മണിക്ക് പുതുപ്പാടി ദൈവാലയത്തിൽ ജോർജ് തുണ്ടിക്കുഴിയുടെയും റോസമ്മ പുനത്തിലിന്റെയും വിവാഹം ആശീർവദിച്ചു.

10-13 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ബിഷപ്സ് സിനഡിൽ പങ്കെടുത്തു.

14 ഉച്ചകഴിഞ്ഞ് 3 മണിക്ക് കരുവഞ്ചാൽ ഇടവകയിൽ നിര്യാതയായ മുതുപാറകുന്നേൽ റോസമ്മയുടെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം 4.30ന് പുന്നക്കുന്ന് ഇടവക ദൈവാലയത്തിൽ തിരുനാൾ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

15 ഉളിക്കൽ ദൈവാലയത്തിൽ രാവിലെ 10 മണിക്ക് തിരുനാൾ കുർബാനയർപ്പിക്കുകയും ഇടവക നിർമ്മിച്ച് നൽകിയ വീടിന്റെ താക്കോൽ ദാനം നിർവ്വഹിക്കുകയും ചെയ്തു. വൈകുന്നേരം 3.30ന് മേരിക്കുന്നിൽ നിര്യാതനായ ഫാ. ഫിലിപ്പ് ആറ്റുകടവിൽ സിഎംഐയുടെ മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

17 രാവിലെ 10 മണിക്ക് കാവുംതല ഇടവകയിൽ നിര്യാതയായ ബ്രിജിത്ത് വെട്ടിക്കാട്ടിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് വീട്ടിൽ നേതൃത്വം നൽകി. വൈകുന്നേരം 5 മണിക്ക് കുളത്തുവയൽ ഇടവക ദൈവാലയത്തിൽ തിരുനാൾ കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും സ്കൂൾ വാർഷികം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

## Programme of the Archbishop Emeritus Mar George Valiamatttam

## February - 2017

03 - Ammamkulam

04 - Kulathuvayal

05 - Padimaruthu

09 - Ordination : Kanjirakolly

11 - Kodanchery

**Secretary to the Archbishop Emeritus**

❖❖❖

21 പേരാവൂർ ഇടവകയിൽ നിര്യാതനായ ആനിക്കാത്തോട്ടം വർക്കിയുടെ മൃതസംസ്കാരകർമ്മങ്ങൾക്ക് രാവിലെ 10 മണിക്ക് ഭവനത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. ഉച്ചക്ക് 12 മണിക്ക് പൈസക്കരി ഇടവകയിൽ നിര്യാതനായ എംഎസ് തോമസ് മൂഴിയിലിന്റെ മൃതസംസ്കാരകർമ്മ ങ്ങൾക്ക് നേതൃത്വം നൽകി. വൈകുന്നേരം 4 മണിക്ക് കാസർഗോഡ് ജെയ്മാതാ സീനിയർ സെക്കണ്ടറി സ്കൂൾ രജതജൂബിലി ആഘോഷ ങ്ങളുടെ സമാപനത്തിലും സി. തെരസിറ്റാ SABS-ന്റെ യാത്രയപ്പ് സമ്മേ ളനത്തിലും അദ്ധ്യക്ഷസ്ഥാനം അലങ്കരിച്ചു. രാത്രി 9 മണിക്ക് കാഞ്ഞ ങ്ങാട് പത്മ ക്ലീനിക്കിൽ രോഗാവസ്ഥയിൽ കഴിയുന്ന ജോൺ വയലിങ്ക ലിനെ സന്ദർശിച്ചു.